# ശരശൻ


... ... ...
മലയിൻകീഴ്




സ്വന്തം തണ്ടിൽ

nP. 25

## ആരോഗ്യവും നിത്യ യൗവ്വനവും കാംക്ഷിക്കുന്നവർ

ആരോഗ്യസംവർദ്ധക ഔഷധങ്ങളിൽ അഗ്രിമമായ ഞങ്ങളുടെ സുപ്രസിദ്ധ

# "മൃഗമദാദി രസായനം"



തന്നെ സേവിക്കുക. ശരീരത്തെ സവിശേഷം പുഷ്ടിപ്പെടുത്തും. അടി, ഇടി, വീഴ്ച ഇവകളാൽ സംഭവിക്കുന്ന കേടുപാടുകൾ പോക്കും. ശരീരശോഷം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം, മലബന്ധം ഇവകളെ ശമിപ്പിക്കാൻ നല്ലത്.

**പ്രസവരക്ഷയ്ക്കു് അത്യുത്തമം.**

സ്ത്രീപുരുഷഭേദമെന്യേ ഏവർക്കും സേവിക്കാം.

വില റാത്തൽ 1-ക്കു 5 രൂ. 75 ന:പൈസാ

സ്റ്റോക്കിസ്റ്റന്മാർ:- 1 മെ: രാജൻ മെഡിക്കൽ സ്റ്റോഴ്സ്, പുത്തൻചന്ത, തിരുവനന്തപുരം, 2 മാതേവൻ മെഡിക്കൽ സ്റ്റോഴ്സ്, ചെന്തിട്ട, തിരുവനന്തപുരം-3. 3. ചന്ദ്രികാ മെഡിക്കൽ സ്റ്റോർ, ഉള്ളൂർ, തിരുവനന്തപുരം 4. ഗോപി & കമ്പനി, മെയിൻറോഡ്, മാർത്താണ്ഡം. 5. എൻ തിരവിയം, കെമിസ്റ്റ്, നാഗർകോവിൽ 6 വെസ്റ്റേൺ മെഡിക്കൽ സ്റ്റോഴ്സ്, ചിന്നക്കട, കൊല്ലം, 7 ജി. ദാമോദരൻ, കെമിസ്റ്റ്സ്, കടയ്ക്കാവൂർ 8 കമലാ മെഡിക്കൽ സ്റ്റോഴ്സ്, കുന്നിക്കോട് 9. ജൂപ്പിററർ മെഡിക്കൽ സ്റ്റോഴ്സ്, കായംകുളം 10 പരീതുകുഞ്ഞ് & സൺസ്, മർച്ചൻറ്സ്, പുനലൂർ 11 :പി. കെ. രാഘവൻപിള്ള, മർച്ചൻറ്, കണ്ടറ 12. ശശി മെഡിക്കൽ സ്റ്റോഴ്സ്, കഴക്കൂട്ടം 13. കെ. റ്റി. ജോർജ് & സൺസ്, തിരുവല്ലാ 14. സി. ജെ, ജോൺ & കമ്പനി, കെമിസ്റ്റ് ,വൈക്കം. 15 പ്രഭാത മെഡിക്കൽ സ്റ്റോഴസ്, ചെങ്ങന്നൂർ. 17, പി, എസ്സ് കെ, സ്റ്റോഴ്സ്, മുണ്ടക്കയം 18. കളരിക്കൽ മെഡിക്കൽ സ്റ്റോഴ്സ്, കോട്ടയം. 19, മെഡോണാ എമ്പോറിയം, ചങ്ങനാശ്ശേരി 20 യുണൈററഡ് മെഡിക്കൽ സ്റ്റോഴ്സ്, ചങ്ങനാശ്ശേരി, 21.. പുലമൺ മെഡിക്കൽ സ്റ്റോഴ്സ്, പുലമൺ ജംഗ്ഷൻ, കൊട്ടാരക്കര. 22. എസ്സ്. ഡി. വി. എ, ഫാർമസി, അടൂർ. 23. ബാലു മെഡിക്കൽ സ്റ്റോഴ്സ്, വടക്കൻപറവൂർ 24, പ്രമീളാ സ്റ്റോഴ്സ്, കാച്ചിറ 25. ജനതാ സ്റ്റോഴ്സ്, കരുനാഗപ്പള്ളി. 26. അബ്ദുൽറസാക്ക്, മർച്ചൻറ്, ചവറ 27. പോപ്പുലർ മെഡിക്കൽ സ്റ്റോഴ്സ്, വർക്കല. 28. എം. പി, ജോസഫ്, മരുന്നുവ്യാപാരം, ചാത്തന്നൂർ 29. പി. സി. ശേഖർ, മർച്ചൻറ്, നെയ്യാററിൻകര, 30. എം. അബ്ദുൽറഹീം, മർച്ചൻറ്, ബാലരാമപുരം 31. ബാലാ & ബ്രദേഴ്സ്, മെഡിക്കൽ സ്റ്റോഴ്സ്, പാറശ്ശാല. 32. ന്യൂ കൊളംബോ ഫാർമസി, പത്തനംതിട്ട. 33. കേരളാഫാർമസി, നെടുമങ്ങാട്.34 ശ്രീചിത്രാമെഡിക്കൽസ്റ്റോർ, അഞ്ചൽ, 35. പി. കെ. രാഘവൻപിള്ള, കെമിസ്റ്റ്, മുക്കട, കണ്ടറ.

വി. പി. ഏർപ്പാടിനു് ഞങ്ങൾക്കെഴുതുക—

വി. പി. ചാർജ്ജ് 1 രൂ 95 ന: പൈസാ.

ഫോൺ 586

**മാനേജർ, എസ്സ്. ഡി. ഫാർമസി, മുല്ലയ്ക്കൽ-ആലപ്പുഴ.**

(Alleppey P. O.)

ബ്രാഞ്ചുകൾ— അമ്പലപ്പുഴ, ചേർത്തല, കുത്തിയതോട്, പാലാ, എടത്വാ, തോപ്പുംപടി (കൊച്ചി), തൊടുപുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം മട്ടാഞ്ചേരി (കൊച്ചി) :എറണാകുളം.



EDITED PRINTED & PUBLISHED BY R. MADHAVAN PILLAI AT THE SARASAN PRESS, CHANGANACHERRY

ശ്രീ കൃഷ്ണ വിലാസം ഗ്രന്ഥശാല, മലയിൻകീഴ്
9.5.60
6884
M774

# സരസൻ

(വിനോദമാസിക)

| പുസ്തകം 16 | ചങ്ങനാശേരി — 1960, മേയ് | ലക്കം 1 |
|---|---|---|

## തിരപ്പുറപ്പാട്

### നെഹ്റു-ചൗ-സംഭാഷണം

ഇന്ത്യയുടെ അതൃത്തിത്തർക്കത്തെ സംബന്ധിച്ച് ചൈനയുടെയും ഇന്ത്യയുടെയും പ്രധാനമന്ത്രിമാർ തമ്മിൽ ഈയിടെ ഡൽഹിയിൽവച്ചു നടന്ന സംഭാഷണം നിരാശാപരമായി കലാശിച്ചെന്നറിയുന്നതിൽ ഞങ്ങൾക്ക് അതിയായ ഖേദമുണ്ട്. അൽപ്പസ്വൽപ്പം വല്ല വിട്ടുവീഴ്ചകളും ചെയ്തിട്ടായാലും വേണ്ടില്ല; അതു് ഒത്തുതീർപ്പിലെത്തിക്കുന്നതിനുപകരം ഉഭയകക്ഷികളും ഒരേ ലവലിൽത്തന്നെ നിൽക്കുകയാണ്. അക്രമം പ്രവത്തിച്ചതു് ഇന്ത്യയാണെന്നു് ചൈനായും, അതല്ല ചൈനയാണെന്നു് ഇന്ത്യയും വാദിക്കുന്നു. ഭൂമിശാസ്ത്രപരമായും ചരിത്രപരമായും ആ സ്ഥലം ഇന്ത്യയ്ക്കുള്ളതാണെന്നു് എല്ലാവക്കുമറിയാം. ഇൻഡ്യയിൽ വന്നിട്ടുള്ള വിദേശികൾക്കും, ഇവിടെനിന്നുപോയിട്ടുള്ള സ്വദേശികൾക്കും പരക്കെ ഉത്തമബോദ്ധ്യമുള്ള ഒരു കാര്യമാണതു്. എങ്കിലും ചൈന തിരിഞ്ഞുനിൽക്കുകയാണ്. ഈ വിദേശീയാക്രമണത്തിൻെറ പിന്നിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ കറുത്തകൈയ് ഇല്ലെന്നു് അവർ ആവത്തിച്ചാവത്തിച്ചു വിളിച്ചുപറയുന്നതിൻെറ സവിശേഷതയാണു് ഇതിൽനിന്നു തെളിയുന്നതു്. 'ആങ്ങള മരിച്ചാലും വേണ്ടില്ല നാത്തൂൻെറ കണ്ണുനീരു കാണണമെന്നാണു്' അവരുടെ മോഹം. അതൃത്തിപ്രശ്നസംബന്ധമായി ദീർഘമായ കൂടിയാലോചന നടന്നെങ്കിലും പ്രശ്നത്തിൻെറ അടുത്തെങ്ങും ചെന്നെത്തത്തക്കവണ്ണമുള്ള സംഭാഷണം ഇതേവരെ ഉണ്ടായിട്ടില്ലത്രെ. ഇൻഡ്യയുടെ ഭാഗത്തുനിന്നു് പഞ്ചശീലം, മൈത്രി, യുദ്ധം ഒഴിവാക്കൽ ഇങ്ങനെ മൂന്നു വാക്കുകൾ പലവുരു പ്രയോഗിച്ചു. ചൈനാ അതിൽ അൽപ്പംകൂടി കടത്തിവച്ചു. "സഹാനുഭൂതി, സഹവത്തിത്വം, സന്തോഷപ്രദം, സൗമനസ്യം, സഹിഷ്ണുതാ മനോഭാവം, എന്നിങ്ങനെ സകാരപഞ്ചമത്തിലായിരുന്നു അവരുടെ പ്രയോഗം. ഒരു വിധത്തിൽ പറഞ്ഞാ



ൽ അതായിരിക്കാം അവരുടെ പഞ്ചശീലം! ഇനി പീക്കിങ്ങിൽവച്ച് മറെറാരു സംഭാഷണത്തിനു കളമൊരുക്കിയിട്ടാണ് ഇപ്പോഴത്തെ സംഭാഷണമവസാനിപ്പിച്ചതു്. അന്നും ഈ പഞ്ചശീല പിഴിഞ്ഞും, പഞ്ചവത്സരപദ്ധതിയുടെ പഞ്ചാരവാക്കുകൾ ഉരുവിടാതെ സംഗതികൾ നടപ്പുണ്ടാക്കിയിരുന്നെങ്കിൽ മതിയായിരുന്നു. അല്ലെങ്കിൽ ഇന്നു ഹിമാലയം, നാളെ ഇൻഡ്യാ—അങ്ങനെ പോകും ചൈനാവാദം. എന്തായാലും ഒരു നേരിയ ശുഭപ്രതീക്ഷയോടെ ഇൻഡ്യൻജനത രണ്ടാംസംഭാഷണപരിസമാപ്തി വിശ്വസിച്ചിരിക്കുകയാണ്.

## മന്ത്രിമാരുടെ സർക്കീട്ട്

കേരളമന്ത്രിമാരോട് ഞങ്ങൾക്കു പലകാര്യത്തിലും രമ്യതയുണ്ടെങ്കിലും അതിലധികം കാര്യങ്ങളിൽഎതിർപ്പുണ്ടെന്നു പറയാതെ നിവൃത്തിയില്ല. അതിലൊന്നാണ് അവരുടെ സർക്കീട്ടുപരിപാടി വേണ്ടുന്നതിനും വേണ്ടാത്തതിനുമെല്ലാമുള്ള അവരുടെ ഈ ഓടിനടപ്പ് ഒരു സൊല്ലയായി തീർന്നിരിക്കുകയാണ്. പൊതുമുതൽ ഇങ്ങിനെ സർക്കീട്ടുബില്ലിൽകൂടി ചോർത്തി എടുക്കുന്ന തെററ് ഒരുവശേ, സ്റ്റേററുകാറുമൂലം വഴിയേ പൊതുജനങ്ങൾക്കു നടക്കാൻവയ്യെന്നുള്ള അവസ്ഥ മറെറാരുവശേ. ഇതൊന്നും പോരാ, ഏതെങ്കിലും പൂട്ടുകടയോ കള്ളുഷാപ്പോ അവർ ഉൽഘാടനം ചെയ്യുന്നതിനെ സംബന്ധിച്ച് പത്രക്കാർ നിരത്തുന്ന "മത്തങ്ങാ"യും "വെണ്ടയ്ക്കാ"യും മുഴുവൻ നാട്ടുകാർ വായിക്കുകയും വേണമെന്നുള്ള ഗതിയാണിന്നു വന്നിട്ടുള്ളതു്. തീരെ നിവൃത്തിയില്ലാത്ത കാര്യത്തിനല്ലാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ വെളിയിലിറങ്ങുന്നതു് നാണക്കേടാണ്. അതുകൊണ്ട് ഈ ചുമ്മാനടപ്പുമാറ്റും മാററിവച്ചിട്ട് കാര്യത്തിനു വല്ല നടപ്പുമാറ്റവുമുണ്ടെങ്കിൽ ന്നാക്കണമെന്ന് ഞങ്ങളവരെ ഗുണദോഷിക്കുന്നു. മറെറാന്നുംകൊണ്ടല്ല ഒരു ഗുണംവരാനുള്ള വഴി പറഞ്ഞെന്നേയുള്ളു.




കലർപ്പില്ലാത്ത
★ പ്രകാശ് ★
നാടൻ നല്ലെണ്ണ
ഡിപ്പോ—
മുല്ലയ്ക്കൽ :: ആലപ്പുഴ.
ഫോൺ നമ്പർ 644.


## 11-ാം വകുപ്പ്.

വിദ്യാഭ്യാസബില്ലിൻെറ പേരിൽ മുൻഗവർമ്മെൻറ് ഇവിടെ നിക്ഷേപിച്ചിട്ടുപോയ ഒരു കൈബോംബ് അഴിച്ചുനോക്കാനൊ, എടുത്തു മാററാനൊ നിവൃത്തിയില്ലാതെ മന്ത്രിസഭ ശ്വാസംവലിക്കുന്നതായി ഞങ്ങൾക്കറിയാം. ചിലപ്പോൾ കേൾക്കാം അതു സമഗ്രമായി ഒഴിച്ചുപണി നടത്താൻ ആലോചിച്ചുവരുന്നെന്ന്. ചിലപ്പോൾ അതിലെ ഉപദ്രവകരമായ ചില വകുപ്പുകൾ (11-ാംവകുപ്പും മററും) മാത്രം മാററിവച്ചിട്ട് മററുള്ളതു് അൽപ്പസ്വൽപ്പ ഭേദഗതികളോടുകൂടി നടപ്പിലാക്കാൻ പോകുന്നെന്ന്. പക്ഷെ ഇതൊന്നും നടക്കുന്ന ലക്ഷണമാണെന്നു തോന്നുന്നില്ല. പരമശിവൻെറ കഴുത്തിലുറച്ച കാളകൂടംപോലെ അകത്തേയ്ക്കും പുറത്തേക്കുമില്ലാതെ അതങ്ങിനെ ഉറച്ചുകഴിഞ്ഞെന്നാണ് ഞങ്ങളുടെ സംശയം. ശരിയോ തെറേറാ എന്തോ?

....0....

# വി. വി. ഗിരി വരുമോ?

[രാമകൃഷ്ണറാവുവിനു പകരം കേരളാഗവർണ്ണറായി നിയമിച്ചിരിക്കുന്ന വി. വി. ഗിരി ഉദ്യോഗം സ്വീകരിക്കുമോ എന്ന കാര്യം സംശയത്തിലാണ്. ആസ്സാമിലെ അദ്ദേഹത്തിന്റെ വസതിയുടെ മുററത്തുവച്ചുനടന്ന ഒരു കോലാഹലമാണ് സംശയത്തിനു കാരണം]

"അച്ഛാ അച്ഛാ ദേ ഇതു നോക്കിയേ, ആരുതന്നതാണെന്നു പറയാമോ?"

ആസാമിലെ മലകളിൽനിന്നും കേരളത്തിലെ കൽപ്പകകേദാരത്തിലേക്കു സ്ഥലംമാററത്തിനുള്ള ഉത്തരവും പോക്കററിലിട്ടുകൊണ്ട് ആഫീസിൽ നിന്നും താമസസ്ഥലത്തു ചെന്നുകയറിയ വി. വി. ഗിരിയോട് അദ്ദേഹത്തിന്റെ മൂന്നാമത്തെ മകൾ പറഞ്ഞ വാചകമാണ് മുകളിലെഴുതിയിരിക്കുന്നത്. വി. വി. ഗിരി ആ കൊച്ചു കുട്ടിയുടെ കയ്യിൽ മുറുക്കിപ്പിടിച്ചിരിക്കുന്ന പൊതിയിലേക്കു നോക്കി. അതിനുള്ളിൽ എന്താണെന്നു് അറിയാൻ മാർഗ്ഗമൊന്നുമില്ല. അതാരു കൊടുത്തതാണെന്നറിയുവാൻ തീർച്ചയായും ബാഹ്യസൂചന കിട്ടുകയില്ല. ആസ്സാമിലെ ഏതെങ്കിലും രാഷ്ട്രീയനേതാവിന്റെ പാരിതോഷികമായിരിക്കാനാണ് ഇടയുള്ളത് അദ്ദേഹം അനുനയത്തിൽ ആരംഭിച്ചു.

എന്താ അതിൽ?

ആംകാ ഫൽ!

ആരാ തന്നതു്?

ഒരു സുന്ദരൻ.

എന്തു പ്രായം?

എന്നും പതിനാറു വയസ്സ്!

എവിടത്തുകാരൻ?

അതാണച്ഛൻ പറയേണ്ടതു്?

ഞാൻ തോററു. ഇനി മകൾ പറഞ്ഞേ!

അച്ഛന് എങ്ങോട്ടാ സ്ഥലംമാററം?

കേരളത്തിലേക്ക്.

അവിടെ ആരേ അറിയാം?

ആരേം അറിഞ്ഞുകൂടാ.

എന്നാൽ എനിക്കറിയാം.

ആരേരേ—?

അവിടത്തെ മുഖ്യമന്ത്രിയെ!

എങ്ങനെ?

അൽപ്പം മുമ്പിവിടെ വന്നിരുന്നു.

അതാണോ സുന്ദരൻ? എന്നും പതിനാറു വയസ്സ്?

അതേ, ആ നാട്ടിൽ ഞാനും വരുന്നു, അമ്മേം.

നിനക്കു പിരി അയവാ! എന്നും പതിനാറു വയസ്സോ?

അങ്ങേരു പറഞ്ഞതാ— കണ്ടാലും തോന്നും.

കേരളമുഖ്യമന്ത്രിക്കു പതിനാറു വയസ്സോ?

ദേ ഇൗ പൊതിയ്ക്കകത്തുള്ള പഴം തിന്നിട്ടാ അങ്ങനെ!!

നിഷ്ക്കളങ്കയായ ആ കുമാരി പൊതിയഴിച്ച് ഒരു കിളിച്ചുണ്ടൻമാമ്പഴം കാണിച്ചു. കേരളത്തിൽ ധാരാളമുണ്ടെന്നും അതു തിന്നുന്നവരെല്ലാം എന്നും പതിനാറുവയസ്സായിരിക്കുമെന്നും അതു സമ്മാനിച്ച ആൾ വിവരിച്ചതായും അവൾ സമ്മതിച്ചു.

കേരളത്തിൽ എല്ലാവർക്കും പതിനാറു വയസ്സാണോ?

ഇൗ പഴം തിന്നുന്നവർക്കെല്ലാം.

തിന്നാത്തവരുമുണ്ടോ?

ഉണ്ട്. ചിലക്കൊന്നും ഇതിന്റെ ഗുണം അറിഞ്ഞുകൂടാ.

ഇൗ അവസരത്തിൽ തലയിൽ ഒരു വട്ടിക്കെട്ടുമായി ഒരാൾ വന്നുകയറി. കെട്ടിന്റെ ഭാരംകൊണ്ടോ എന്തോ അയാൾ അൽപ്പം കുനിയിരുന്നു. വയസ്സ് എഴുപത്തഞ്ചു കഴിയും.

ഗവർണ്ണരേമാനുണ്ടോ ഇവിടെ—?

ഉണ്ടല്ലോ: ഞാൻതന്നെ! എന്തു വേണം?

ഇൗ വട്ടിക്കെട്ട് അങ്ങകത്തെടുപ്പിക്കണം.

നിങ്ങളേതാ?

ഞാൻ കേരളമുഖ്യമന്ത്രിയാ?

വട്ടിക്കെട്ടിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന പെൺകുട്ടി പെട്ടെന്നു് കെട്ടിന്റെ വാഹകന്റെനേരേ ദൃഷ്ടിപായിച്ചു.

കള്ളം! പച്ചക്കള്ളം!!

എന്താ കള്ളം?

എല്ലാം കള്ളം! ഇങ്ങേരു കേരളത്തുകാരനേ അല്ല.

നീ എങ്ങനെ നിശ്ചയിച്ചു?

ഇങ്ങേരു മുതുക്കനാ, കഷണ്ടിയാ.

ആ പെൺകുട്ടി ഒരു വശത്തും, വട്ടിക്കെട്ടുകാരനും വി. വി. ഗിരിയും മ



രുവശത്തുമായി അങ്ങനെ കുറേനേരം വാദിച്ചു. വട്ടിക്കെട്ടുകാരന് വല്ലാത്ത ദേഷ്യംവന്നു. പക്ഷേ അതു പ്രകടിപ്പിക്കുന്നതു് അപകടമാണെന്നു് അയാൾക്കറിയാം. അയാളുടെ ശുണ്ഠികണ്ടു രസംകേറിയ പെൺകൊച്ചു് വീണ്ടും കലികൂട്ടാനുള്ള ചോദ്യങ്ങൾ തുടങ്ങി.

വട്ടിയിലെന്താ?

കുറച്ചു പഞ്ചാരയാ.

അയ്യയ്യാ ഇവിടെന്തിനാ പഞ്ചാര?

വി. വി. ഗിരിക്കും ആ കാര്യത്തിൽ അതേ അഭിപ്രായമായിരുന്നു. കേരളത്തിൽ പഞ്ചാരയില്ലെങ്കിലും ആസ്സാമിൽ അതിനു ക്ഷാമമൊന്നുമില്ല. ഇത്ര ദൂരം അതു കൊണ്ടുചെല്ലത്തക്കവിധം അതു കൗതുകവസ്തുവുമല്ല. എങ്കിലും വയസ്സന്റെ വയസ്സിനെ മാനിച്ചു് ഗിരി ആ വട്ടിക്കെട്ടു താങ്ങിയിറക്കി.

മൂപ്പിലെ പേരെന്താ?

മുഖ്യമന്ത്രി.

ഉദ്യോഗപ്പേരല്ലാ സ്വന്തം പേരാ ചോദിച്ചതു്?

മുഖ്യമന്ത്രിയായിട്ടാ ജനിച്ചതു്, അതുതന്നെയാ പേരും!!

വി. വി. ഗിരിയും പെങ്കൊച്ചും കേട്ടുനിന്നവരും കടകടാ ചിരിച്ചുപോയി. എങ്കിലും വയസ്സനു കൂസലൊന്നും ഉണ്ടായില്ല. അയാൾ പറഞ്ഞതു ശരിയാണെന്നുള്ള ധൈര്യത്തിൽ അയാൾ ഉറച്ചുനിന്നു.

മൂപ്പിലു് കൊച്ചുന്നാളിൽ സ്കൂളിൽ പഠിച്ചിട്ടുണ്ടോ?

ഉണ്ടു്, കോളേജിലും പഠിച്ചതാ.

അവിടെ എന്തായിരുന്നു പേരു്?

മുഖ്യമന്ത്രി!!!

വീണ്ടും പൊട്ടിച്ചിരിയുടെ കോലാഹലമായി. പെങ്കൊച്ചിന്റെ തള്ളയും മററു പിള്ളേരും അവിടത്തെ വേലക്കാരും ഓടിക്കൂടി.

ഈ അവസരത്തിലാണു് ഒരു ചെറുപ്പക്കാരൻ അവിടെ വന്നുകയറിയതു്. പെങ്കൊച്ചു് ഓടിച്ചെന്നു് അയാളെ സ്വാഗതംചെയ്തു

'ഇതാ ഇങ്ങേരാ കേരളാമുഖ്യമന്ത്രി'

വട്ടിക്കാരൻ നിയന്ത്രണംപൊട്ടി ചെറുപ്പക്കാരന്റനേരേ കുതിച്ചു ഗിരി ഇടപെട്ടില്ലായിരുന്നെങ്കിൽ ആകെ അലമ്പംഗളമാകുമായിരുന്നു. ഗവർണറുടെ മുററത്തുവച്ചു് അടിപിടിനടന്നാൽ അതു പത്രത്തിൽ വരും. അടിക്കുന്നവർക്കല്ലാ ഗവർണർക്കാ കുറവു്. പത്രപ്രതിനിധികളാരും അടുത്തില്ലാതിരുന്നതു ഭാഗ്യമായി. വയസ്സനും ചെറുപ്പക്കാരനും പിടിച്ചുമാറപ്പെട്ടെങ്കിലും ഗിരിയുടെ ഇടംവലംനിന്നു ഉച്ചത്തിൽ വാക്കേററം തുടർന്നു. അതു തടയുവാൻ ഗിരിക്കു കഴിഞ്ഞില്ല. കേരളത്തിലെ മുഖ്യമന്ത്രിയാണു് താനെന്നാണു് കാരോരുത്തരുടേയും വാദം. ശണ്ഠ മൂർദ്ധന്യത്തിലെത്തിയ ഘട്ടത്തിൽ മൂന്നാമതൊരാൾ അവിടെ വന്നു കയറി. ഗിരിയും വാല്യക്കാരും ഓടിയെത്തി ഉപചാരപൂർവം അദ്ദേഹത്തെ സ്വീകരിച്ചു അകത്തേക്കു് ആനയിച്ചു. അവർക്കെല്ലാം അദ്ദേഹത്തെ പരിചയമുണ്ടായിരുന്നു. കേരളാ ഗവർണർ രാമകൃഷ്ണറാവുവായിരുന്നു അതു്. മുററത്തുനിന്നു് അന്യോന്യം മുറുമുറുക്കുന്നവരെ അദ്ദേഹം കണ്ടു.

റാവു– അല്ലാ ഇതാരു്? പട്ടമോ? എപ്പോഴെത്തി?

പട്ടം–(ചെറുപ്പക്കാരനെ ചൂണ്ടി) ഇവനിവിടെവന്നു മുഖ്യമന്ത്രി അവനാന്നു തെററിദ്ധരിപ്പിക്കുവാ.

ഗിരി– (റാവുവിനോടു്) ഇവരെ അറിയാമോ?

റാവു– അറിയാം; കേരളക്കാരാ.

പെങ്കൊച്ചു്– ഇതിലേതാ മുഖ്യമന്ത്രി?

റാവു– രണ്ടുപേരും മുഖ്യമന്ത്രിമാരാ.

ഗിരി– അതെങ്ങനെ?

റാവു– കേരളത്തിൽ അങ്ങനെയാ. ഞാൻ സ്ഥലംമാററത്തിനപേക്ഷിച്ചതിന്റെ പ്രധാന കാരണം അതാ. രണ്ടു മുഖ്യമന്ത്രിയുള്ളിടത്തു് ഗവർണറുടെ നില എന്തായാലും പരുങ്ങലിലാകും. എനിക്കു പകരം നിങ്ങളെയാ അങ്ങോട്ടു വിടുന്നതെന്നു കേട്ടു. ഒരു മുന്നറിവുതരാനായിട്ടാ ഞാൻ വന്നതു്.

ഗിരി– ഇതാ നിലയെങ്കിൽ ഞാൻ പോകുന്നില്ലാ.

പെങ്കൊച്ചു്– പോണം. എന്നും അവിടെ പതിനാറു വയസ്സാ. മാമ്പഴം തിന്നോണ്ടാൽമതി.

റാവു– (ചെറുപ്പക്കാരനെ നോക്കി) ശങ്കറു നേരത്തെ എത്തി എന്നു തോന്നുന്നല്ലോ.

ഗിരി– ശങ്കറെന്നാണോ പേരു്.

മൂപ്പിലു്– പുത്തുക്കാരൻ രാമന്റെ മോൻ ചങ്കരൻ! ഇവിടൊക്കെ വരുമ്പം ശങ്കർർർ—! ഇവനവിടെ ഒരു സ്ഥാനോം ഇല്ല.

ശങ്കർ– ഞാൻ മുഖ്യമന്ത്രിയാ.

പട്ടം– ഞാൻ നിത്യമുഖ്യമന്ത്രിയാ.

വീണ്ടും വാക്കേററം മൂക്കുമെന്നു തോന്നിയതിനാൽ വി. വി. ഗിരി കണ്ണുകാണിച്ചതനുസരിച്ചു് പ്രതിയോഗികൾ രണ്ടുപേരെയും ശിപായിമാർ ഉന്തിത്തള്ളി റോഡിലാക്കി ഗേററടച്ചു. "ഞാനാ മുഖ്യമന്ത്രി—അല്ല ഞാനാ മുഖ്യമന്ത്രി" എന്നുള്ള നിലവിളി ക്രമേണ അകന്നകന്നുപോയി.

—o—



# ഐക്യം പൊട്ടുമേ!

കാബിനററ കൂടിക്കൊണ്ടിരിക്കുമ്പോൾ എറണാകുളത്തുനിന്നും ഒരു അടിയന്തിര കമ്പി കിട്ടി.

'എന്റെ മോനേ അങ്ങോട്ടയക്കുന്നു. ഉടനെ എന്തെങ്കിലും ജോലികൊടുക്കണം. ശമ്പളം ഇരുനൂറിൽ കുറയരുത്. ഉപേക്ഷ വിചാരിച്ചാൽ ഐക്യം പൊട്ടും.''

പ്രസ്തുത കമ്പി ഉടൻതന്നെ കാബിനററിൽ പര്യാലോചനയ്ക്കു വച്ചു. കമ്പി അയച്ച ആളിന്റെ വിശദവിവരം ഒരു കൊച്ചിൻമന്ത്രി വെളിപ്പെടുത്തി. ആൾ പ്രമാണിയാണ്. മകൻ മണ്ടനാണ്. രണ്ടു രൂപയുടെ ശമ്പളത്തിനുപോലും അർഹനല്ല.

പട്ടം— അതൊന്നുംപറഞ്ഞതുകൊണ്ടായില്ല. തന്ത വിചാരിച്ചാൽ ഐക്യം പൊട്ടുമോ?

സഹമന്ത്രി— എറണാകുളം ടൗണിലെങ്കിലും അയാൾ വിചാരിച്ചാൽ ഐക്യം പൊട്ടിക്കാം.

ചാക്കോ— അതു കുഴപ്പമാ. എറണാകുളംവളരെ സൂക്ഷിക്കേണ്ടസ്ഥലമാ. അവിടെ ഐക്യം പൊട്ടിയാൽ അടുത്ത പടി കോട്ടയത്താ.

പട്ടം— പക്ഷേ ചെറുക്കൻ സ്കൂൾ ഫൈനലിനു ഏഴുതവണ തോററവനാണല്ലോ.

ശങ്കർ— കോൺഗ്രസ് ഹൈക്കമാൻറിന്റെ നില എന്തു വിലകൊടുത്തും ഐക്യം രക്ഷിക്കണമെന്നാണ്. ഈ പയ്യനു ജോലി നിഷേധിച്ചാൽ ഐക്യം പൊട്ടുമെന്നാണ് കാണുന്നതും. അതിനിടയാക്കരുത്.

പട്ടം— എന്നാലും ഒരു പരീക്ഷായോഗ്യതയുമില്ലാത്തവനെ ഇരുനൂറുരൂപാ ശമ്പളത്തിൽ എങ്ങനെയാ നിയമിക്കുക.

കുഞ്ഞമ്പു— ഐക്യത്തിന്റെ പേരിൽ എന്തുമാകാം. എന്തു വിലകൊടുത്തും ഐക്യം പുലർത്തണം.

മന്നത്തിന്റെ ഒരു എഴുത്തുമായി മക്കപ്പുഴ വന്നിരിക്കുന്ന വിവരം കാബിനറററിഞ്ഞു. മുഖ്യൻതന്നെ ഇറങ്ങിച്ചെന്നു കത്തു വാങ്ങി തിരിച്ചുവന്നു കാബിനററിനെ വായിച്ചു കേൾപ്പിച്ചു.

"മക്കുവിനെ അങ്ങോട്ടയയ്ക്കുന്നു. ഉടനെ ഒരു പത്തുലക്ഷം രൂപാ വേണം. കോളേജിന്റെ ആവശ്യത്തിനാണ്. പിന്നെ ചില്ലറ പല കാര്യങ്ങളുമുണ്ട്. അതു മക്കു പറയും. എല്ലാം അടിയന്തിരമാണ്. പണം വൈകിട്ടഞ്ചിനു മുമ്പു കിട്ടണം.''

പട്ടം ചാക്കോയെ നോക്കി, ചാക്കോ കോയായെ നോക്കി, വേലപ്പൻ ആരെയും നോക്കാതെ ഗൗരവത്തിൽ ഇരുന്നു.



പട്ടം— എന്താ ആരും മിണ്ടാത്തതു്?

ചാക്കോ— എന്തു മിണ്ടാനാ? ഐക്യം പൊട്ടരുതു്. മൂപ്പില്ല തുമ്മിയാൽ മതി അതു നിശ്ശേഷം പൊട്ടും.

ശങ്കർ— ഒരാക്കം പണത്തിന്റെ കാര്യമാ. കേന്ദ്രംകൂടി സമ്മതിക്കണ്ടേ.

വേലപ്പൻ— അഞ്ചുമണിക്കകം വേണം. ആരു സമ്മതിച്ചാലും ഇല്ലെങ്കിലും.

കോയ— പത്തുലക്ഷമല്ലേയുള്ളു. ഐക്യത്തിനുവേണ്ടി അതങ്ങു കൊടുത്തേക്കണം.

ഒരു ഡപ്യൂട്ടേഷനുമായി വയലാ ഇടിക്കുള കാത്തുനിൽക്കുന്നതായി സിക്രട്ടറി അറിയിച്ചു. കാബിനററ തൽക്ഷണം ഡപ്യൂട്ടേഷനെ സ്വീകരിച്ചു.

വയലാ— റാന്നിയിലെ സകല പോലീസുകാരെയും ഡിസ്മിസ്സുചെയ്യണം. വനംവകുപ്പുകാരെ മുഴുവൻ തൂക്കിലിടണം. ഉടനെ വേണം. ഇല്ലെങ്കിൽ ഐക്യം പൊട്ടും. അവിടെ പോലീസും ഗാർഡും ഒന്നും വേണ്ടാ, ഞങ്ങൾ ഭരിച്ചോളാം.

പട്ടം— എന്നൊക്കെ പറഞ്ഞാൽ അതെങ്ങനെ നടക്കാനാണ്.

വയലാ— ഐക്യം വേണോ?

ചാക്കോ— വേണം.

വയലാ— എന്നാൽ റാന്നിയിലെ പോലീസിനേം ഫോറസ്റ്റുകാരേയും മാററണം. ഇപ്പോൾ ഓർഡർ പോകണം.

പട്ടം— ഇങ്ങനെ ആയാൽ ഐക്യമങ്ങു പൊട്ടിക്കോളട്ടെന്നു തീരുമാനിക്കേണ്ടിവരും.

ഡാ: മേനോൻ— അതു ശരിയല്ലാ. എന്തായാലും ഐക്യം നിലനിർത്തണം. റാന്നിയിലെ ഭരണം വയലാ നടത്തിയാലെന്താ? നമുക്കത്രയും ബദ്ധപ്പാടു കുറയുകല്ലേ—?

കോട്ടയത്തുനിന്നും കളക്ടരുടെ ഒരു ട്രങ്കുകാൾ മുഖ്യനുവേണ്ടി വന്നിരിക്കുന്ന വിവരം ക്ലാർക്കു വന്നു പറഞ്ഞു. മുഖ്യൻ ഫോണെടുത്തു കളക്ടറുമായി സംസാരിച്ചു.

കളക്ടർ— ഇന്നലെ അമ്പതിനായിരം ഏക്കർ കയ്യേറി. ഇന്നു് അതിലുമധികമാകും. തടയണമെങ്കിൽ പട്ടാളത്തെ അയച്ചുതരണം.

പട്ടം— (സഹമന്ത്രിമാരോട്) കോട്ടയം കളക്ടർ അറിയിക്കുകയാണു്; ഇന്നലെ അമ്പതിനായിരം ഏക്കർ വനം ആളുകളെടുത്തെന്നും ഇന്നു് അതിൽ കൂടുതൽ എടുക്കുമെന്നും. പട്ടാളത്തെ അയച്ചു തടഞ്ഞാലെന്താ?

പോററി— ചാക്കോ പറയട്ടെ, അവിടെയും ഐക്യം പൊട്ടാൻ ഇടവന്നേക്കും. സൂക്ഷിച്ചു വേണം.

ചാക്കോ— കോട്ടയം കളക്ടർക്കു തൽക്കാലം ഒരു താക്കീതു കൊടുക്കണം. അയാൾ നമ്മുടെ ഐക്യം പൊട്ടിക്കാനുള്ള ഒരുക്കമാ. അമ്പതോ ആയിരമോ ഏക്കറാണോ ഐക്യമാണോ കാര്യം. അവിടെ ഇടപെടേണ്ടാ. വളരെ ലോലമാണു് അവിടത്തെ ഐക്യം. തൊട്ടാൽ മതി പൊട്ടാൻ.

ഇതിനിടെ ട്രാൻസ്പോർട്ടുഡയറക്ടറുടെ ഒരു റിപ്പോർട്ടു് ട്രാൻസ്പോർട്ടുമന്ത്രി നിവർത്തിവച്ചു. തൃശ്ശൂർഭാഗത്തു് ചില റോഡുകളിൽ സർക്കാർവണ്ടിക്കു് എതിരായി ഏതോ ഒരു മുതലാളി കുറഞ്ഞ ചാർജ്ജിൽ ബസ്സ്സർവ്വീസ് തുടങ്ങിയിരിക്കുന്നെന്നാണു സാരം.

പട്ടം— അതു് അനധികൃതമാണു്. ഉടനെ ആ ബസ്സെല്ലാം കണ്ടുകെട്ടണം.

ശങ്കർ— അതിന്റെ ഉടമസ്ഥനെ എനിക്കറിയാം. ആൾ എസ്. എൻ. ഡി. പി.-യുടെ മുൻപ്രസിഡണ്ടാണു്.

കോയ— വണ്ടി തടഞ്ഞാൽ ഐക്യം പൊട്ടുമെന്നു സാരം!

ശങ്കർ— അതേ.

പട്ടം— ഏതു കാര്യത്തിലും വർഗ്ഗീയത! ഇനിയെങ്കിലും ഇതു നിർത്തണം ശങ്കർ.

ശങ്കർ— വേദോപദേശം പിന്നെ മതി, തൽക്കാലം ഐക്യം നിലനിർത്താൻ നോക്കണം. ആ റൂട്ടിലെ സർക്കാർവണ്ടി വാടകയ്ക്കു കൊടുത്താൽ പ്രൈവററുവണ്ടിയുടെ ഉടമസ്ഥൻ ഏറേറാളും. സർവ്വീസും ഭംഗിയാകും. ഐക്യവും ബലപ്പെടും.

പട്ടം— ചാക്കോ എന്താ ഒന്നും പറയാത്തതു്.

ചാക്കോ— കോട്ടയം കൊട്ടാരക്കര റൂട്ടിലെ വണ്ടിയും സർവ്വീസും കത്തോലിക്കരെ ഏൽപ്പിച്ചു് അവിടെയും ഐക്യമങ്ങു ബലപ്പെടുത്തിയാലെന്താണെന്നു ചിന്തിക്കയായിരുന്നു.

കോയ— അതിനു തരക്കേടില്ല, എറണാകുളം കൊല്ലം റൂട്ടു് ഞങ്ങളെ ഏൽപ്പിച്ചാൽ മതി.

വേലപ്പൻ— പിന്നെ നായർക്കെവിടമാ? ഐക്യം നായരുടെ കയ്യിലാണെന്നോർക്കണം.

കുഞ്ഞമ്പു— പിന്നോക്കമെന്നും ചിലരുണ്ടേ....

പട്ടം— കള്ളുഷാപ്പുപോലെ ട്രാൻസ്പോർട്ടും ലേലംചെയ്താലോ? ആവുന്നവൻ പിടിക്കട്ടെ. അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞുപറഞ്ഞു് ഐക്യമങ്ങു പൊട്ടിയേക്കും.

ചാക്കോ— അതെന്തായാലും അരുതു്.

....0....

## പൊതുജനശ്രദ്ധയ്ക്കു്

1960 ഏപ്രിൽ ലക്കം സരസൻ മാസികയിൽ കവർ 4-ാംപേജിൽ ചേർത്തിട്ടുള്ള ആലപ്പുഴ—മുല്ലയ്ക്കൽ "റെഡ്യാർ ജ്യൂവലറി"യുടെ 4-ാമതു് സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറുപദ്ധതിയുടെ പരസ്യത്തിൽ, ആദ്യനറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിനു് 500 രൂപയുടെ സ്വർണ്ണാഭരണങ്ങൾ സംഭാവനയായി കൊടുക്കുന്നതാണു് എന്നുള്ളതു് 1000 രൂപയുടെ സ്വർണ്ണാഭരണങ്ങൾ സംഭാവനയായികൊടുക്കുന്നതാണു് എന്നു തിരുത്തി വായിക്കണം

# മന്ത്രിമാരിൽ പ്രേതബാധ

"എന്റെ പൈങ്കിളിക്കു് പ്രമോഷനാണോ പ്രയാസം? നാളെ ഉത്തരവിട്ടേക്കാം. പക്ഷെ സ്ഥലംമാററം തരത്തില്ല. നിന്നെ ഇവിടെത്തന്നെ വേണം. എന്നും എനിക്കു കാണണം—എന്നും. ഈ പച്ച സാരിയും ചാന്തുപൊട്ടും....."

മന്നത്തുപത്മനാഭന്റെ കേശവദാസപുരം വസതിയിൽ ഉച്ചയ്ക്കു് ഊണും കഴിഞ്ഞു കിടന്നുറങ്ങിയ വൈക്കം വേലപ്പൻ ഉറക്കത്തിൽ പറഞ്ഞതാണു് മേലെഴുതിയ കാര്യങ്ങൾ, വയസ്സായെങ്കിലും പകലുറക്കം പതിവില്ലാത്ത മന്നം ഈ പുലമ്പൽ ശ്രദ്ധിച്ചു. വേലപ്പനു് ഒരു പൈങ്കിളി ഉള്ളതായി മന്നം അറിഞ്ഞിട്ടില്ല. ഏതായാലും അങ്ങനെ ഒരു രഹസ്യം ഉണ്ടെങ്കിൽതന്നെയും അതിങ്ങനെവെട്ടിത്തുറന്നു പറഞ്ഞുതുടങ്ങിയാലൊ? മററാരും അതു കേൾക്കാത്തതു ദൈവാധീനം. അദ്ദേഹം സാവധാനം എഴുന്നേററുചെന്നു വേലപ്പനെ തട്ടിയുണർത്തി. അയാൾ കണ്ണുതുറന്നു നോക്കിയെങ്കിലും എഴുന്നേൽക്കാൻ ഒരുങ്ങിയില്ല. എന്നുമാത്രമല്ല വീണ്ടും, കണ്ണടച്ചു മാദകമായ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞുതുടങ്ങി.

'നിന്റെ പേരെന്താ? മേരിക്കുട്ടി, ഒന്നാന്തരം പേരു്, ഞാൻ അടുത്തയാഴ്ച അവിടെ സർക്കീട്ടുവയ്ക്കും—നേരത്തെ—അറിയിക്കാം—വീട്ടിൽ വരുന്നില്ല. അതു ശല്യമാ. ടി. ബി. യിൽ മതി. അതാ സൗകര്യം.'

മന്നത്തിനു കുറേശ ക്ഷോഭംവന്നു. സ്വന്തം മെഡിക്കൽമന്ത്രി നട്ടുച്ചയ്ക്കു പടത്തലവന്റെ സാന്നിദ്ധ്യംപോലും വകവയ്ക്കാതെ വിളിച്ചുപറയുന്ന കാര്യങ്ങൾ കേട്ടില്ലേ—? വേലപ്പൻ ഇങ്ങനെയാണു ഭരണം തുടരുന്നതെങ്കിൽ എല്ലാം നാശമല്ലോ. അദ്ദേഹം കുറേക്കൂടി ബലമായി വേലപ്പനെ ഉലച്ചു വിളിച്ചു. അയാൾ വീണ്ടും കണ്ണുതുറന്നു. പക്ഷെ മറുവശം തിരിഞ്ഞുകിടന്നു കടകട ചിരിച്ചുകൊണ്ടു തലയിണയിൽ ഉമ്മവച്ചുതുടങ്ങി.

'നിന്നെ ഞാൻ വിടത്തില്ലെടീ, ആരുപറഞ്ഞാലും വിടത്തില്ല. എന്തുവേണമെന്നുപറ, പണമോ ഉദ്യോഗമോ വീടോ എന്തായാലും പറ.'

ഇത്രയുമായപ്പോഴേക്കും മന്നത്തിൻ തീർച്ചയായി വേലപ്പന് എന്തോ പ്രേതബാധയാണെന്നു്. അദ്ദേഹം കേ



മേജിൽ ആളയച്ചു മന്മഥനെ വരുത്തി പിണിയാളുമായി സംസാരിപ്പിച്ചു.

മന്മഥൻ— നിങ്ങളേതാ?

വേലപ്പൻ— ഞാനൊരു പ്രേതമാ.

മന്മഥൻ— ആരുടെ പ്രേതം?

വേലപ്പൻ— ഒരു മുൻ മെഡിക്കൽ മന്ത്രിയുടെ

മന്മഥൻ— പേര്

പ്രേതം— പി. കെ. കുഞ്ഞ്

മന്മഥൻ— ഒഴിയാൻ എന്തുവേണം?

പ്രേതം— ഇപ്പോഴത്തെ മെഡിക്കൽമന്ത്രിയുടെ സർക്കീട്ടിൽ എന്നേക്കൂടെ ചിലയിടത്തെങ്കിലും കൊണ്ടുപോകാമെന്നു സത്യം ചെയ്യണം.

മന്നം— അതൊന്നും സാദ്ധ്യമല്ല.

പ്രേതം— എന്നാൽ ഞാൻ ഒഴിയുന്നുമില്ല.

.... .... .... ....

ഏതാണ്ടിതേ അവസരത്തിലാണ് സിക്രട്ടറിയേററിൽ സ്വന്തം കസേരയിലിരുന്നു റവന്യൂമന്ത്രി ചന്ദ്രശേഖരൻ ഒന്നു മയങ്ങിപ്പോയത്. ഏതോ ഒരു കത്തിന്റെ വാചകം പ്രൈവററ്സെക്രട്ടറിക്കു പറഞ്ഞുകൊടുക്കുന്നതിനിടയിലാണതു പററിയത്. സിക്രട്ടറി മയക്കക്കാര്യം അറിയാതെ പറയുന്നതു് അതേപടി എഴുതിയെടുക്കുകയായിരുന്നു. കണ്ണടച്ചിരിക്കുന്നതു് ആലോചനയുടെ ലക്ഷണമാണെന്നേ വിചാരിച്ചുള്ളു.

'അതുകൊണ്ടു നമ്മുടെ പ്രേമംമൂലം അദ്ധ്വാനിക്കുന്ന വിഭാഗം സുഖവും സുഭിക്ഷതയും അനുഭവിക്കട്ടെ'

കത്തെഴുതിക്കൊണ്ടിരുന്ന സിക്രട്ടറി പകച്ചുപോയി, ഏതോ പുറമ്പോക്കു കേസിനെപ്പററി ഇംഗ്ലീഷിലുള്ള ഒരു കത്തായിരുന്നു എഴുതിക്കൊണ്ടിരുന്നതു്. അതു പെട്ടെന്നു മലയാളത്തിലായതോ പോകട്ടെ പ്രേമവും സുഖവും അതിലെങ്ങനെ വന്നുകൂടി! അയാൾ മന്ത്രിയെ ശ്രദ്ധിച്ചുനോക്കി. ഇരുന്നുറങ്ങുകയാണ്. ഉറക്കപ്പിച്ചാണ് അപ്പോൾ പറഞ്ഞതു്. എഴുത്തുനിർത്തി അയാൾ ശ്രദ്ധിച്ചു.

'പ്രിയതമാ കമ്മ്യൂണിസംകൊണ്ടു് എന്തു നേട്ടമുണ്ടായി എന്നു് ഭാവിയിലെ ചരിത്രകാരൻ എഴുതുമ്പോൾ ഒന്നാമതായി അയാൾ എഴുതും. ധീരനായ ഒരു യുവാവും അയാളുടെ കാമനയായ ഒരു യുവതിയും ചെങ്കൊടിയുടെ തണലിൽ ഒന്നിച്ചുകൂടിയെന്നു''

സിക്രട്ടറി ഒന്നു പൊട്ടിച്ചിരിച്ചുപോയി. അടുത്ത മുറിയിൽനിന്നു മററു ചില ക്ലാർക്കന്മാരും കയറിച്ചെന്നു. ചന്ദ്രശേഖരൻ കമ്മ്യൂണിസത്തെപ്പററി സംസാരിക്കുന്നു. അതിലെവിടെയോ ഒരു പ്രേമകഥയും! ചെറുപ്പക്കാരായ ക്ലാർക്കന്മാർക്കു വിനോദമായി. പെൻഷൻ പററാറായിരുന്ന ഡഫേദാർക്കു മാത്രം അതു രസിച്ചില്ല. അയാൾക്കൊരു സംശയം ഏമാനെന്തോ സുഖക്കേടാണെന്ന്! ധൈര്യപ്പെട്ടു് അയാൾ മുമ്പോട്ടുചെന്നു മന്ത്രിയോടു ചോദിച്ചു.

'നീയേതു്?'

ഞാനൊരു പ്രേതം

ആണോ പെണ്ണോ?

പെണ്ണ്

ഇവിടെ എന്തുകാര്യം?

ഈ കസേര എന്റേതാണ്

ഏതു കസേര?

റവന്യൂമന്ത്രിയുടെ കസേര

നുണ പറയുകയാ

അല്ല നേരാ

നിന്റെ പേര്?

കെ. ആർ. ഗൗരി

ഗൗരിയുടെ പ്രേതം ചന്ദ്രശേഖരനെ ബാധിച്ചിരിക്കുന്ന വിവരം ഹജ്ജൂരിൽ കാട്ടുതീപോലെ പരന്നു. സകല ക്ലാർക്കന്മാരും ഓടിയെത്തി. അവരവരുടെ മനോധർമ്മംപോലെ ചോദ്യമായി.

ഇദ്ദേഹം ഒരു നായരാ.

അതിനെന്താ എനിക്കു ജാതിയും മതവും നോട്ടമില്ല

ഒഴിയാൻ എന്തുവേണം?

ഈ കസേര.

....0....


# പ്രസന്നാ സ്ററുഡിയോ



ആധുനിക സജ്ജീകരണങ്ങളോടുകൂടി കോട്ടയത്തു് "പ്രസന്നാ സ്റ്റുഡിയോ" എന്ന നാമധേയത്തിൽ ഒരു ഫോട്ടോ സ്റ്റുഡിയോ ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു.

★

ഫോട്ടോഗ്രാഫിസംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഞങ്ങളെ സമീപിക്കുക!

★ പ്രസന്നാ സ്ററുഡിയോ ★

ഫോട്ടോഗ്രാഫേഴ്സ് & ഡീലേഴ്സ്

ററി. ബി. റോഡ്, കോട്ടയം.

ലഘുചിത്രപംക്തി

# ശ്രീ. ഡി. ദാമോദരൻപോററി

—ചാണക്യൻ—

സരസന്റെ പേജുകളിൽ എത്രയോ വലിയ ഭയങ്കരന്മാർ, കോമാളികൾ, എരപ്പാളികൾ, തെണ്ടികൾ, രക്ഷസ്സുകൾ, പ്രേതങ്ങൾ ഇതിനകം കേറിയിരിക്കുന്നു. ഇങ്ങിനെ പറയുമ്പോൾ, പനമ്പള്ളി, പട്ടം, ചാക്കോ, ലീലാദാമോദരമേനോൻ, ടി. എം. വറുഗീസ്, കുമ്പളം, പി. കെ. കുഞ്ഞ്, സുകുമാരൻ തുടങ്ങിയവരെ ഉദ്ദേശിച്ചാണെന്ന് വായനക്കാരിൽ ചിലർക്കെങ്കിലും തോന്നിയേക്കാം. ആ തോന്നലിന്റെ ഉത്തരവാദി സരസനല്ലെന്ന് തീർത്തു പറഞ്ഞുകൊള്ളട്ടെ.

അങ്ങിനെ അനവധി ജനദ്രോഹി നേതാക്കളുടെ തൊലിയുരിച്ച് സാക്ഷാൽരൂപം ജനങ്ങളുടെ മുമ്പിൽ കാണിച്ചുകൊടുത്തിട്ടുണ്ടെങ്കിലും അന്നൊന്നും സരസന് ഇത്രമാത്രം വിമ്മിട്ടമോ കരച്ചിലോ ഉണ്ടായിട്ടില്ല. കാരണമെന്തെന്നോ? സരസന്റെ പേജുകളിൽ ഒന്നെത്തിനോക്കാൻപോലും കൊള്ളുകില്ലാത്ത ഒരു നിസ്സാരനാണ് ഡി. ദാമോദരൻപോററി—നിശ്ചയമായിട്ടും രഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം. തീരെ മെല്ലാങ്കിയായി അളിവിരയെപ്പോലെ വൃത്തികെട്ടവനായതുകൊണ്ടല്ല, ഈ മാർഷ്യനേപ്പററി എഴുതേണ്ടി വന്നല്ലോ എന്നു വിചാരിച്ചു ഖേദിക്കുന്നത്. കരിവിഴല എന്ന പേരിൽ വില്ലോന്നിപ്രായത്തിൽ സർവാംഗവിഷക്കാരനായ ഒരു പാമ്പുണ്ട്. അക്കണക്കിനിരിക്കുന്ന കുറുമുദി ബാലകൃഷ്ണനെപ്പോലും ഛർദ്ദിലുവരാതെ നോക്കാൻ സരസനു ചങ്കൂറ്റമുണ്ട്. അപ്പോൾ കിന്നാവള്ളി വണ്ണവും വിമോചനവീരാംഗനകളുടെ ചൂരും ഉള്ളതുകൊണ്ടല്ല പോററി ഇളിപ്പുണ്ടാക്കുന്ന ഒരു ക്രിമിയായതെന്ന് സ്പഷ്ടമാണല്ലോ. പിന്നെന്താ? അദ്ദേഹം അഡ്വക്കേററല്ലെ എന്ന ചോദ്യമാണെങ്കിൽ—എന്താ, അതിന്റെ ശേഷം പറയുക? ജംബുലിംഗവും വെള്ളായണിപ്പരമുവുമൊക്കെ കള്ളന്മാരാ. അല്ലാട്ടത്താലെന്തിന്, സമുദായത്തിന്റെ വക മൂന്നു രൂപാ വല്ലപ്പോഴും മോഷ്ടിക്കുന്ന കെ. ആർ. നാരായണനേയോ, പാർട്ടിയുടെ വക അഞ്ചാറു പൈസ തട്ടിയെടുത്ത വറുഗീസ് വൈദ്യനേയോ ഉൾപ്പെടുത്തണം? നല്ലപോലെ വിളഞ്ഞ, വാല്യ കുറുകി പറക്കാറായ അഡ്വക്കേററന്മാരുടെ കൂട്ടത്തിൽ ഈ പയിണ്ടാ അഡ്വക്കേററിനെ എങ്ങിനെയാ ഉൾപ്പെടുത്തുക? എന്താ പോററിയദ്ദേഹം കേസ്സില്ലാത്ത വക്കീ



ലായിരുന്നോ? കേസ്സില്ലാത്ത വക്കീലന്മാരിൽ ചാമ്പ്യന്മാരായ ഉദയഭാനു, പി. ടി. ചാക്കോ, കെ. സി. ജോർജ്ജ് തുടങ്ങി എത്രയോപേരെ സരസൻ ബഹുമാനിക്കുന്നു—ജനവഞ്ചനചെയ്ത് മുന്നേറാനുള്ള അവരുടെ കഴിവിനെ ആദരിച്ച്. പിന്നെന്താകുഴപ്പം? അദ്ദേഹം കേരളത്തിലെ ശ്രേഷ്ഠകുലങ്ങളിൽവച്ച് പ്രഥമമായ ബ്രാഹ്മണവംശത്തിൽ പിറന്നവനല്ലേ? സംശയമെന്താ? ഈ ജീവി ഒരു പോററിയാണ്. പോററി ബ്രാഹ്മണവംശത്തിൽപ്പെട്ടതുമാണ്. ബ്രാഹ്മണവംശം വളരെ ശ്രേഷ്ഠതയുള്ള വംശവുമാണ്. എന്നിട്ടെന്തേ ഇയ്യാളിത്ര ഇളിപ്പുള്ളവനായിത്തീർന്നു? പോകട്ടെ, അതാ കിടക്കുന്നു നമ്മുടെ മുൻപിൽ കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാട്. എന്താ അദ്ദേഹം ബ്രാഹ്മണനല്ലേ? പൂണൂലിട്ടിട്ടില്ലേ? ഗാന്ധിജിയുടെ സഹനസമരത്തിലും മന്നത്തിന്റെ വിമോചനസമരത്തിലും വീരോടെ പങ്കെടുത്തിട്ടില്ലേ? പക്ഷേ അദ്ദേഹം ഇന്നത്തെ ശങ്കർകാൺഗ്രസ്സിന്റെ പിടിയിലമർന്നു കിടക്കയാണ്. ആർക്കാണ് ഇത്തരം ഭയങ്കര അപകടം പററാതിരുന്നിട്ടുള്ളത്? എന്നിട്ടും അദ്ദേഹത്തിനെ കാണുമ്പോൾ നമുക്ക് കല്ലെടുത്തെറിയണമെന്ന് തോന്നുന്നുണ്ടോ? ഇല്ല. വേണ്ട, അതും പോകട്ടെ. അതാ അപ്പിഞ്ഞനാറ്റക്കിടക്കുന്നു പെണ്ടാരപ്പുള്ളി! നാരായണൻപോററി നമ്മുടെ മുമ്പിൽ. അയാളെ കാണുമ്പോൾ, മൂക്കിനുപിടിച്ചോണ്ട് ഒരു നാഴികയകലെക്കൂടി നമ്മൾ ഓടിപ്പോകാറുണ്ടെന്നുള്ളത് ശരിയാണ്. എന്നാലും അയാളുടെ മുഖത്ത് കാക്കിച്ചു തുപ്പണമെന്ന് നമുക്കു തോന്നാറില്ല. ദാമോദരൻപോററിയുടെ കഥ ഇതിലൊക്കെ അപ്പുറമാണ്. അയാൾ ജനിച്ച ദിക്കിൽ കാലുകുത്താതിരിക്കാൻ നാം ശ്രമിച്ചോണ്ടിരിക്കയാണ്. യാദൃശ്ചികമായിട്ടെങ്കിലും അയാളെ ഒന്നു കണ്ടുപോയാൽ വെറും പെറുക്കിപ്പിള്ളേരുപോലും—അങ്ങിനെ പറയേണ്ടല്ലോ—സ്റ്റീഫൻപോലും കല്ലെടുത്തെറിഞ്ഞുപോകും. എന്തു വൃത്തികേടും അമൃതുപോലെ ആസ്വദിക്കാൻ തന്റേടമുള്ള പൊന്നറ ശ്രീധർ, കുസുമം ജോസഫ്, ആനി ജോസഫ്, ചിഴിക്കാടൻ, സി. എസ്. ഗോപാലപിള്ള എന്നിവർപോലും, ഈ പോററിയുടെ മുഖം കണ്ടു കണ്ടു വരട്ടെ, ........എന്തിനു പറയുന്നു അതെല്ലാം! എല്ലാവർക്കും ഒന്നുപോലെ ഇളിപ്പുണ്ടാകത്തക്കവണ്ണം എന്തുപററി ഈ പോററിക്ക്?

അദ്ദേഹം വക്കീലാണോ? അതെ. എന്നാൽ വക്കീലാണോ? അല്ല. ആണുങ്ങളും വക്കീലന്മാർ യുക്തിപൂർവം വാദവും ക്രാസും നടത്തുമ്പോഴും അവരുടെ വായിൽനോക്കിക്കൊണ്ട് കോടതിയിൽ ഇരിക്കുന്നവർ വക്കീലന്മാരാണെങ്കിൽ ഈ പോററിയും വക്കീലാണ്.

ഇദ്ദേഹം രാഷ്ട്രീയപ്രവർത്തകനും നേതാവുമാണോ? അതെ. ഇദ്ദേഹമൊരു രാഷ്ട്രീയപ്രവർത്തകനും നേതാവുമാണോ? അല്ല. പട്ടംതാണുപിള്ള, പി. കെ. കുഞ്ഞ് തുടങ്ങിയ പി. എസ്. പി. നേതാക്കന്മാരുടെ വാലിന്റെ അടിയിൽ കിടക്കുക, ഒരു രാഷ്ട്രീയപ്രവർത്തനമാണെങ്കിൽ, നേതൃത്വമാണെങ്കിൽ ഇദ്ദേഹമൊരു രാഷ്ട്രീയപ്രവർത്തകനാണ്, നേതാവാണ്, ഒരു രാഷ്ട്രീയനേതാവിന് അവശ്യം കൂടിയേതീരുവെന്നുള്ള ജനവഞ്ചന ഇദ്ദേഹം നടത്തിയിട്ടുണ്ടോ? ഉണ്ട്. ഒരു രാഷ്ട്രീയനേതാവിന്റെ തൊഴിലായ ജനവഞ്ചന ഇയ്യാളും ചെയ്തിട്ടുണ്ടോ? ഇല്ല.

എന്നിട്ടും ഇങ്ങേരെ ആർ. ശങ്കർ. ചാക്കോ തുടങ്ങിയ എട്ടടിമൂർഖന്മാർ കിടക്കുന്ന പുനത്തിലേക്ക് പട്ടംസാർ തള്ളിക്കയററി എന്തിന്? ഒന്നിനുമല്ല. പട്ടംസാറിന് ഒരു വലിയ ഗുണമുണ്ട്. തനിക്കോ, അന്യർക്കോ, രാജ്യത്തിനോ ഗുണംവരുന്ന യാതൊന്നും ചെയ്യുകയില്ലെന്നൊരു നിർബന്ധം, ആ നിർബന്ധത്തരത്തിൽ പോററി പെട്ടുപോയി—തൽഫലം അയാളും മന്ത്രിയുമായി, കഷ്ടം! മരാമത്തുമന്ത്രിയായി, മന്ത്രിപദവി കിട്ടാത്തതുകൊണ്ട് നെഞ്ചത്തടിച്ചു നടക്കുന്ന പി. കെ. കുഞ്ഞിനേയോ, പുലഭ്യംപറഞ്ഞോണ്ട് നാടുനീളെ നടക്കുന്ന സി. ജി. ജനാർദ്ദനനേയോ, വെച്ചിരുന്നെങ്കിൽ, അവരെങ്കിലും നാലുകാശിന്റെ വക ഉണ്ടാക്കിപ്പോയേനെ. വാവായേയോ, മഹമ്മദുകോയായേയോ വെച്ചിരുന്നെങ്കിൽ പാലങ്ങളുടെയും കലുങ്കുകളുടെയും അടങ്കൽതുക കീശയിൽ ഒതുക്കിക്കൊള്ളുമായിരുന്നു. ചെയ്യുമോ മഹാപാപി നല്ലതുവല്ലതും.

എന്നാലും പോററിക്ക് നല്ല പുറപ്പാടാണ്. വെട്ടിക്കവലയ്ക്കു കിഴക്ക് കോട്ടവട്ടത്താണ് മഠം. വളരെ പുരാതനമാണ്. പിന്നെ, മൂത്രച്ചൂടുപോലുമില്ലാത്ത അശേഷം എരിവോ പുളിയോ ഇല്ലാത്ത ഒന്നാംതരം സാഹിത്യസൃഷ്ടികളും, കൈരളിക്കു സംഭാവനചെയ്തുവച്ചിരിക്കുന്ന ലളിതാംബികഅന്തർജനം, ഈ മന്ത്രിപോററിയുടെ സഹോദരിയാണ്. പണ്ടെങ്ങാണ്ട് എം. എൽ. എ. ആയിരുന്ന ഡി. കൃഷ്ണൻപോററി, ഈ പോററിമന്ത്രിയുടെ സഹോദരനാണ്. ഇതൊക്കെ ശരിയും നല്ലതുമാണ്. എങ്കിലും ഈ മഹാമാരണത്തെ എന്തിനു നമ്മുടെമുകളിൽ ഈ പട്ടംസാർ കേററിവെച്ചു? എന്തിനു പട്ടത്തിനെ കുററംപറയുന്നു? കേരളമേ! നിനക്ക് ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഏഴരാണ്ടൻശനി ആരംഭിച്ചിരിക്കയാണ് സഹിച്ചോ?

.....o.....



ജ്യോതിഷവിദ്വാൻ ബ്രഹ്മശ്രീ മന്നത്തു പത്മനാഭൻ ഗണിച്ച 1960–ലെ
രാഷ്ട്രീയ പഞ്ചാംഗപ്രകാരമുള്ള

# — നവഗ്രഹങ്ങൾ —



മക്കൂട്ടവർഷം മൂന്നുംകൂടിയ ദിനം ഫെബ്രുവരി 22–ാംതീയതി ജംബുകക്കരണവും സ്വാത്ഥനിത്യയോഗവും കൂടിയ ദിനം അധികാരഭ്രഷ്ടോദയംകണ്ട് മന്ത്രിപദസംക്രമം.

## വിഷുഫലം

"പ്രായാത്ഥജന്മേ–
ഗ്ഗുണദോഷമീകാൽ–"

ഇതിവചനേന അമ്പമ്മ വയസ്സിലധികം പ്രായമുള്ള കേരളമന്ത്രിമാരായിട്ടുള്ളവർക്ക് (മഖ്യൻ) ഈ വിഷുമുതൽ ഒരു വർഷത്തേക്ക് പി. കെ. കുഞ്ഞ്, കെ. എം. കോര മുതലായവരുടെ പിരാക്കം, സഹമുഖ്യനിൽനിന്നും മാറം സ്ഥാനഭ്രംശമോ തജ്ജലുമായ മാനഹാനിയോ, അഥവാ രണ്ടുംകൂടിയോ ഫലവും അലങ്കാരങ്ങളിലുള്ള ആവേശംമൂലം അർത്ഥനാശം ഭവിക്കുമെന്നുമാണ് വിധി, എങ്കിലും "മന്ദസംസ്ഥിത പഞ്ചമഃ" എന്ന ഗ്രഹസ്ഥിതിയാൽ അതായത് മഹത്ഫലകാരകനായ മന്ദൻ

അഞ്ചിൽ മഹാത്മാകുന്നിൽ ഉച്ചസ്ഥനായി തന്നിച്ചിരിക്കുന്നതിനാൽ വരാവുന്ന ദോഷഫലങ്ങൾ ഒഴിഞ്ഞുപോകുമെന്നും ഫലംപറയാം. എങ്കിലും അർശോരോഗവും തന്മൂലം ക്ഷിപ്രകോപവും സംഭവിക്കുകതന്നെ വേണം.

### "ധനഭാരസിദ്ധിം, ജിതകോപമാര:"

ഇതിവചനേന കേരളത്തിലെ മണിപ്ലേഴ്സ മന്ത്രിയായിരിക്കുന്നവർക്ക് വെറുതെയെങ്കിലും മുഖ്യമന്ത്രി എന്ന ബഹുമതിയും, ആവശ്യാനുസരണം ധനവും, സുകുമാരാദികളായ സ്വവർഗ്ഗക്കാരുടെ അപ്രീതിയും എല്ലാ മന്ത്രിമാരോടും ഹൃദയംകൊണ്ടൊരു കെറുവുംഫലം.

### "സ്ഥാനഭ്രംശേ പൂവ്-സിദ്ധിംപ്രസിദ്ധിംച..."

ഇതിവചനേന പണ്ടുണ്ടായിരുന്ന നല്ല ഒരു സ്ഥാനഭ്രംശം വന്നുപോകുകയും എന്നാൽ ആയതു് ഒരു താൽക്കാലികഗുണമായി പരിണമിക്കുകയും ചെയ്യുമെന്നു് ചരകവിധിയിൽ പറയുന്നു. എന്തായാലും സമഗ്രഭാവവും, അതിനെ താങ്ങിനിൽക്കുന്ന ഉഗ്രമായ ഒരു 'തണ്ടും' ഈ വ്യക്തിയെ വിട്ടുമാറുകയില്ല, 'നിന്നാണെന്നു സർവതോ' എന്ന പ്രമാണപ്രകാരം ലജ്ജാഹീനതയും, എല്ലാ പ്രവൃത്തിയിലും "ത്രപാ നയാചൈസാ" എന്ന നയവും: അദ്ദേഹത്തിന്റെ മറ്റൊരു ഗുണവിശേഷമായിരിക്കും തന്മൂലം പട്ടിണിയ്ക്കുവകാശമില്ലെന്നു നിശ്ചയം.

### "വീര്യവൃദ്ധിം നിയമസ്യ-സാമുദായികവഃികൃതാം"

ഇതിവചനേന പോലീസുവകുപ്പു കൈകാര്യംചെയ്യുന്ന മന്ത്രി ആരുതന്നെയായാലും ഉറച്ച മീശയും, നിയമത്തെ സ്വന്ത ഇഷ്ടാശക്തിക്കു് എടുത്തു പന്താടാനുള്ള ചങ്കൂറ്റവും, സൗകര്യവും അനുഭവപ്പെടുന്നതോടൊപ്പം സ്വസമുദായകാര്യങ്ങൾക്കു് രാഷ്ട്രീയഹസ്താവലംബവും, രണ്ടു പോക്കറ്റും എന്നും വീർക്കലും ഫലം. പക്ഷെ കെ. എം. കോര, പനമ്പള്ളി മുതലായ പക്ഷികളുടെ ചുണ്ടുകൊണ്ടും, ഇ.എം. എൻ., നമ്പൂതിരി, മുതലായ നാൽക്കാലികളുടെ കൊമ്പുകൊണ്ടുള്ള ക്ഷതവും അനുഭവിക്കേണ്ടതായുംവരാം. എങ്കിലും ധനകാരകനായ ഖജനാവിന്റെ ദൃഷ്ടിയുള്ളതുകൊണ്ടു് സർവകാര്യസിദ്ധി മുഖ്യഫലം,

### "അഭിലിലാ, മദ്ധ്യശ്രുലക:"

ലീലാപതികളായിട്ടുള്ള മദ്ധ്യശ്രുലിനികളായിട്ടുള്ള ദാമോദരപ്രഭൃതികൾക്കു് ഉദ്ദിഷ്ടകാര്യം ദൈവഗത്യാ സാധിക്കുകയും, പട്ടപ്രസാദവും ഇഷ്ടാനുസരണം നിറംമാറലും, തന്മൂലം ധനലാഭവും ഫലം—ഭാഗ്യകാരകനായ എം. എൽ. ഏ. ഗ്രഹാധിപനീചസ്ഥാനത്തു നിൽക്കുന്നതുമൂലം അല്പം മനഃശ്ചാഞ്ചല്യത്തിനവകാശമുണ്ടെങ്കിലും നിരാശയ്ക്കിടയില്ല.

### "സമൂലപൗലോസ്യ-പദംശവിദ്യാ:"

ഇതിവചനേന ഭക്ഷ്യവകുപ്പുമന്ത്രിയായ പൗലോസിനു് കുംകുമപ്പൊടിയും, അവലോസുണ്ടതീററയും മുഖ്യഫലം, കൂടാതെ ഭക്ഷ്യക്ഷാമമാകുന്ന ചൊറിചിരങ്ങുകൾ നിത്യേന ഉപദ്രവിച്ചുകൊണ്ടിരിക്കുകയും അരിയില്ലാതെ ആഹാരം കഴിക്കാൻ നിർബ്ബന്ധിതനായിത്തീരുകയും തന്മൂലം 'നരാരിമന്ത്രി' (നരയുടെയും അരിയുടെയും മന്ത്രി) എന്ന ബഹുമതിക്കു് അർഹനായിത്തീരുകയും ചെയ്യും. "ശപോക്സ്യ ഗുദാർത്തഞ്ചേ" ഇതിവചനേന പോക്കു് (യുദ്ധം, വഴക്കു് മുതലായവ—ഒരു ജന്തുവിന്റെ ഇറച്ചിയേയും കുറിക്കും) മുതലായവയുടെ ശക്തിയാൽ "മൂട്ടചൊറിച്ചിലും" വായ്ക്കോട്ടുവായും അനുഭവപ്പെടേണ്ടതാണു്. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ ഭാര്യാപ്രീതിയും ഫലം.

### "ചിട്ടിഭിർക്ലിഷ്ടതേ ഹന്താ മെഡിസ്യാനഭിനായകഃ"

ഇതിവചനേന മെഡിക്കൽമന്ത്രിക്കു് ഈ വിഷുമുതൽ ഒരു വർഷത്തേക്കു് മന്നത്തിനു് സമരകാലത്തു സിദ്ധിച്ച സദ്യവട്ടങ്ങൾസഹിതമുള്ള പൂരാ ശാപ്പാടും, ചിട്ടിക്കുടമെന്ന ഗുഹ്യരോഗബാധ


~~~~~~~~~~~~~~~~~~~~

## കെ. ശങ്കരൻനായർ

മലക്കറിവ്യാപാരം

കല്ലൻ റോഡിനു കിഴക്കു വശം

**മുല്ലയ്ക്കൽ—ആലപ്പുഴ**

മലക്കറികൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. അടിയന്തിരങ്ങൾക്കു് ആവശ്യമുള്ള മലക്കറികൾ ഇവിടെനിന്നും വാങ്ങുക

~~~~~~~~~~~~~~~~~~~~


യും, നായന്മാർ എന്ന വിഷജന്തുക്കളിൽനിന്നു വിഷബാധയും, 'മെഡിക്കൽക്കാശു്' എന്ന ലോട്ടറിസമ്മാനവും ഫലം.

### "ലാ പാനശ്ച: വിസർജ്ജ്യശ്ച:"

ഇതിവചനേന നിയമമന്ത്രിക്കു് ഏ—ബി—സി—ഡി എന്ന ആന്ത്രനോവു മൂലം ഉദരവീക്കവും, പപ്പടവട എന്ന പലഹാരത്തിൽ അതീവതൽപ്പരതയും വായിൽനോട്ടവും, ഒടുവിൽ ഇളിഭ്യതയും ഫലം.

### "കുണ്ടാമണ്ടിംച വണ്ടിംച"

ഇതിവചനേന വണ്ടിമന്ത്രിക്കു് ഭാര്യയുടെ കർശനമായ "വൺവേ ട്രാഫിക്കു്" മൂലം എപ്പോഴും അസ്വസ്ഥതയും, ആറേഴ റൂട്ടുകളുടെ അഡ്വാൻസിൽനിന്നു് അർദ്ധനഷ്ടം, ആലസ്യം മുതലായവയും അടുക്കളക്കാരിയിൽനിന്നു് ഒരടിയും ഫലം.

### "ഉമ്മറത്ത്യാനുമ്മദത്ഥാൻ"

ഇതിവചനേന ഉമ്മറെന്ന കോയാമന്ത്രിക്കു് ഊണിൽ ആസക്തിയില്ലായ്മയും വിദ്യാഭ്യാസവകുപ്പെന്ന ചൊറിയും, നെഞ്ചെരിച്ചിലും വട്ടുമാറായ്കയും ഫലം.

### "വടകദളി ലഡ്ഡും സ്നേഹ-പാൽപായസസ്യാ"

ഇതിവചനേന ആരുതന്നെയായാലും പൂണൂലിട്ട പോററികൾ മന്ത്രികളായിട്ടുണ്ടെങ്കിൽ അവർക്കു് ശ്രീപത്മനാഭതൃപ്പെരും തൃക്കോവിൽ സ്വാമികൃപയാൽ വട, ലഡ്ഡു, പാൽപായസം, ഉണക്കപ്പട, എന്നിവ ലഭിക്കുകയും, ദിവസത്തിൽ പതിനെട്ടു മണിക്കൂർ ഉറക്കവും ബാക്കി ആറു മണിക്കൂർ മുഖക്ഷൗരവും ഫലം.

### "സതതഹരിജനൈന്യ: സ്വാത്മലാഭാൻ പ്രലോഭാൻ"

ഇതിവചനേന ഹരിജനവകുപ്പുമന്ത്രിക്കു് സ്വന്തജനങ്ങളിൽനിന്നു് ഭര്യാലാഭവും, അവരുടെ ആഗ്രഹസാദ്ധ്യതയ്ക്കു് കോഴിക്കോട്ടേയ്ക്കു യാത്രയും, ചിലപ്പോൾ മലബാറിൽ വനംപതിവും സരോജാതേജോവധവും ഫലം. എങ്കിലും സുഖഭക്ഷണവും, വെടിപറച്ചിലും പ്രതീക്ഷയാൽ കവിഞ്ഞു പ്രതീക്ഷിക്കാം.

—*—

# ★ ശങ്കരന്റെ തണ്ട് ★

[വഴിയിൽ കിടന്നുകിട്ടിയതും, അങ്ങിങ്ങ് തുപ്പൽ. ചെളി, ചാണകം, മുതലായ മാലിന്യങ്ങൾ പുരണ്ടതുമൂലം ചില ഭാഗങ്ങൾ അവ്യക്തവുമായ ഒരു പത്രറിപ്പോർട്ടാണു പ്രസിദ്ധീകരിക്കുന്നത്. ഇതേവരെ ഈ റിപ്പോർട്ട് ഒരു പത്രത്തിലും വന്നിട്ടില്ലാത്തതുകൊണ്ട് കൈമോശം വന്നതായിരിക്കുമോ ഇതെന്നും സംശയിക്കേണ്ടിയിരിക്കുന്നു.]

പ്രതിനിധി രാവിലെ പത്തുമണിക്ക് പെരുന്നയിലുള്ള മന്നവസതിയിൽ എത്തി, അദ്ദേഹം വരാന്തയിൽ നില്ക്കുകയാണ്. മക്കവാദിനന്ദികേശപരട്ടം ഗീരടി ഭൃതഗണങ്ങൾ പരിസേവനത്തിന തയ്യാറായി പതിവുപോലെ അല്പം അകലെ മാറി കാത്തുനിന്നു നില്പുണ്ട്. അപ്പോഴാണ് പ്രതിനിധി അങ്ങോട്ട് കടന്നുചെന്നത്.

'ഓ— പത്രപ്രതിനിധി വന്നിരിക്കുന്നല്ലോ. വിശേഷാൽ ഒന്നും ഈ അവസരത്തിൽ പറയേണ്ടതായിട്ടില്ല. കുറച്ചുനാളത്തെ വിശ്രമാർത്ഥം ഞാൻ പീരുമേട്ടിനു പോകാൻ തയ്യാറായി നിൽക്കയാണ്.' പ്രതിനിധിയെ കണ്ടയുടൻ മന്നം പറഞ്ഞു.

'അങ്ങ് പീരുമേട്ടിൽ പോകയാണെന്ന് പറയുന്നതുകേട്ടിട്ടാണ് ഞാനിങ്ങോട്ടുവന്നത്. ഈ അവസരത്തിൽ അങ്ങ് സ്ഥലംവിടുന്നത് നല്ലതാണോ എന്നൊരു സംശയം. അക്കാര്യം അറിയിക്കാനും ചിലതൊക്കെ ചോദിച്ചറിയാനുമാണ് ഇങ്ങോട്ടു വന്നത്.' പ്രതിനിധി പറഞ്ഞു.

'ഈ അവസരത്തിൽ സ്ഥലംവിടുന്നത് നല്ലതല്ല എന്ന് നിങ്ങൾ പറയുന്നു. എന്താ ഈ അവസരത്തിന് വിശേഷം?' മന്നം ചോദിച്ചു.

'ശങ്കറിന്റെ പേട്ടപ്രസംഗം അങ്ങും അറിഞ്ഞുകാണുമല്ലോ. അയാൾ തനി ഈഴവവർഗ്ഗവാദിയായി മാറിയിരിക്കയാണ്. അങ്ങയേയും പട്ടത്തിനേയും തെറിപാക മാത്രമാണ് അയാളുടെ ദിനമണിപ്പത്രത്തിന്റെ ഇപ്പോഴത്തെ ജോലി. അയാളുടെ പിന്നിൽ അണിനിരന്നിരിക്കുകയാണ് പൊട്ടൻ കാർത്തികേയനും, അവസരവാദി കേരളകൗമുദി സുകുമാരനും. ഈ പോക്ക് തുടരുകയാണെങ്കിൽ ഐക്യകക്ഷിഭരണത്തിന്റെ നില എവിടെച്ചെന്നു നിൽക്കുമെന്ന് കണ്ടുതന്നെ അറിയേണ്ടതാണ്. ഇപ്പോഴത്തെ സർക്കാരിന്റെ പിതാവ് അങ്ങാണെന്നാണ് രാജ്യവാസികൾ വിശ്വസിച്ചിരിക്കുന്നത്. അങ്ങിനിരിക്കെ അങ്ങയുടെ ഈ സ്ഥലംവിടീൽ അത്ര ശരിയാണോ എന്നൊരു സംശയം.' പ്രതിനിധി കാര്യം പറഞ്ഞു.



'ശങ്കർ എന്നു പറയുന്ന ഇവനെ പണ്ടേ എനിക്കറിയാം. രാജ്യവാസികൾക്കും അറിയാമെന്നാണ് എന്റെ വിശ്വാസം. കാര്യം കാണുന്നതുവരെ കാലിനടിയിൽ കിടന്നു കരയും. കഴിഞ്ഞാലോ തലയിൽ കേറിയിരുന്നു നിരങ്ങും. ഈ അനുഭവം ഇതിനു മുമ്പും എനിക്കുണ്ടായിട്ടുണ്ട്. എങ്കിലും മനുഷ്യനല്ലേ, മാററംവരാതിരിക്കുമോയെന്നുകരുതി ഞാനതെല്ലാം മറന്ന് ഈ നീചനെ ഉയർന്ന പദവിയിലെത്തിക്കാൻ രാപകൽ നടന്നു വേലചെയ്തു. പൊതുജനങ്ങളുടെയും ഈശ്വരന്റെയും സഹായംകൊണ്ട് കാര്യംനേടി. കിട്ടാൻപാടില്ലാത്തതു കിട്ടിക്കഴിഞ്ഞപ്പോൾ അയാളുടെ തൊണ്ടയ്ക്കു പിടികൂടിയിരിക്കയാണ്. ചെററകളുടെ പ്രധാന ലക്ഷണമാണ് തണ്ടും മറവിയും. ഇതു രണ്ടും കൊണ്ടുണ്ടാക്കിയ ഒരു വികൃതസൃഷ്ടിയാണ് ശങ്കർ. അയാളോ അയാളുടെ പത്രമോ എന്തും പറയുന്നതിലെന്താ അത്ഭുതം? അയാളുടെ കാര്യം വിട്ടുകള പ്രതിനിധീ. ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നു കുരുത്ത തകരകൾ സ്വല്പം അഹങ്കരിക്കുന്നെങ്കിൽ അഹങ്കരിച്ചോട്ടെ. നാളത്തെ വെയിലിൽ കരിയാൻ പോകുന്നവയല്ലേ അവ. എനിക്കു നേരമായി. ഞാൻ പോയിവന്നിട്ട് ബാക്കി കാര്യങ്ങൾ പറയാം.' മന്നം ഇത്രയും പറഞ്ഞിട്ട് കാറിൽ കയറി യാത്രയായി.

പ്രതിനിധി യാത്രയായിറങ്ങി. വഴിക്കുവെച്ച് പട്ടംസാർ ഒരു കാറിൽ പോകുന്നതുകണ്ട് പ്രതിനിധിയും കൂടെ ഓടി. രണ്ടു മണിക്കൂർനേരത്തെ ഓട്ടത്തിനു ശേഷം പ്രതിനിധി പട്ടത്തിനെ പിടികൂടി.

'സാറെന്നെ അറിയുകില്ലേ? ഞാൻ ഒരു പ്രതിനിധിയാണ്.' പ്രതിനിധി പറഞ്ഞു.

'ഓഹോ, കണ്ടതിൽ വളരെ സന്തോഷമുണ്ട്. ഇത്ര തിടുക്കത്തിൽ കാണാൻ വന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഞാൻ ഡൽഹിക്കു തിരിച്ചിരിക്കയാണ്.' പട്ടം പറഞ്ഞു.

'വിശേഷിച്ചൊന്നുമില്ല. മന്ത്രിസഭാരൂപവൽക്കരണകാലത്തെ യോജിപ്പും സ്നേഹവും, ഇപ്പോഴും നിങ്ങൾ മന്ത്രിമാർതമ്മിലുണ്ടോ?' പ്രതിനിധി ചോദിച്ചു.

'എന്താ അങ്ങിനെ ചോദിക്കാൻ കാരണം?' പട്ടം ചോദിച്ചു.

'കാരണങ്ങൾ ഒരുപാടുണ്ട്. അതു പോകട്ടെ. അങ്ങയുടെ അധീനതയിലുള്ള പത്രമല്ലേ കേരളജനത?" പ്രതിനിധി ചോദിച്ചു.

'അതെ, അല്ലെന്നാരെങ്കിലും പറഞ്ഞോ?' പട്ടം ചോദിച്ചു.

'ഡപ്യൂട്ടി പ്രധാനമന്ത്രി ശങ്കറിന്റെ വകയല്ലേ ദിനമണി?' പ്രതിനിധി ചോദിച്ചു.

'സംശയമെന്താ?' പട്ടം പറഞ്ഞു.

'കേരളജനത ശങ്കറിനേയും, ദിനമണി അങ്ങയേയും അന്യോന്യം ശകാരിക്കുന്നതു കാണുമ്പോൾ ഞങ്ങൾ പാവങ്ങൾ അമ്പരന്നുപോകയാണ്. കേരളീയർ പരിഭ്രമിച്ചുഴലുകയാണ്. നിങ്ങളിരുവരും തമ്മിൽ എല്ലാവരും കാണെ കെട്ടിപ്പിടിക്കയും, നിങ്ങളുടെ പത്രങ്ങൾ പരസ്പരം പുലയാട്ടുകൾ വിളിക്കയും—എന്താ പട്ടംസാറെ ഇതിന്റെയൊക്കെ അർത്ഥം?'

'ക്ഷോഭിക്കാതിരിക്കൂ പ്രതിനിധീ. നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം ശരിക്ക് എനിക്കു മനസ്സിലായി. ഈഴവസമുദായത്തിൽ എനിക്ക് പരിചയവും സ്നേഹവും ബഹുമാനവുമുള്ള ഒരു വ്യക്തി സി. കേശവനാണ്. ഇത്ര ആത്മാർത്ഥതയും ജനസ്നേഹവുമുള്ള മറെറാരാളിനെ ഞാൻ കണ്ടിട്ടില്ല. അങ്ങിനെയുള്ള സി. കേശവനിൽകൂടിയാണ് ഞാൻ ഈഴവസമുദായത്തെ മുഴുവൻ കാണുന്നത്. ശങ്കറിലും അത്തരം ഗുണങ്ങൾ ഏറെക്കുറെ കാണുമെന്ന് ഞാൻ വിശ്വസിച്ചുപോയി. അടുത്തപ്പോഴല്ലേ, വാമനന്റെ വിശ്വരൂപം കാണാനിടയായത്. തണ്ടന്മാർ കുഷ്ഠരോഗികളെക്കാൾ വെറുക്കപ്പെടേണ്ടവരാണെങ്കിലും, അവർ മണ്ടന്മാരായിരിക്കുമെന്നായിരുന്നു എന്റെ വിശ്വാസം. എന്നാൽ ഈ ശങ്കറിന്റെ തണ്ടിനോട് തുല്യതവഹിക്കാൻ, അയാളുടെ വഞ്ചന മാത്രമല്ലാതെ മറെറാന്നില്ല. കമ്പളവും, ടീഎമ്മും, പനമ്പള്ളിയുമൊക്കെ എന്റെ നെഞ്ചിൽ കുത്തിയിട്ടുണ്ട്. ആ കുത്തുകൾമൂലം ഞാൻ മലർന്നടിച്ചു വീണിട്ടുമുണ്ട്. എങ്കിലും കുത്തലിൽ സ്വല്പമൊരു മനുഷ്യത്വമുണ്ടായിരുന്നു. എന്നാൽ ശങ്കർ എന്നു പറയുന്ന ഈ നിസ്സാര കീടം.... (കുറെ ഭാഗം ചെളി പിടിച്ച് കാണാൻവയ്യ)

....പ്രതിനിധി നേരേ തിരുവനന്തപുരത്തുള്ള ശങ്കർവസതിയിലേക്ക് വെച്ചടിച്ചു. രണ്ടുപേർ നിന്ന് തലമുടി ചീകിക്കൊടുക്കുന്നു. വേറെ രണ്ടുപേർ പൗഡർ തേച്ചു പിടിപ്പിക്കുന്നു. മറെറാരാൾ വായിൽ ചുരുട്ടുവെച്ചുകൊടുക്കുന്നു. വേറൊരാൾ തീപ്പെട്ടിയുരച്ച് ചുരുട്ടിൽ തീ പിടിപ്പിച്ചുകൊടുക്കുന്നു. രണ്ടുപേർ പാൻറും ബുഷ്കോട്ടും ധരിപ്പിക്കുന്നു. മറെറാരുത്തൻ ഷൂസിൽ പാദങ്ങൾ തിരുകിക്കേററുന്നു. ഈ രീതിയിൽ നിൽക്കുന്ന ഡപ്യൂട്ടി പ്രധാനമന്ത്രി ശങ്കറിനെയാണ് പ്രതിനിധി ചെന്നപ്പോൾ കണ്ടത്.

'താനാരാണ്? തനിക്കിവിടെന്തു കാര്യം?' ശങ്കർ സഗൗരവം ചോദിച്ചു.

'ഞാൻ പത്രപ്രതിനിധിയാണ്. അങ്ങുമായി ഒരഭിമുഖസംഭാഷണം നടത്താനാണു വന്നത്'. പ്രതിനിധി പറഞ്ഞു.

'തന്നെ ഞാൻ കണ്ടിട്ടില്ലല്ലോ' ശങ്ക


കഥാപ്രസംഗം
സുപ്രസിദ്ധ കാഥിക:
M.S. ചന്ദ്രവല്ലി
കളർകോട്ട്,
ആലപ്പുഴ.
★
പശ്ചാത്തലം:
കളർകോട്ട് ശാന്തമ്മ
& പാർട്ടി.
പ്രധാന കഥകൾ:
മാനിഷാദ, മാമ്പഴം,
ഭക്തകുചേലൻ, കരുണ.
മഗ്ദലനമറിയം,
മുത്തുക്കുടം, രണ്ടിടങ്ങഴി.

വിവരങ്ങൾക്ക്: വേണുജി, കളർകോട്ട്, ആലപ്പുഴ.

ർ പറഞ്ഞു.

'വിവരമുള്ള ആണുങ്ങൾ മാത്രമെ എന്നെ കണ്ടാലറിയൂ.'

'അതുശരി, എന്തുകാര്യത്തെക്കുറിച്ചാണു നിങ്ങൾ അഭിമുഖസംഭാഷണം നടത്താനാഗ്രഹിക്കുന്നതു്?' ശങ്കർ ചോദിച്ചു.

"അങ്ങയുടെ പത്രമായ ദിനമണിയും, അങ്ങയുടെ ആശ്രിതനായ പൊട്ടന്റെ പൊതുജനവും, മന്നത്തിനേയും പട്ടത്തിനേയും കുറിച്ചു് ഏഭ്യത്തരം എഴുതുന്നു. അതുപോലെതന്നെ അവരുടെ പത്രങ്ങളായ മലയാളിയും, കേരളജനതയും, അങ്ങയേക്കുറിച്ചും തെമ്മാടിത്തരങ്ങൾ എഴുതുന്നു. ഇതെല്ലാം വായിക്കുന്ന ജനങ്ങൾ പറയുന്നു, ഇതെല്ലാം ഒരുവക പോക്രിത്തരമാണെന്നു്. ഇതിന്റെ സൂക്ഷ്മസ്ഥിതി അറിയാമല്ലോ എന്നുകരുതിയാണു് ഇങ്ങോട്ടുവന്നതു്.' പ്രതിനിധി പറഞ്ഞു.

'അപ്പോൾ പൊതുജനങ്ങൾക്കു ബോധം ഉണ്ടായിത്തുടങ്ങിയിരിക്കുന്നുവെന്നു വേണമല്ലോ ഊഹിക്കാൻ.' ശങ്കർ പറഞ്ഞു.

(കുറച്ചുഭാഗം തുപ്പൽ പുരണ്ടു് അവ്യക്തം)

'എടോ പ്രതിനിധി! ഈ ശങ്കറിനെ നിങ്ങൾക്കറിഞ്ഞുകൂടാ. ഡപ്യൂട്ടി പ്രധാനമന്ത്രിപദവിയൊ, പ്രധാനമന്ത്രി പദവിയൊ, ഇൻഡ്യൻ പ്രധാനമന്ത്രിപദമൊ, ഈ ശങ്കറിന്റെ മുമ്പിൽ വെറും ഉണക്കപ്പുല്ലുകളാകുന്നു, എന്റെ ബുദ്ധിശക്തിക്കു് കൈകാര്യം ചെയ്യാൻ യോഗ്യതയുള്ള യാതൊന്നും ഈ ലോകത്തില്ല പിന്നെന്തുവാ—ഒരു നേരം പോക്കിനു ഡപ്യൂട്ടിപ്രധാനമന്ത്രിസ്ഥാനം ഇരുന്നോട്ടെയെന്നു ഞാൻ കരുതി. കിഴട്ടുശവങ്ങളായ മന്നവും പട്ടവുമൊക്കെ വിചാരിക്കുന്നു എനിക്കീസ്ഥാനം വലിയ കാര്യമാണെന്നു്: മുതുകുരങ്ങന്മാരെന്തറിഞ്ഞു, എന്റെ വൈഭവങ്ങൾ?—' ശങ്കർ ഇത്രയും പറഞ്ഞപ്പോൾ ഒരു ദരിദ്രവാസി കിളവൻ കീറത്തോർത്തുമുടുത്തോണ്ടു് അവിടെ കേറിവന്നു. 'ഈ ദരിദ്രപ്പരിഷകൾ കിടക്കുന്നിടത്തോളം രാജ്യത്തിനു ഗുണം പിടിക്കയില്ല' ശങ്കർ മുതുദരിദ്രനേനോക്കിപ്പറഞ്ഞു.

"എടോ കാൺസ്റ്റബിൾ! ഈ തെണ്ടിയേപ്പിടിച്ചു് പുറത്തെറിയൂ, നല്ല നേരം നോക്കി തെണ്ടാൻ വന്നിരിക്കുന്നു" ഡപ്യൂട്ടി പ്രധാനമന്ത്രി കാൺസ്റ്റബിളിനോടാജ്ഞാപിച്ചു. എന്നിട്ടു് അകത്തെ മുറിയിലേക്കു കയറി.

ഇതു കണ്ടുകൊണ്ടിരുന്ന പ്രതിനിധി മൂപ്പീന്നിനെ സമീപിച്ചു് വർത്തമാനം പറഞ്ഞാശ്വസിപ്പിക്കാൻ തുടങ്ങി.

"എന്തുവാ അച്ചനെ, പറയുന്നേ. ഈ ഞെളിഞ്ഞുനിൽക്കുന്ന കുഞ്ഞുങ്കരനുണ്ടല്ലോ, പുത്തൂർ ഭഗവതിയാണെ കൊട്ടാരക്കര ഗണപതിയാണെ, എന്റെ മോനാണെ, ഇവനെ ജനിപ്പിച്ചതു് ഞാനാണെന്നാ, ഇവന്റെ അമ്മ ധൈര്യമായി പറയുന്നതു്. ഇവൻ എന്റെ മടിയിൽകിടന്നു വളന്നോനാ. ഭഗവാനെ! ഇങ്ങിനെയും കാലം മറിയുമോ?' മൂപ്പീന്നു് പ്രതിനിധിയോടു പറഞ്ഞു.

ശങ്കറിന്റെ ഉച്ചത്തിലുള്ള ശബ്ദം കേട്ടു് മിസ്സിസ്സ് ശങ്കർ വെളിയിൽവന്നു നോക്കി വിവരമറിഞ്ഞിട്ടു് നേരെ ഭർത്താവിനെ സമീപിച്ചു പറഞ്ഞു, ഇതെന്തൊരു കൂത്തപ്പാ! സ്വന്തം തന്തയെയാണോ ഓടിച്ചുവിട്ടതു്:

'വന്നാട്ടച്ഛാ അകത്തുപോയി ഊണുകഴിഞ്ഞിട്ടു് നമുക്കു കാര്യങ്ങൾ പറയാം' മിസ്സിസ്സ് മൂപ്പീന്നിനോടു പറഞ്ഞു.

ആങ്ഹാ—ഇതുണ്ടോ ഞാനറിഞ്ഞു? ഈ കിഴട്ടുപ്രാണി നിന്റെ തന്തയാണെന്നു് ഞാനറിഞ്ഞില്ലെടീ പെണ്ണുംപിള്ളേ. എന്നാൽ വിളിച്ചോണ്ടുപോയി പോറുകൊടു" ശങ്കർ ഭാര്യയോടു പറഞ്ഞു.

"എന്നാൽ ഞാനിപ്പോൾ ഇറങ്ങട്ടെ' പ്രതിനിധി തൊഴുതോണ്ടു ചോദിച്ചു.

'എന്നേപ്പററിയുള്ള കുറച്ചു വിവരങ്ങൾ നിങ്ങൾക്കിപ്പോൾ കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ പിന്നെ കാണാം' ശങ്കർ പ്രതിനിധിക്കു് യാത്രപറഞ്ഞു.

....0....


# മൂന്നു കാര്യങ്ങൾ

★ ഔഷധനിർമ്മാണം
★ ഔഷധ ഗുണം
★ അതിന്റെ ഫലസിദ്ധി

ഇവ മൂന്നിലും "ബഹുകല്പം, ബഹുഗുണം, സമ്പന്നംയോഗ്യമൗഷധം"—എന്ന വാഗ്ഭടാചാര്യ നിർദ്ദേശത്തെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ അംഗീകരിച്ചിട്ടുള്ളതുകൊണ്ടാണു് "ജയഭാരതം ആര്യവൈദ്യശാല"യിലെ ഔഷധങ്ങൾ എന്നും ഒന്നാംകിടയിൽത്തന്നെ അനുഭവപ്പെടുന്നതു്.

## ജയഭാരതം ആര്യവൈദ്യശാല [Regd]

### H. O. പുനലൂർ (ഫോൺ നമ്പർ 10)

ബ്രാഞ്ചുകൾ:—

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | അടൂർ | 9 | ഏനാത്തു് | 17 | കൊട്ടാരക്കര | 25 | കായൂർ | 32 | തട്ടയിൽ |
| 2 | അഞ്ചൽ | 10 | എടതപാ | 18 | രാജപാളയം | 26 | പനവേലി | 33 | തെന്മല |
| 3 | ആയൂർ | 11 | ഹരിപ്പാടു് | 19 | കുണ്ടറ | 27 | പന്തളം | 34 | തിരുവൻവണ്ടൂർ |
| 4 | ചടയമംഗലം | 12 | കല്ലിശ്ശേരി | 20 | കുന്നിക്കോടു് | 28 | പറക്കോടു് | 35 | തൊടുപുഴ |
| 5 | ചാത്തന്നൂർ | 13 | കഴുതുരുട്ടി | 21 | മേപ്രാൽ | 29 | പത്തനംതിട്ട | 36 | ചിരട്ടക്കോണം |
| 6 | ചെങ്ങമനാടു് | 14 | കരുനാഗപ്പള്ളി | 22 | മുളവന | 30 | പത്തനാപുരം | 37 | കൈപ്പട്ടൂർ |
| 7 | ചെങ്ങന്നൂർ | 15 | ചങ്ങനാശേരി | 23 | കടമ്പനാടു് | 31 | പുലമൺജംക്- | 38 | തലവൂർ |
| 8 | കായംകുളം | 16 | പുറക്കാടു് | 24 | കോഴഞ്ചേരി | | ഷൻ(കൊട്ടാരക്കര) | 39 | മൂവാററുപുഴ |

പ്രൊപ്രൈറ്റർ— പി. ഒ. തോമ്മസ്‌വൈദ്യൻ, വൈദ്യകലാനിധി

# ★ നെഹ്റു-ചൗ സംഭാഷണം ★

[ചരിത്രപ്രസിദ്ധമായ നെഹ്റു—ചൗ സംഭാഷണം അതിൻെറ യഥാർത്ഥ രൂപത്തിൽ ആരും ഇതുവരെ റിപ്പോർട്ടുചെയ്തിട്ടില്ല. ഞങ്ങൾ അതിൻെറ വാസ്തവികത പ്രസ്പഷ്ടമാക്കുകയാണ്.]

നെഹ്റു.— (പഞ്ചശീലാടിസ്ഥാനത്തിൽ)

വത്സ!സുഹൃത്ത!ചൂ-എൻ-ലായി കേൾക്കണം
മത്സരാദ്ധ്യംവെടിഞ്ഞെന്നുടെ വാക്കുകൾ
നീങ്ങടെ തത്വമറിഞ്ഞിരിക്കുന്ന ഞാ-
നങ്ങനെ ഞങ്ങടെ തത്വങ്ങൾ നിങ്ങളും
രാഷ്ട്രീയമെല്ലാം ക്ഷണപ്രഭാചഞ്ചലം
കാഷ്ഠസമാനം പരിവർജ്ജ്യയേൽ സഖേ!
പഞ്ചശീലാത്മകം ദേഹമേററം, പരം
സഞ്ചിതമാഗ്രഹ,മാവേശിതം സഖേ!
ആകയാൽ ഞാനുപദേശിപ്പൂ താങ്കളോ-
ടാഹാര,നീഹാര മെല്ലാം ത്യജിക്കുവാൻ
ഇൻഡ്യയുമസ്ഥിരമല്ലയോ കോൺഗ്രസ്സിൽ
കണ്ടുഞാ,നായതീ കാലഘട്ടങ്ങളിൽ

ദ്വിഭാഷി— (ഇതുകേട്ടപ്പോൾ അസ്തചേതനനായിനിന്നു പോയി. രാഷ്ട്രീയമായ ഇൻഡ്യൻ അതൃത്തിഭേദനകാര്യം വിസ്മരിച്ച് പണ്ഡിററ്ജി അദ്വൈതത്തിലേക്കു കടന്നതായിട്ടറിഞ്ഞാൽ കാര്യം കുഴപ്പമാകുമല്ലോ എന്നു വിചാരിച്ച് അയാൾ അതെല്ലാം മറച്ചുവച്ചിട്ട് ഇങ്ങനെ നെഹ്റുവിൻെറ വാക്കുകൾ ഭാഷാന്തരം ചെയ്തു.)

ഇൻഡ്യയുടെ അതിഥിയായി വന്ന താങ്കൾക്ക് പഞ്ചശീലതത്വങ്ങളിൽ അഭിവാദനങ്ങൾ! ചൈനയുടെ: അതൃത്തിലംഘനം ഒരിക്കലും ഞങ്ങൾക്കു സന്തോഷമുള്ളകാര്യമല്ല."

ചൗ-എൻ-ലായ്:-

"അസിങ് പപ്പങ്ടകാചുഞ്ചു,
തർങ്ങ്ചടാബയാങ്ച്ഹ്ഹ"

ദ്വിഭാഷി— (ഇൻഡ്യൻ ഭാഷയിലേക്കുള്ള വിവർത്തനം)

"സ്നേഹിതാ! ഞാൻ അതിനൊന്നും വന്നതല്ല. നിങ്ങളുടെ പഞ്ചശീലം ഞങ്ങളുടെ നാട്ടിൽ ദഹിക്കുന്നതുമല്ല. അതുകൊണ്ട് അതൊക്കെ കിടക്കട്ടെ; നിങ്ങൾ തന്ന "സൽക്കാരത്തിനുള്ള എൻെറ കൃതജ്ഞത ഞാൻ ആദ്യമേ വെളിപ്പെടുത്തിക്കൊള്ളട്ടെ. നിങ്ങളുടെ പപ്പടവും തൈരുവടയും എനിക്കു വളരെ ഇഷ്ടപ്പെട്ടു. അതു നിർമ്മിക്കുന്നതിന് ഞങ്ങൾ ഒരു ഫാക്ടറി തുടങ്ങുവാൻ തീരുമാനിച്ചിരിക്കുകയാണ്.

നെഹ്റു:- അഥിനെന്താ കേൾക്കു-

"ഭോഗങ്ങളെല്ലാം ക്ഷണപ്രണാചഞ്ചലം
വേഗേന നഷ്ടമാം ഭോജ്യങ്ങളൊക്കെയും
മേനോൻ മമ സഖി ക്യാനഡാതന്നിലായ്
മ്ളാനനായ്പോയി തിരിക്കുന്നപോലെയും
പാന്തിൻപിടിവാദമെന്നതുപോലെയും
ക്ലാന്തതേ നശ്വരം! രാഷ്ട്രീയചിന്തകൾ!
ആകയാൽ ഞാനുപദേശിപ്പൂ പഞ്ചശീ-
ലായുധംതന്നെയതിൽ കരകേററുവാൻ"

ദ്വിഭാഷി— പ്രിയപ്പെട്ട ചൗ-എൻ-ലായി! താങ്കളുടെ അഭീഷ്ടം എങ്ങനെയോ അതുപോലെ ചെയ്യുവാൻ ഞങ്ങൾ സന്നദ്ധരാണ്. ഞങ്ങൾ പാകിസ്ഥാൻകാർക്ക് ഇതുപോലെ കുറെ സ്ഥലം വിട്ടുകൊടുത്തു. അത് എൻെറ സ്വന്തം അഭിപ്രായപ്രകാരമായിരുന്നു. പക്ഷെ എൻെറ പൊന്നേ! അതേപ്പററി പാർലമെൻറിലുണ്ടാക്കിയ കുഴപ്പങ്ങൾ! അതു പറയാതിരിക്കുകയാണു ഭേദം! ആകട്ടെ നിങ്ങൾക്കെല്ലാവർക്കും സുഖംതന്നെയാണല്ലോ?....

ചൗ:— ചുങ്ചോ ബുവാങ്ഹ്ഹ
മ്യാക്രു മങ്ങാ കുങ്ങ്!

ദ്വിഭാഷി— താങ്കൾ കമ്മ്യൂണിസമാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. എൻെറ കേൾവി താങ്കൾ ഒരു മുരാച്ചിയാണെന്നായിരുന്നു. പക്ഷേ ഇപ്പോൾ ആ അഭിപ്രായം പാടെ മാറിയിരിക്കുന്നു. എവറസ്റ്റ് ഉൾപ്പെടെയുള്ള ഇൻഡ്യൻ അതൃത്തി ഞങ്ങൾക്കു വിട്ടുതന്നതിൽ ഞാൻ എൻെറ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

നെഹ്റു- ജയ്ഹിൻഡ്!

ദ്വിഭാഷി- വിപ്ലവം ജയിക്കട്ടെ!

ചൗ- കങ്ങാ കുങ്ങ്ഹ്!

ദ്വിഭാഷി- അങ്ങാണ് ദൈവം!

ഇരുവരും സംഭാഷണാനന്തരം സുസ്മേരവദനരായിട്ടാണ് പുറത്തിറങ്ങിയത്. പക്ഷേ സംഗതി എവിടെ കിടക്കുന്നു എന്നാരറിഞ്ഞു! പുറത്തുവന്ന രാഷ്ട്രത്തലവന്മാരോടു പത്രപ്രതിനിധികൾ ചോദിച്ചു.

ചോ:- സംഭാഷണം, അതിർത്തിത്തർക്കപരിഹാരത്തിനുപയുക്തമായിരുന്നു എന്നു ഞങ്ങൾക്കു വിശ്വസിക്കാമോ?

നെ:- തീർച്ചയായും! ഞാൻ പഞ്ചശീലാടിസ്ഥാനത്തിൽത്തന്നെ നമ്മുടെ കാര്യം വിശദമാക്കി.

ചൗ:- അടുത്ത ദിവസംമുതൽ അതൃത്തി എന്ന കുഴപ്പമേ ഇല്ല.

....0....

# ഓച്ചിറ പണ്ടാരങ്ങൾ

(എൻ. പി.)

പണ്ടു് ഭാരതം ഭരിച്ചുകൊണ്ടിരുന്ന അക്ബർ പാദുഷായുടെ രാജധാനിയിൽ മഹാവിരുതന്മാരായ രണ്ടു വികടന്മാരുണ്ടായിരുന്നു: രണ്ടു പാഴിക്കാടന്മാർ: വീരബലൻ രാജായും പിയാസ്സായിലെ മുള്ളായും. അവരിൽ പ്രമാണി വീരബലൻ ആയിരുന്നു. ഈയിടെയെല്ലാം പത്രങ്ങളിൽ ഒരു പരസ്യം കാണാറില്ലേ, രണ്ടു് ഊശാൻതാടിക്കാർ രണ്ടു വജ്രങ്ങളുടെ ഇരുപുറവുമായി ഇരിക്കുന്നതും അതിന്റെ അടിയിൽ ഒരു കുറിപ്പുംആയിട്ടു് അക്ബറുടെ രാജധാനിയിൽ ഒരു പാരസീക വജ്രവ്യാപാരി, സകല വിധത്തിലും ആകൃതിസാമ്യവും ഗുണസാമ്യവും പ്രദർശിപ്പാക്കുന്ന രണ്ടു വജ്രങ്ങൾ കാണിച്ചു്, ഉത്തമമെന്നുതോന്നുന്നതു് എടുത്തു വില തരണമെന്നാവശ്യപ്പെട്ടു എന്നും, വിദഗ്ദ്ധന്മാർ പരിശോധിച്ചിട്ടു് ഒരു വ്യത്യാസവും കാണുവാൻ കഴിഞ്ഞിട്ടില്ലെന്നും, ഒടുവിൽ ആ രത്നങ്ങളിൽ ഒന്നു തെരഞ്ഞെടുക്കുവാൻ വീരബലനെ ഏല്പിച്ചു എന്നും, വീരബലൻ ആ രത്നങ്ങൾ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കവെ, ഒന്നിൽ ഒരു ഈച്ച വന്നിരിക്കുന്നതുകണ്ടു്, ആ രത്നം എടുത്തു നക്കിനോക്കിയെന്നും, അപ്പോൾ അതു് കൽക്കണ്ടക്കഷണമാണെന്നു് മനസ്സിലായി എന്നും ഒക്കെയാണു് ആ കുറിപ്പിലെ കഥ. ബുദ്ധിമാൻ നല്ല സാധനം തിരഞ്ഞെടുക്കുന്നു എന്നാണു് പരസ്യത്തിന്റെ പൊരുൾ. യഥാർത്ഥ ബുദ്ധിമാൻ വീരബലനോ ആ ഈച്ചയോ എന്നു സംശയം തോന്നും പരസ്യം വായിച്ചാൽ. ആ വീരബലൻ തന്നെ വികടൻ വീരബലൻ.

ആരാണു് കൂടുതൽ രസികൻ എന്നു് മുള്ളായും രാജായും തമ്മിൽ മത്സരമാണു്. വീരബലൻ പറയും, ഈ മുത്തമുസ്ലിം മുള്ളായ്ക്കു് ഒരു ചുക്കും അറിഞ്ഞുകൂടാ, ഇയാളുടെ ഫലിതം ശുഷ്കമാണു്, ഇയ്യാളുടെ കോങ്കണ്ണും കോന്ത്രപ്പല്ലും ഒക്കെ കണ്ടാണു് ആളുകൾ ചിരിക്കാറുള്ളതു് എന്നൊക്കെ. മുള്ളാ, ഒരു കമ്പിളിയാടിന്റെ രോമം മുഴുവനും വരുന്ന താടി തടവിക്കൊണ്ടു് പറയും, ഈ വീരബലൻ ബ്രാഹ്മണനല്ല, വെറും വൈശ്യനാണു്, ഇയാളെ കെട്ടിഒരുക്കി രണ്ടു ഫലിതവാക്കുകളും പഠിപ്പിച്ചു് രാജസദസ്സിലേക്കു വിടുന്നതു് ഇയ്യാളുടെ സുന്ദരിയായ ഭാര്യയാണു് എന്നൊക്കെ. എന്നാലും പാദുഷായ്ക്കു് വീരബലനെയാണു് കൂടുതൽ ഇഷ്ടം: അയാളുടെ നർമ്മഭാഷണം കേട്ടാണു് അദ്ദേഹം കൂടുതൽ രസിക്കുന്നതു്.

ഒരു ദിവസം ചക്രവർത്തി ആജ്ഞാപിച്ചു വീരബലനോടു്, മുള്ളായുടെ പാണ്ഡിത്യം ഒന്നു പരീക്ഷിക്കുവാൻ. മുള്ളാ അറിയിച്ചു പൊന്നുടയതെ! പെരുത്തു സങ്കടമാണു് ഈ കാഫറോടു് ഞമ്മളെ പരീക്ഷിക്കുവാൻ കല്പിക്കുന്നതു്. ഇവനൊക്കെ വച്ച്യബാപ്പായ്ക്കു് ഉപദേശംകൊടുക്കുവാനുള്ള പഠിപ്പുണ്ടു് ഞമ്മക്കു്. പാദുഷാ ആ നിവേദനം ചെവിക്കൊണ്ടില്ല. കല്പിച്ചാൽ പരീക്ഷിക്കാതൊക്കുമോ. അക്ബറും ഒട്ടനവധി പ്രഭുക്കന്മാരും നോക്കിയിരിക്കയാണു് പരീക്ഷ കാണാൻ; പരീക്ഷാഫലം അറിയുവാൻ.

വീരബലൻ വലത്തുകൈ ഉയർത്തി ഒരു വിരൽ കാണിച്ചു. മുള്ളാ കോപത്തോടെ, ഒരു ഗുസ്തിക്കു തയ്യാറെടുക്കുന്ന മട്ടിൽ ഉടുപ്പിന്റെ കൈ ചെരിച്ചുകയറ്റി, വട്ടക്കണ്ണുകൾ ഉരുട്ടി രണ്ടു വിരലുകൾ അങ്ങോട്ടു കാണിച്ചു. വീരബലൻ സഗൌരവം തലകുലുക്കി, കൈപ്പത്തിയിലെ അഞ്ചു വിരലും നിവർത്തികാട്ടി. മുള്ളയാകട്ടെ, പല്ലുകടിച്ചു് അമർഷം പ്രകടിപ്പിച്ചുകൊണ്ടു്, മുഷ്ടി ചുരുട്ടി എതിരാളയുടെ നേക്കുനീട്ടി. വീരബലൻ എന്നിട്ടും നിർത്തിയില്ല. അയാൾ തന്റെ കീശയിൽനിന്നും ഒരു മുട്ടയെടുത്തു് മുള്ളായെ കാണിച്ചു. മുള്ളാ തന്റെ കുപ്പായക്കീശയിൽനിന്നും ഒരു സബോളാഉള്ളിയെടുത്തു് അങ്ങോട്ടും കാണിച്ചു. വീരബലൻ ഉണർത്തിച്ചു: "പൊന്നു തിരുമേനി! നാം കരുതിയതിൽനിന്നെല്ലാം ഉയർന്നപടി ബുദ്ധിസമ്പന്നനും പണ്ഡിതനുമാണു് മുള്ളാ" എന്നു്.

'ഉം! എങ്ങിനെ? നിങ്ങൾ എന്തൊക്കെയോ കാണിച്ചു നമുക്കോ, പ്രഭുക്കന്മാർക്കോ ഒരു വസ്തു മനസ്സിലായില്ല. വിശദീകരിക്കൂ." പാദുഷാ കല്പിച്ചു.

"പാദുഷാ തിരുമേനീ! ഞാൻ ഒരു വിരൽ ഉയർത്തിക്കാട്ടിയതു് ദൈവം ഒന്നുമാത്രമെ ഉള്ളൂ എന്നാണു്. ഉടൻ ബുദ്ധിമാനായ മുള്ളാ രണ്ടു വിരൽ കാണിച്ചില്ലെ: അതിന്റെ അർത്ഥം, അള്ളായും പ്രവാചകനും ഉണ്ടു എന്നാണു്. ഞാൻ സമ്മതിച്ചു ഞാൻ ഉടൻ അഞ്ചു വിരൽ കാണിച്ചു: അള്ളാ, നബി, അലി, ഹസ്സൻ, ഹുസ്സൈൻ ഇവരാണു് ഇസ്ലാംമതത്തിലെ പഞ്ചദിവ്യന്മാരെന്ന അർത്ഥത്തിൽ. മുള്ളാ ഉടനെ മുഷ്ടി ചുരുട്ടി സൂചിപ്പിച്ചതു കണ്ടില്ലേ, ദൈവഹസ്തം അവരെ കാത്തുരക്ഷിക്കുന്നു എന്നു്. ഭൂമി അണ്ഡാകൃതിയിലാണെന്നു കാണിക്കുവാൻ ഞാൻ ഒരു മുട്ടയെടുത്തു കാണിച്ചു. വെറും അണ്ഡാകൃതിയല്ല, സബോളഉള്ളിയെപ്പോലെ ഉരുണ്ടും, ഉള്ളിത്തൊലികളെക്കൊണ്ടെന്നപോലെ പലപല മേഖലകളെക്കൊണ്ടു് നിർമ്മിതവുമാണെന്നു് അദ്ദേഹം എന്നെ തിരുത്തി." പാദുഷാ മൂക്കിന്ററ്റത്തുവന്നിരുന്ന ഈച്ചയെ ഓടിക്കുവാൻ

ഉപയോഗിപ്പിൻ! "GOLDEN JARADA"
SCENTED &MEDICATED TOBACCO.
ഗോൾഡൻ ജർദാ
വിശിഷ്ടതരം സുഗന്ധൗഷധ പുകയില.
Manufacturers:
P. K. S. Industries, New Bazaar, Alleppey
PHONE 551.
TRADE MARK

DUTY PAID
PRICE 19 nP

FOR
LINE
HALF-TONE
TRI-COLOUR and
ENGRAVING BLOCKS
CINEMA SLIDES, RUBBER STAMPS etc.
PLEASE CONTACT:–
ANTONEYS STUDIO
BLOCK MAKERS
KOTTAYAM - PHONE 720


കൂടി മറന്നുപോയി, വീരബലന്റെ ആവ്യാഖ്യാനം ശ്രവിച്ചപ്പോൾ.

"ഉള്ളതാണോ മുല്ല?" പാദുഷാ ചോദിച്ചു.

"എന്തൊന്നു പൊന്നുതിരുമേനീ! ഉള്ളതാണോ എന്നോ? ആ പഹയൻ ഒരു വീരലു പൂണ്ടിയില്ല—അയാൾക്കെന്നോടു വിരോധമാണ്—ആ വിരൽ കൊണ്ടു് എന്റെ ഒരു കണ്ണു് കുത്തിപ്പൊട്ടിക്കും എന്ന സൂചനയാണെന്നു ഞാൻ വിചാരിച്ചു. അങ്ങിനെയാണെങ്കിൽ തന്റെ രണ്ടു കണ്ണും ഞാൻ കുത്തിപ്പൊട്ടിക്കുമെന്നു് ഞാനും കാണിച്ചു. അപ്പോഴുണ്ടു് അയാൾ കൈ നിവത്തു കാണിക്കുന്നു, എന്റെ ചെള്ളയ്ക്കടിക്കുമെന്നു്. ഭയപ്പെടുത്താതെ. ഞാമളെ അടിച്ചാൽ ഞമ്മൾ ഇടിക്കും എന്നു മുഷ്ടി ചുരുട്ടിക്കാണിച്ചു. അപ്പോൾ അയാളുടെ ദേഷ്യമെല്ലാം തീർന്നപോലെ തോന്നി. മുല്ലാസാഹേബേ! എന്റെ കയ്യിൽ ഒരു മുട്ടയുണ്ടു് എന്നു സ്നേഹത്തോടെ കാണിച്ചു. അങ്ങിനെയാണെങ്കിൽ പുള്ളേ! ഞമ്മടെ കയ്യിൽ ഉള്ളിയും ഉണ്ടു്. വാ, നമുക്കു് മുട്ട ആമ്ലേററുണ്ടാക്കിത്തിന്നാം എന്നു ഞമ്മളും കാണിച്ചു."

ഓച്ചിറക്കാളയെ മൂക്കുകയറിൽ പിടിച്ചു് കുറെ പണ്ടാരങ്ങൾ നടത്തിക്കൊണ്ടു് കൃഷിക്കാലങ്ങളിൽ ഭക്തന്മാരുടെ കളങ്ങളിലെല്ലാം കൊണ്ടുചെല്ലുന്ന ഒരു പതിവുണ്ടു്. അതുപോലെ ഡി. സി. സി. മുതൽ താഴോട്ടു്, വിമോചനസമരത്തിനു് ഒരു ദിവസം കീജേ വിളിച്ചു എന്നു് അവകാശപ്പെടുന്നവൻവരെയുള്ള കുറെ പണ്ടാരങ്ങൾ, ഓച്ചിറക്കാളയേയുംകൊണ്ടു് ഭക്തന്മാരുടെ ഇടയിൽ സഞ്ചരിക്കുകയാണു്. ഭക്തകളായ കിഴവികൾ താറുടുത്തു്, കയ്യും കാലും ശുദ്ധംവരുത്തി, ഒരുനല്ല മുണ്ടും നെററിയിൽതൊട്ടു് ഓച്ചിറഭഗവാന്റെ ദിവ്യവാഹനത്തെ ഒന്നു സ്പർശിച്ചു് പുണ്യം അടയുവാൻ വരും. തൊടാൻ പററിയില്ലെങ്കിൽ ദൂരെനിന്നു തൊഴും. ഭഗവാന്റെ വാഹനത്തിന്റെ സൂത്രധാരന്മാർ എന്ന നിലയിൽ ആ പണ്ടാരങ്ങൾ ഒന്നു ഞെളിയും. വേണമെങ്കിൽ ഒന്നു തൊട്ടുകൊള്ളൂ എന്നരുളിച്ചെയ്യും. "നീലകണ്ഠാ! തലകുലുക്കി അനുഗ്രഹിക്കൂ." എന്നാജ്ഞാപിക്കും. പാവം, നീലകണ്ഠൻകാള തലകുലുക്കും. നീലകണ്ഠന്റെ പണ്ടാരങ്ങൾ, ഭക്തജനങ്ങളെ മന്ദസ്മിതത്തോടെ കടാക്ഷിച്ചു നടകൊള്ളും. നീലകണ്ഠൻകാള കൂടെ നടക്കും.

ആ പാവപ്പെട്ട മന്ത്രിമാർ എന്തു ചെയ്യും. തെരഞ്ഞെടുപ്പിന്റെ ഓടിനടപ്പും കയറിയിറങ്ങും പ്രസംഗോം ജാഥാനയിക്കലും കഴിഞ്ഞു് ഇത്തിരി വിശ്രമിക്കാമല്ലോ എന്നു കരുതി. ഭാഗ്യവശാൽ മന്ത്രിയായി. എത്ര ക്ലേശിച്ചാലും തലയിൽ കയറാത്ത ഭരണകാര്യങ്ങൾ!

ശരി. അല്പമൊന്നു വിശ്രമിച്ചുകളയാം. വരികായി പണ്ടാരങ്ങൾ ഓരോന്നായി. ഒരാൾ—പി. സി. സി. യാണു്—അയാളുടെ നാട്ടിൽ ഒരു മഹാത്മാഗാന്ധിവിലാസം ബാർബർഷാപ്പു് ഉത്ഘാടനം ചെയ്യണം. മന്ത്രി പരുങ്ങുകയായി, ആ തൊഴിൽ പരിചയമില്ല. എന്തു പ്രസംഗിക്കാനാണു്.

പക്ഷെ മഹാത്മജിയുടേതാണു പേരു്: മന്ത്രി കോൺഗ്രസ്സാണു്. ഉപോദ്ബലത്തിനു്, പി. സി. സി, പറയും, ബാർബർ ശ്രീ. കേശവനെ സാററിയും. കോൺഗ്രസ്സിന്റെ നട്ടെല്ലാണു്. കേശവൻ സഹായിച്ചില്ലെങ്കിൽ ഇത്തവണ അവിടെങ്ങും ഒററ വോട്ടു കിട്ടുകയില്ലായിരുന്നു. കമ്മ്യൂണിസ്ററു ഗുണ്ടാകൾ "നിന്നെ ഞങ്ങൾ എടുത്തോളാം" എന്നു ഭീഷണിപ്പെടുത്തി. ശ്രീ. കേശവൻ ഒററയാനേപ്പോലെ ഒരു നിലയങ്ങു നിന്നേച്ചു, സാറവന്റെ ഉത്ഘാടനം ചെയ്തില്ലെങ്കിൽ ഇനി അവിടെ കോൺഗ്രസ്സിന്റെ പുല്ലുപോലും കിളുക്കുകില്ല: ജനങ്ങൾ ദിവസവും മഹാത്മാഗാന്ധിവിലാസത്തിൽവന്നു് ഷേവു ചെയ്യേണ്ടതു്. രാജ്യത്തിന്റെ ആവശ്യമാണെന്നു പറഞ്ഞാൽ മതി— അപ്പോൾ ഒരു എം. എൽ. എ. ഉണ്ടു് പിന്നിൽ നിൽക്കുന്നു. അയാളുടെ നാട്ടിൽ ഒരു താടിവളർത്തൽ സംഘമുണ്ടു്. 'ആ താടിവളർത്തൽ സംഘം മുഴുവൻ എനിക്കു വോട്ടുചെയ്തവരാണു്. അതിന്റെ വാർഷികം—സാറിനെ കൊണ്ടുവരാമെന്നു് ഞാൻ ഏററുപോയി. സാറു വന്നില്ലെങ്കിൽ അവരെല്ലാം കമ്മ്യൂണിസ്ററുകാരാകും. ഒരു ലഘുപ്രസംഗത്തിൽ എല്ലാവരും താടിവളർത്തേണ്ടതു്, കോൺഗ്രസ്സിന്റെ നിലനില്പിനു് ആവശ്യമാണെന്നുപറഞ്ഞേച്ചാൽ മതി, വാർഷികം ഈ മാസം 10-ാംതീയതിയാണു്'—മന്ത്രി ഒന്നു ഞെട്ടി. മന്ത്രിയുടെ ഇളയ കൊച്ചിന്റെ ജന്മനാളാണന്നു്. അന്നവിടെ ഉണ്ടായിരുന്നില്ലെങ്കിൽ ഭാര്യയെന്ന ഭൈരവി, മന്ത്രിവധം അരങ്ങേറിയതുതന്നെ. പിന്നെയും ഡി. സി. സി. യും, പി. സി. സി. യും എം. എൽ. എ. മാരും നിൽക്കുകയാണു ക്ഷണിക്കുവാൻ.

മന്ത്രിമാരുടെ സ്വീകരണങ്ങൾക്കു


## ദി ഹിന്ദുസ്ഥാൻചിട്ടിഫണ്ടു്, പ്രൈ: ലിമിററഡ്

**ആലപ്പുഴ.**

ഏ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസുകളിലായി

**8,000 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി**

ക്രൗഷ് സെക്യൂറിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| A | മാസം ഒന്നിനു് | 50 | ഉ. രൂപാ വീതം | 40 | മാസം | ഉ. രൂപാ | 2000 |
| B | „ | 30 | „ | 40 | | „ | 1200 |
| C | „ | 25 | „ | 40 | | „ | 1000x2 |
| D | „ | 20 | „ | 40 | | „ | 800x2 |
| E | „ | 15 | „ | 40 | | „ | 600x2 |

വയ്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണു്.

മാനേജർ, ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈവററ് ലിമിററഡ്,
പാലസ് റോഡ്, ആലപ്പുഴ.

ള്ള പ്രാരംഭ ചടങ്ങുകളുടെ നിർവഹണം തന്നെ രസാവഹമാണ്.

നമ്മുടെ മന്ത്രിമാർക്കെല്ലാംകൂടി ഒരു ഗംഭീരസ്വീകരണം നൽകുവാൻ നിശ്ചയിച്ചുകഴിഞ്ഞു. പക്ഷെ സ്വല്പം മണി വേണം. ഒരു പിരിവിനിറങ്ങിയിരിക്കയാണ്. സാറ് ഒരു പ്രമാണിയായതുകൊണ്ട് സാറിനെ എ ലിസ്റ്റിൽ പെടുത്തിയിരിക്കയാണ്. എ. അമ്പതാണ്.'

നേരം വെളുത്തെഴുന്നേററ് കണ്ണും ഞെരുടിക്കൊണ്ട് തിണ്ണയിൽ കുത്തിയിരിക്കുന്ന ഒരു പാവംനാട്ട് നേതാവ് അരുളിച്ചെയ്യുകയാണ്. നേതാവിന്റെകൂടെ രണ്ടുമൂന്ന് അലവലാതികളും കാണും. പ്രമാണിയല്ല, വെറും മാണിയാണ് എന്നു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. എ ലിസ്റ്റിൽ പെടുത്തിയത് അപകടലിസ്റ്റിൽ പെടുത്തുകയായിരുന്നു എന്നഭിപ്രായമുണ്ട്. സ്വീകരണം കൊടുക്കണമെന്ന് ആരു നിശ്ചയിച്ചു, എന്തിനു നിശ്ചയിച്ചു എന്നു ചോദിച്ചാൽ കൊള്ളാമെന്നുണ്ട്. പക്ഷെ കാര്യം മന്ത്രിമാരുടേതാണ്. നേതാവിന്റെ വരി എടുത്തോ എന്നു ചോദിക്കാൻപോലും ധൈര്യം വരികയില്ല. സ്വീകരണം നൽകിക്കഴിഞ്ഞതിനുശേഷം ടൂത്തി വാങ്ങിക്കൊണ്ട് ശുപാർശയ്ക്കുപോകാം, എന്നതാണ് നേതാവിന്റെ ഉദ്ദേശം എന്ന് അറിയാമെങ്കിൽകൂടി.

സ്ഥലത്തെത്തിയാലുള്ള പാവം മന്ത്രിയുടെ ദുരിതം ഒന്നു കാണേണ്ടതാണ്. മന്ത്രി വരുന്ന വിവരം അറിഞ്ഞാൽ ചോട്ടാമുതൽ ഡി. സി. സി. വരെ കാത്തുകിടക്കും. അവരെ കാണുമ്പോഴേ മന്ത്രി നെഞ്ചത്തു കൈവയ്ക്കും. മന്ത്രിക്ക് മൂത്രവിസർജ്ജനം നടത്തിയാൽ കൊള്ളാമെന്നുണ്ട്. തിരുവനന്തപുരത്തു വച്ച് ധൃതിയിൽ ഒന്നു മുള്ളിയതാണ്. പക്ഷെ പണ്ടാരങ്ങൾ സമ്മതിക്കയില്ല. പൊതുജനങ്ങളുടെ മുൻപിൽ മന്ത്രിയോടൊത്തു മൂത്രമൊഴിച്ചില്ലെങ്കിൽ അതൊരു പോരായ്മയല്ലെ. ധൃതിയിൽ മൂത്രപ്പുരയിലേക്കു പോകുന്ന മന്ത്രിയുടെകൂടെ, മുറജപകാലത്ത് മൂത്രശങ്കയ്ക്കുപോകുന്ന നമ്പൂതിരിയുടെ രീതിയവലംബിച്ച്, വസ്ത്രം പിടിച്ചുയർത്തിക്കൊണ്ട് നേതാക്കന്മാരും ഓടുകയായി. അയൽപക്കത്ത് മാനംമര്യാദയായി താമസിക്കുന്ന പെണ്ണുങ്ങൾ, ആ വരവു കാണുമ്പോൾ നാണിച്ചു വീട്ടിനുള്ളിലേക്കോടും.

മന്ത്രി യോഗസ്ഥലത്തേക്കു പോകാൻ കാറിൽ കയറുമ്പോഴാണ് തിക്കും തിരക്കും. മകരവിളക്കിന് ശബരിമല പതിനെട്ടാംപടിക്കുള്ള തള്ളാണ്. മുൻസീററിൽ പററുകയില്ല. അവിടെ ഡ്രൈവറും പ്രൈവററ്സെക്രട്ടറിയും. ഒരു ശിപായിയും ഉണ്ടാവും. അവർ ഇരുത്തുകയില്ല പിന്നെ പണ്ടാരങ്ങളെല്ലാം പാവം മന്ത്രിയുടെ പിൻസീററിലാണ്. ചിലപ്പോൾ മന്ത്രിക്ക് ശ്വാസംഅടക്കി ശരീരം വക്രിപ്പിച്ചു തല വെളിയിലേക്കിട്ട് ഒരു പി. സി. സി. യെ മടിയിൽവച്ചുകൊണ്ട് ഇരിക്കേണ്ടതായിവരും.

യോഗസ്ഥലത്തെത്തുമ്പോൾ ഹാരങ്ങളുടെയും ബൊക്കെകളുടെയും ഒരു അയ്യരുകളിയാണ്. പക്ഷെ തുടർന്നു മെമ്മോറാണ്ഡങ്ങളും നിവേദനങ്ങളുമായി. പണ്ടെല്ലാം കല്യാണത്തിനു മംഗളപത്രങ്ങൾ വായിച്ചുസമർപ്പിക്കുന്നതുപോലെ. മന്ത്രിയെ എഴുന്നെള്ളിച്ചുകൊണ്ടു വരുന്നവരായിരിക്കും പരികർമ്മി. ആ മഹാനുഭാവന്റെ ആ സമയത്തെ നില കണ്ടാൽ, മഹാനേതാവായ തന്റെ നിർദ്ദേശപ്രകാരമാണ് അവർ കൊടുക്കുന്നതും മന്ത്രി വാങ്ങുന്നതും, എന്ന പ്രതീതിയാണ്, കുട്ടിപ്പണ്ടാരങ്ങൾ അതിനിടയിൽ മന്ത്രി കാണത്തക്കവണ്ണം അവിടെ ഒരു മരണം നടത്തും. നിവേദനങ്ങളിലും മെമ്മോറാണ്ഡങ്ങളിലും പ്രസ്താവിച്ച കാര്യങ്ങളെപ്പററി മന്ത്രിക്ക് ഒരു പിടിയുമില്ല. എന്നാലും അനുഭാവപൂർവം അദ്ദേഹം മറുപടിപറയും.

വീരബലന്റെയും മുല്ലായുടെയും അംഗവിക്ഷേപങ്ങൾ പോലെയാണ് സമർപ്പണങ്ങളും മറുപടിയും. വ്യാഖ്യാനങ്ങളും അതുപോലെതന്നെ. പണ്ടാരങ്ങളും നിവേദകരും കരുതും മന്ത്രിക്കെല്ലാം മനസ്സിലായി. സമ്മതിച്ചു, അടുത്തദിവസംമുതൽ കാര്യങ്ങൾ ഓരോന്നായി സാധിക്കുവാൻ തുടങ്ങുകയാണ് എന്ന്. മന്ത്രി വ്യാഖ്യാനിക്കും, കാര്യങ്ങളെല്ലാം മുറപോലെ നടക്കുകയേയുള്ളു. പഴയ അക്കൗണ്ടാഫീസുകാരുടെ, മുമ്പുണ്ടായിരുന്ന അക്കൗണ്ടുടെസ്ററുപരീക്ഷപോലെ, ചോദിക്കുന്നവക്കുമാത്രം കൊടുക്കാതിരുന്നാൽ കാര്യം കഴിയും. ഈ പണ്ടാരങ്ങളുടെ പിടിയിൽനിന്നും ജീവനോടെ രക്ഷപ്പെടുവാൻവേണ്ടി, താൻ എന്തൊക്കെ മറുപടിപറഞ്ഞതേയുള്ളു എന്ന്.

മന്ത്രിയുടെ വ്യാഖ്യാനം, മുല്ലായുടേതുപോലെ ശുദ്ധ സത്യമാണ്. പണ്ട്, എന്നുവച്ചാൽ ശ്രീവാഴുംകോട്ട് ഒരു രാജ്യമായിരുന്ന കാലത്ത് ഗുമസ്താക്കൾക്ക് 40-70 സ്കെയിലിലേക്ക് പ്രമോഷൻ വേണമെങ്കിൽ, അക്കൗണ്ടുടെസ്റ്റ് പാസ്സാകണം. അക്കൗണ്ടാഫീസിലെ ചില ഗുമസ്താക്കളാണ് പരീക്ഷകന്മാർ. പരീക്ഷയിൽ ചേരുന്ന തൊണ്ണൂററിയഞ്ചുശതമാനം പേരും പാഠ്യപുസ്തകമായ അക്കൗണ്ടുകോഡിനെപ്പററിയാതൊരു വിവരവും ഇല്ലാത്തവരാണ്. പരീക്ഷ കഴിയുന്ന ദിവസംമുതൽ ആ തൊണ്ണൂററഞ്ചു ശതമാനക്കാർ തങ്ങളെ ജയിപ്പിക്കുന്നതിന് വലിയ വലിയ ശുപാർശകളുമായി പരീക്ഷകന്മാരെ സമീപിക്കും. ഒടുവിൽ ആ തൊണ്ണൂററഞ്ചു ശതമാനം പൂജ്യന്മാരും ജയിക്കും. പരീക്ഷയല്ലെ, കുറേപ്പേരെയെങ്കിലും തോൽപ്പിക്കണമല്ലോ—പരാജയം നിശ്ചയം എന്നുകരുതി വീട്ടിലിരിക്കുന്ന അഞ്ചുശതമാനം സമർത്ഥന്മാർ തോററിരിക്കും ഫലം പ്രസിദ്ധംചെയ്യുമ്പോൾ!

മന്ത്രിമാരുടെ മൂക്കുകയററിൽ പിടിച്ചുകൊണ്ടു നടക്കുന്ന ഈ കാച്ചിറപ്പണ്ടാരങ്ങളുടെ വക്രിയകൾ, തുടരുകയും, ആ മെമ്മോറാണ്ഡങ്ങളും നിവേദനങ്ങളും മാത്രം ശ്രദ്ധിക്കുകയും ചെയ്താൽ, പ്രാധാന്യം അർഹിക്കുന്ന പലതും കിടന്നുപോകും. കുട്ടിപ്പണ്ടാരങ്ങളുടെ സംഖ്യയും വർദ്ധിക്കും. ഈ പണ്ടാരങ്ങളെ, അതിനു കഴിവില്ലെങ്കിൽ, പരബ്രഹ്മമൂർത്തിയുടെവാഹനങ്ങളെ, മുഖ്യമന്ത്രി ഒന്നു നിയന്ത്രിക്കേണ്ടകാലം വൈകിയിരിക്കുന്നു.

....0....



ഹണി ഡ്യൂ ജർദാ

സുഗന്ധ ഔഷധപ്പുകയില

താംബൂലാവശ്യത്തിന് അന്യോജ്യവും തുഷ്ടികരവുമാണ്. ഞങ്ങളുടെ ഫോട്ടോ ട്രേഡുമാർക്ക് ലേബൽ പരിശോധിച്ചു വാങ്ങുവിൻ. വ്യാജനിർമ്മാണം കണ്ടു വഞ്ചിതരാകരുത്.

നിർമ്മാതാക്കൾ- കെ. ഷണ്മുഖസുന്ദരം, മുല്ലയ്ക്കൽ-ആലപ്പുഴ.

Phone No. 632. P. B. No. 188.

# വന്ദിപ്പിൻ മദ്യത്തിനെ!!

—വാണക്കുററി—

വന്ദിപ്പിൻ മദ്യത്തിനെ, കണ്ട്റാക്റ്റ്സിസ്റ്റത്തിനെ
വന്ദിപ്പിൻ മുക്കൂട്ടിന്റെ പുത്തനാം വൈദ്യത്തിനെ
ശങ്കറിൽ തലവച്ചും, 'പൗലോതിൽ നടുചായ്ച്ചും,
ശങ്കിടിയച്ചുതനിൽ പാദോപധാനംപൂണ്ടും
കണ്ട്റാക്റ്റേഴ്സരുളീടും ശീതോപചാരംകൊണ്ടും
പണ്ടത്തേനിലവിട്ട് 'റോഡിമാതാവേ' തൊഴാം!
(വന്ദിപ്പിൻ....)

'ഡാവടി'ക്കുകയല്ല, പുളിച്ച സൊസൈററിയ-
'ല്ലാവടി'മാർക്കു നല്ല സ്വയമ്പൻ സാധനം ഹാ!
ചേവടി തെന്നിത്തെന്നിത്തുള്ളിക്കുമപ്പോഴം ദേഹം
കാവടിയ്ക്കൊപ്പം വളഞ്ഞീടുമിററവള്ളിൽ ചെന്നാൽ
(വന്ദിപ്പിൻ....)

പഞ്ചസാരയും വിന്നാഗിരിയുംചേർത്തുണ്ടാക്കി
കഞ്ചാവു കിഴികെട്ടിയിട്ട പണ്ടത്തേതല്ലിതു്
അഞ്ചിലമ്പാലവേരോ, വാഴമാണമോയില്ല
ചെഞ്ചമ്മേ നറുംകള്ളാണെല്ലാർക്കും കുടിച്ചിടാം
(വന്ദിപ്പിൻ....)

കമ്മ്യൂണിസ്റ്റനൗചിത്യം തൊട്ടുതീണ്ടിയിട്ടില്ല
ചുമ്മാതെ സാമ്പിൾനോക്കാം കാലണ വിലവേണ്ട
എമ്മെല്ലേമാർക്കു ലേബൽ മാററിയൊട്ടിച്ച കോക്കി-
ട്ടിമ്മധുബാഗിൽവച്ചു നിർഭയം സഞ്ചരിക്കാം
(വന്ദിപ്പിൻ....)

യോഗ്യന്മാരിതേപ്പററിപ്പറയുന്നതു കേൾപ്പിൻ
"ഭാഗ്യമായ് സൊസൈററിയേ മാററിയതിന്നെങ്കിലും
ഇത്തിരിയിതില്ലാതെ കഴിയാൻവയ്യാത്തുള്ള
സിദ്ധന്മാരെന്നെപ്പോലെയുള്ളവരെല്ലാംതന്നെ
പ്രത്യഹം സന്തോഷിക്കും കോൺഗ്രസ്സുമദ്യത്താലേ!
ശുദ്ധഭാവുകംനേരുന്നിത്തവ്വിൽ സ്വന്തം വയലാ"
(വന്ദിപ്പിൻ....)

"ഞങ്ങൾക്കും പുടിച്ചല്ലോ! കള്ളിന്റെ കച്ചോടത്തി-
നമ്മാക്കിസ്സൊസ്സൈററിയെ മാററിയതസ്സലായി
ഇമ്മട്ടുഞങ്ങേക്കുടെ മന്ത്രിയാകുവാൻ റബ്ബേ!
സമ്മദിക്കണേ പട്ടം—വിധേയൻ സ്വന്തം കുഞ്ഞു്"
(വന്ദിപ്പിൻ....)

ഇത്തരമളവില്ലാതൊത്തിരിസ്സന്ദേശങ്ങ-
ളെത്തുന്നു തലസ്ഥാനത്തത്യരം ദിനേ ദിനേ
ബുദ്ധിജീവികളെല്ലാം നിന്മക്കളല്ലോ മദ്യ
വൃദ്ധമാതാവേ നീയോ ഭാഗ്യശാലിയായിപ്പോം
(വന്ദിപ്പിൻ....)

പക്ഷേങ്കിലൊന്നേയുള്ളൂ, 'സൊസൈററിസ്സാധന'ത്താ-
ലൊത്തിരിപ്പേരെക്കൊല്ലാൻ കഴിയാമായിരുന്നു
ഇത്തവ്വിലതു സ്വല്പം പ്രയാസമായിത്തീരാം
സത്വരമാക്കുഴപ്പംകൂടെ നീ നീക്കീടണേ
(വന്ദിപ്പിൻ....)

....o....

ററി. സി. മാധവൻവൈദ്യരുടെ
## സൂതികാമൃതം
(Regd.)
പ്രസവരക്ഷയ്ക്കു്
ററി. സി. എം. ഔഷധാലയം (മാധവാ മെഡിക്കൽസിനു സമീപം)
ദി ടൗൺ ആയുർവ്വേദിക് ഫാർമസി (ചവക്കോട്ടുപ്പാലത്തിനു സമീപം)
ആലപ്പുഴ :: കേരളാ.

# — ഹജ്ജൂരിൽ കള്ളൻ കേറി —

മുഖ്യന്റെ മുറിയിൽ ഡപ്യൂട്ടി മുഖ്യൻ അതീവക്ഷോഭിച്ചു ചെന്നു കയറി ഒരു ഫയൽ മുഖ്യന്റെ മുഖത്തേക്കെറിഞ്ഞു.

ഡപ്യൂട്ടി— എന്റെ ഉത്തരവിന്റെ താഴെ മറ്റൊരുത്തരവെഴുതാൻ തനിക്കെന്താണധികാരം?

മുഖ്യൻ— ഞാൻ മുഖ്യനാണ്. ഈ രാജ്യത്തു ചില നിയമങ്ങളെല്ലാമുണ്ട്. അതനുസരിച്ചുവേണം നിയമങ്ങളും നടത്താൻ. അല്ലാത്തതു ഞാൻ തിരുത്തും.

ഡപ്യൂട്ടി— നിങ്ങളുടെ ഉത്തരവു ഞാനും തിരുത്തും.

മുഖ്യൻ— നടക്കുന്നതു ഞാനെഴുതുന്നതായിരിക്കും.

ഡപ്യൂട്ടി— അതു കണ്ടറിയാം.

ബഹളംകേട്ടു സഹമന്ത്രിമാർ ഓടിയെത്തി. ഫയലിന്റെ ഏറുകൊണ്ടു ചതഞ്ഞ മുഞ്ഞിയുമായി മുഖ്യനെ കണ്ടതിൽ അവർ അത്ഭുതപ്പെട്ടു.

ചാക്കോ— എന്താ ഇതു്?

ശങ്കർ— ഈ മുതുക്കൻ എന്റെ ഓർഡർ തിരുത്തുന്നു.

ചാക്കോ— ഞാനിട്ട ഒരുത്തരവു നിങ്ങളും തിരുത്തിയെന്നു കേട്ടല്ലോ?

ശങ്കർ— ഞാൻ ധനകാര്യമന്ത്രിയാ. ചെലവു ചുരുക്കേണ്ടതു് എന്റെ കടമയാ.

ചന്ദ്രശേഖരൻ— ഈ സംഭവം ഏതായാലും പുറത്തുവന്നതു നന്നായി. നാളത്തെ കാബിനറ്റിൽ അതെടുക്കണമെന്നു ഞാനുദ്ദേശിച്ചതാ. എന്റെ വകുപ്പിൽ മറ്റാരും കൈകടത്തരുതു്.

പട്ടം— മുഖ്യന്റെ അധികാരം ഞാനുപയോഗിക്കും.

ശങ്കർ— ഡപ്യൂട്ടിമുഖ്യന്റെ അധികാരം ഞാനും.

ചാക്കോ— പോലീസിന്റെ മന്ത്രിയാ ഞാൻ. വേണ്ടിവന്നാൽ ബലപ്രയോഗംവരെ ഞാനും നടത്തും.

പോറ്റി— അന്യോന്യം കയ്യിട്ടു വാരാതെ അവനവനു കിട്ടിയതുകൊണ്ടു തൃപ്തിപ്പെട്ടാലെന്താ?

കോയ— പോറ്റിക്കു മരാമത്താ കിട്ടിയതു്. അതുകൊണ്ടു തൃപ്തിപ്പെടാൻ ആർക്കും കഴിയും. എനിക്കു കിട്ടിയതു പള്ളിക്കൂടമാ. ശകാരവും ശാപവുമല്ലാതെ എന്തു കിട്ടാനാ? ഒരു മുസ്ലിമിന്റെ അധികാരംവച്ചു ഞാൻ ചിലപ്പോഴും മറ്റു വകുപ്പിൽ കയ്യിടും. ആരു തടയുന്നതെന്നു കാണട്ടെ.

പട്ടം— അങ്ങനെ പോയാൽ എത്ര നാളാ? നമുക്കു് എട്ടുകൊല്ലം ഭരിക്കണം.

ചാക്കോ— എന്നാൽ വകുപ്പും നിയമവും പറയാതെ ഒരുമാതിരി നീതിയായിട്ടൊക്കെ ചെയ്യണം.

ശങ്കർ— ഞാനും അതാ പറഞ്ഞതു്. ഞാനൊരുത്തനെ നിയമിച്ചാൽ അതു കാൻസൽചെയ്യാൻ ഇയ്യാൾക്കെന്താ കാര്യം? അങ്ങേരും ഒരാളെ നിയമിച്ചോട്ടെ, ആരു പറഞ്ഞു അരുതെന്നു്.

വേലപ്പൻ— അങ്ങനെയൊന്നും പോരാ. അതിനൊരു ധാരണ വേണം. നായക്കു വളരെ കുറവാ സംവരണം വന്നതിൽപ്പിന്നെ. അതു പരിഹരിക്കാൻ ക്യാബിനറ്റിനേ കഴിയൂ.

ശങ്കർ— സംവരണം എടുക്കണമെന്നാണോ?

വേലപ്പൻ— എന്നാ മന്നത്തിന്റെ അഭിപ്രായം. പക്ഷേ അതിപ്പോൾ നിർബന്ധിക്കുന്നില്ല. പ. സ. കമ്മീഷൻ സംവരണപ്രകാരം ചെയ്തോളട്ടെ,



ശങ്കറിന്റെ പേട്ട പ്രസംഗം

1090-ാമാണ്ടു് മിഥുനം 10-ാംനു- ജനിച്ച

**ശ്രീ. കെ. വി. ഗോവിന്ദൻആചാരിയുടെ 2-ാമതു ചരമവാർഷികം**

1135 ഇടവമാസം 25-ാംനു- കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.



★

**★ ഗോവിന്ദാ ജ്യൂവലേഴ്സ് ★**

മെയിൻ റോഡ്, കായംകുളം.

പക്ഷേ മന്ത്രിമാർ നേരിട്ടു നിയമിക്കുന്നതിൽ അതു വേണ്ട.

ചാക്കോ— സംവരണം കൊണ്ടു ക്രിസ്ത്യാനിക്കും ക്ഷീണമാ.

വേലപ്പൻ— അതും മാററണം.

ശങ്കർ— എൻെറ വകുപ്പിൽ ആരും കയ്യിടാനൊരുങ്ങണ്ട. അവിടെ എല്ലാം എനിക്കുവേണ്ടി സംവരണം ചെയ്തിരിക്കയാ.

പട്ടം— ഞാനതു സമ്മതിക്കില്ല. എനിക്കു കാണണം നിങ്ങളുടെ ഫയലെല്ലാം.

ശങ്കർ— ഒരൊററ കടലാസു ഞാൻ കാണിക്കില്ല.

ചാക്കോ— ഞാനും.

മററു മന്ത്രിമാർ— ഞങ്ങളും!

പട്ടം— മുമ്പായിരുന്നെങ്കിൽ ഞാനിപ്പഴെ രാജിവച്ചിറങ്ങിയേനെ. ഈ തവണ ഏതായാലും അതിനൊരുക്കമില്ല. അധികാരത്തിലിരുന്നുകൊണ്ടുതന്നെ നോക്കട്ടെ നിങ്ങളെ ഭരിക്കാനൊക്കുമോന്നു്.

.... .... ....

അന്നുരാത്രി ഒരു മണിക്കു് പൊന്നമ്മസ്സാർ ഉണർന്നു നോക്കിയപ്പോൾ പട്ടത്തിൻെറ കിടക്ക ഒഴിഞ്ഞുകിടക്കുന്നതുകണ്ടു. മൂത്രമൊഴിക്കാനൊ മററൊ പോയതാണെന്നു സമാധാനിച്ചു. അരമണിക്കൂർ കഴിഞ്ഞിട്ടും ആൾ തിരിച്ചുവരാതെയായപ്പോൾ പരിഭ്രമമായി. ബാത്തുമുറിയിലും ക്ലാസിലും തിരഞ്ഞു. കണ്ടില്ല. മററു മുറികളും പറമ്പും പരിശോധിച്ചു. പട്ടത്തിൻെറ തരപോലും ഇല്ല. അവർ ഫോണെടുത്തു് ഐ. ജി. യെ വിവരം ധരിപ്പിച്ചു. തിരുവനന്തപുരം മുഴുവൻ രാത്രിതന്നെ ഒരു പരിശോധന നടത്തി. മൂപ്പരെ എങ്ങും കണ്ടില്ല. ആകെ പരിഭ്രമം. കമ്മ്യൂണിസ്റ്റുകാർ എന്തിനും മടിക്കാത്തവരാണല്ലൊ. രാത്രിയിൽ പതുങ്ങിവന്നു് അദ്ദേഹത്തെ തട്ടിക്കൊണ്ടു പോയിരിക്കുമോ? എങ്കിൽപിന്നെ എന്തു സംഭവിക്കുമെന്നു് ഊഹിച്ചാൽമതി, പൊന്നമ്മസ്സാർ അറിയാതെ ഒന്നു വിറച്ചുപോയി. അപ്പോഴാണു് സിക്രട്ടറിയേററിൽ ഏതോ കള്ളൻ കയറിയിരിക്കുന്നതായി കിടമുറക്കാരനു സംശയം തോന്നിയതു്. ഞെക്കുവിളക്കുമായി കൊറാം മന്ത്രിമാരുടെ മുറികളിൽ കടന്നു കള്ളത്താക്കോലിട്ടു ഷെൽഫു തുറന്നു ഫയലെടുത്തുനോക്കി എന്തെല്ലാമൊ എഴുതുന്നു. കിടമുറക്കാരൻ അനങ്ങാതെ കള്ളൻെറ ചെയ്തികൾ ഒളിഞ്ഞുനോക്കി. ശങ്കറിൻെറ മുറിയിലാണു് അയാൾ കയറിയിരിക്കുന്നതു്. ശിപായി ജനാലയിൽ കുറേക്കൂടി അടുത്തുനിന്നുനോക്കി. ഒരു തടിയനാണു കള്ളൻ. കടന്നുപിടിച്ചാലൊ? കാരമയോ മററൊ കാണും. ഇതിനകം കള്ളൻ ഫയലെല്ലാം തിരികെ ഷൽഫിൽവച്ചു പൂട്ടിയിട്ടു് അടുത്ത മുറിയിലേക്കു കടന്നു. ചാക്കോയുടെ മുറിയാണതു്. അവിടെയും ഷൽഫു തുറന്നു ഫയലെടുത്തുതിരുത്തുതുടങ്ങി. ഞെക്കുവിളക്കിൻെറ പ്രകാശം ഫയലിലല്ലാതെ കള്ളൻെറ മുഖത്തു തെളിഞ്ഞില്ല. എങ്കിലും ഒരിക്കൽ അതു മുഖത്തും വീണു. കിടമുറക്കാരൻ ഒന്നു ഞെട്ടി. കള്ളനല്ല മുഖ്യനാണു ഫയലെടുത്തു തിരുത്തുന്നതു്. ശിപായി ഒന്നു ചുമച്ചു. മുഖ്യൻ തിരിഞ്ഞുനോക്കി.

ആരതു്?

ഉത്തരവു് ശിപായിയാണേ!

എന്നെ കണ്ടതായി പറയരുതു്

അങ്ങയെ കണ്ടില്ലെന്നുപറഞ്ഞോണ്ടു് കൊച്ചമ്മ ബഹളം കൂട്ടുന്നു.

നാശം. ഈ ഫയലു തീർന്നിട്ടുചെന്നേക്കാം.

.... .... ....

അടുത്തദിവസംമുതൽ മന്ത്രിമാർ അവരുടെ ഫയൽ അവരവരുടെ വസതികളിൽതന്നെ സൂക്ഷിച്ചുതുടങ്ങി.

....o....

ഉത്തരവാദിത്വമുള്ള സ്വർണ്ണാഭരണങ്ങൾക്കു്

**★ ഗോപാലകൃഷ്ണാ ജ്യൂവലേഴ്സ് ★**

മുല്ലയ്ക്കൽ :: ആലപ്പുഴ.

**PHONE No. 511.**

പുതിയ ഡിസൈനിൽ ഉള്ള എല്ലായിനം നെക്ക്ലസുകൾക്കും മററു് എല്ലാവിധ സ്വർണ്ണാഭരണങ്ങൾക്കും ഞങ്ങളെ സമീപിക്കുക.

പ്രൊപ്രൈറ്റർ— പി. ഗോപാലകൃഷ്ണപിള്ള.

# പിണിയൊഴിക്കൽ

**മാന്ത്രികവേലൻ—മന്നം.**  **പിണിയാൾ—പട്ടം.**

[വേലൻ പറകൊട്ടിപ്പാടുകയും ഹോമിക്കുകയും ചെയ്യുന്നു. കുരുത്തോല പിടിച്ചിരിക്കുന്ന പിണിയാളിന്റെ മുമ്പിൽ നിറപറയും നിലവിളക്കും]

പാട്ട്– അറുമുഖനേ! പിണിയൊഴിക!
ഐങ്കരനേ! പിണിയൊഴിക!
മുൻമന്ത്രിപ്പിണിയൊഴിക!
മൂരാച്ചിപ്പിണിയൊഴിക!

കുറിപ്പ്— (മുൻമന്ത്രിദോഷങ്ങളും, സ്വതേയുള്ള അറിവില്ലായ്മയും, തണ്ടും സ്വാർത്ഥതയും തീർന്നുപോക! ജീവൽപ്രേതബാധകൾ ഈ ഹോമംകൊണ്ടൊഴിഞ്ഞുപോണേ എന്ന് മനസ്സിൽ ധ്യാനിച്ച് മന്ത്രങ്ങളിൽ പറയുന്ന സാധനങ്ങൾ മന്ത്രാന്ത്യത്തിങ്കൽ ഉഴിഞ്ഞ് ഹോമത്തിലിടണം)

[വീണ്ടുംവേലൻ പറകൊട്ടിപ്പാട്ടുതുടരുന്നു]

നമ്പൂരിപ്രേതം വന്ന്
ഈമന്ത്രിയ്ക്കുറകൊലയെങ്കിൽ
എമ്പാടും വിട്ടൊഴിഞ്ഞു്
ഹോമത്താലെ ഹരം വരിക!





പണ്ടത്തെ കൊതിയുംകൊണ്ട്
പിന്നാലെ "കുഞ്ഞു"നടന്നു്
'കുതികാല്വെ'വെട്ടുന്നെങ്കിൽ
ഹോമത്താലെ ഹരം വരിക!

കൃഷ്ണയ്യരു രക്ഷസ്സായി
ചാക്കോച്ചനുപദ്രവമെങ്കിൽ
ചീരത്തണ്ടുഴിയുന്നോരീ
ഹോമത്താലേ ഹരംവരിക!

"വീരമന്ത്രി"മുത്തുക്കൻ മേനോൻ
വേലപ്പനുപദ്രവമെങ്കിൽ
കോഴിത്തലകൊണ്ടുഴിയുന്നൊരു
ഹോമത്താലെ ഹരം വരിക!

ട്രാൻസ്പോർട്ടുമന്ത്രിപ്രേതം
തോമ്മാച്ചൻ വന്നെന്നാകിൽ
കീഴ്പ്പോട്ടു താണിറങ്ങി
ഹോമത്താലെ ഹരംവരിക!

ചട്ടുകാലൻ മന്ത്രിവന്ന്
മുട്ടുപാടുകിടക്കുന്നെങ്കിൽ
മക്രോണിപ്പായസമുഴിയും
ഹോമത്താലെ ഹരംവരിക!



തക്കലയിൽവെടിയേററുള്ളൊരു
ചക്കരമേക്കേഴ്സ് പ്രേതങ്ങൾ
സർക്കാരിനുപദ്രവമെങ്കിൽ
ഹോമത്താലെ ഹരംവരിക!

അങ്കമാലീന്നവകൊലയായി
ട്ടച്ച്യുതമേനോൻ വന്നെങ്കിൽ
അതിനാലേ പററിയദോഷം
ഹോമത്താലേ ഹരം വരിക!

മൂത്താരാം കുഞ്ഞമ്പുവിന്
ചാത്തൻെറയുപദ്രവമെങ്കിൽ
പോത്തിറച്ചിമുഖത്തിന്നുഴിയും
ഹോമത്താലെ ഹരം വരിക!

സമുദായപ്രേതമനേകം
ശങ്കരനോടെതിരാണെങ്കിൽ
നോട്ടുഴിയാം കറൻസിയേറെ
ഹോമത്താലെ ഹരംവരിക!

എം.എൽ.എ. പ്രേതമൊഴിക!
കണ്ട്റാക്ട് പ്രേതമൊഴിക!
കൈക്കൂലിപ്രേതമൊഴിക!
അധികാരപ്രേതമൊഴിക!

അറുമുഖനേ പിണിയൊഴിക!
ഐങ്കരനേ പിണിയൊഴിക!

തുള്ളിപ്പേപറയും'മുണ്ടൻ,
ഉള്ളിൽകുടികൊള്ളുന്നെങ്കിൽ
കള്ളിൻപതകൊണ്ടുഴിയുന്നൊരു
ഹോമത്താലെ ഹരംവരിക!

ഭ്രൂണിയമഗ്ഗർഭത്തോടേ
പേയായിത്തീന്ന"ഗൗരി
മറുതാ"മറുവഴിവന്നെങ്കിൽ
ഹോമത്താലെ ഹരംവരിക!

[അറുമുഖനേ പിണിയൊഴിക
ഐങ്കരനേ പിണിയൊഴിക!]




— ഉണർവ്വിനും ഉന്മേഷത്തിനും —

"ഭൂഗോള"മാർക്ക്

★ ഷണ്മുഖം മദ്രാസ് പൊടി ★

120 വർഷങ്ങളായി ഗുണം, മണം, വീര്യം എന്നിവയ്ക്കു് പേരും പെരുമയും ആർജ്ജിച്ച് മററെല്ലാ പൊടികളേയും പിന്നിലാക്കിക്കൊണ്ട് വിജയപതാക പാറിപ്പറപ്പിച്ചു മുന്നേറുന്ന ഏക മദ്രാസ്പൊടി.

മൊത്തമായും ചില്ലറയായും ആവശ്യപ്പെടുക—

സി. വിദ്യാധരൻ, ജട്ടി റോഡ്, ആലപ്പുഴ.

# കേരളം മുതൽ ഡൽഹിവരെ

## മൂന്നു കേരളമന്ത്രിമാരുടെ പ്രഥമ ഡൽഹീയാത്രയുടെ വിവരണം.

1

പട്ടംതാണുപിള്ളയുടെ ആഫീസ് സിക്രട്ടറിമാരും ശിപായിമാരും ഫയൽ കൊണ്ടുവരികയും കൊണ്ടുപോവുകയുംചെയ്യുന്ന ബഹളം. ചില പ്രമാണികൾ അതിന്നിടെ സന്ദർശനത്തിനു വരികയും അതുകഴിഞ്ഞു പോവുകയും ചെയ്യുന്നുണ്ടു്. ഈ ധൃതിക്കിടയിൽ മൂന്നുമന്ത്രിമാർ മുറിക്കുവെളിയിൽ പ്രത്യക്ഷപ്പെടുന്നു. പട്ടത്തിന്റെ ഡഫേദാർപോലും അവർക്കുവേണ്ടി വഴിമാറിക്കൊടുക്കുന്നു. എന്നാൽ അവർ മൂന്നും മുന്നോട്ടുപോകാതെ ശങ്കിച്ചു വാതുക്കൽ നില്ക്കുന്നു.

ഡഫേദാർ— ഏമാന്മാർക്കു കയറിച്ചെല്ലാമല്ലോ. അതിനു പ്രത്യേകം അനുവാദമെന്തിനാ.

കുഞ്ഞമ്പു— പങ്കായുണ്ടോ മുറിക്കകത്തു്?

ഡഫേ— അങ്ങനെ ചോദിച്ചതെന്താ? ഏമാന്റെ മുറിയിൽ അതില്ലേ—? എങ്കിൽ ഫോണിലൊന്നു വിളിച്ചുപറഞ്ഞാൽമതിയല്ലോ, ഉടനെ പങ്കാ വച്ചുതരുമല്ലോ.

വേലപ്പൻ— (രഹസ്യം പറയുന്ന മട്ടിൽ) അമ്മാവാ നേരുപറയാം. ഞങ്ങൾക്കു പങ്കാ കറങ്ങുന്നതുകണ്ടാ മനം പിരട്ടും. അതുകൊണ്ടു ഞങ്ങളുടെ മുറിയിലേതു് അഴിപ്പിച്ചുകളഞ്ഞു.

ഡഫേ— ഒരു പച്ചനാരങ്ങാ കടിച്ചോണ്ടു് കണ്ണുമടച്ചിരുന്നാമതി. എന്റെ മരുമോളുപെണ്ണു് ഇപ്പോഴും അങ്ങനാ ട്രാൻസ്പോർട്ടിൽ കേറുന്നതു്.

പൗലോസ്— കണ്ണുമടച്ചിരുന്നാൽ ഫയലുനോക്കുന്നതാരാ?

കുഞ്ഞമ്പു— അതിനല്ല്യോ സിക്രട്ടറി? ഞാൻ കണ്ണുതുറന്നിരുന്നാലും അയാളല്ലോ നോക്കുന്നതു്.

ഈ ഘട്ടത്തിൽ പട്ടത്തിന്റെ സിക്രട്ടറി ഇറങ്ങിവന്നു. മൂന്നു മന്ത്രിമാരെ ഒരുമിച്ചു കണ്ടതിൽ ആശ്വാസം പ്രകടിപ്പിച്ചു.

സിക്രട്ടറി— മുഖ്യമന്ത്രി പറഞ്ഞതനുസരിച്ചു നിങ്ങളെ കാണാനായി ഞാൻ ഇറങ്ങിയതായിരുന്നു. അത്യാവശ്യമായി അദ്ദേഹം അന്വേഷിക്കുന്നു. മററന്നാൾ നിങ്ങൾ മൂന്നുപേരും ഡൽഹിയിലെത്തണമെന്നാണു് അദ്ദേഹം പറയുന്നതു്. വിമാനത്തിൽ പോകാം.

കുഞ്ഞമ്പു— എനിക്കുമേലാ പേടിയാ.

പൗലോസ്— എനിക്കു പേടിയൊന്നുമില്ല. പക്ഷെ വിമാനം സാത്താനാ കണ്ടുപിടിച്ചതു്. അതിൽ കേറുന്നതു ശരിയല്ല.

വേലപ്പൻ— എനിക്കു സാത്താനേം പേടിയില്ല, പക്ഷെ ആദ്യമായിട്ടാ വിമാനം കേറുന്നതു്. അതൊരു നല്ലദിവസം വേണം.

സിക്രട്ടറി— മററന്നാൾ നല്ല ദിവസമാ.

വേലപ്പൻ— അടുത്ത മൂന്നുമാസം വരെ എനിക്കു കണ്ടകശനിയാ. അതു കഴിയാതെ നല്ല നേരമേയില്ല.

സിക്രട്ടറി— ഇതൊന്നും പറഞ്ഞാൽ നടപ്പില്ല. പേടിയുള്ളവർ രാജിവയ്ക്കണം, സാത്താനെ ശങ്കിക്കുന്നവരും പിരിയണം, ശനിദശക്കാർ അതു വകവയ്ക്കുകയുമരുതു്. മററന്നാൾ ഏതായാലും മൂന്നു മന്ത്രിമാരും ഡൽഹിയിൽ വേണം. ഇന്ത്യാഗവണ്മെന്റുമായി മൂന്നാംപഞ്ചവത്സരത്തെപ്പററി ആലോചിക്കാനാ. മുഖ്യമന്ത്രിയുടെ നിർബന്ധപൂർവമായ ഉത്തരമാണു്. വല്ലാത്തവർ അദ്ദേഹത്തോടു പറയണം.

കുഞ്ഞമ്പു— ഛർദ്ദിച്ചാൽ കോരാനാളുണ്ടോ വിമാനത്തിൽ? ഞാൻ ഛർദ്ദിക്കും.

സിക്രട്ടറി— ആളുണ്ടാക്കാം.

പൗലോസ്— ഞാനെന്തിനാ വരുന്നതു്? എനിക്കുവേണ്ടി വേലപ്പൻ പോയാൽ പോരേ?

വേലപ്പൻ— ഞാൻ നല്ല നേരമുണ്ടെങ്കിലേ പോകു. ഛർദ്ദിച്ചാൽ കോരാനാളുണ്ടെങ്കിൽ പോയാലെന്താ? സാത്താന്റെ വാഹനമായാലും ഛർദ്ദിയല്ലാതെ മറെറന്താ കുഴപ്പം.

2

ഏപ്രിൽ 25—ാംനു തിങ്കളാഴ്ച, വെളുപ്പിനു് വൈക്കം വേലപ്പൻ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തി. ഉച്ചയ്ക്കു് ഒന്നരമണിക്കുള്ള വിമാനത്തിലാണു് അദ്ദേഹത്തിനു പോകേണ്ടതു്. താവളത്തിനു വെളിയിൽ നില്ക്കുന്ന പുതുമന്ത്രിയോടു് ഒരാൾ ചോദിച്ചു. 'എന്താ ഇവിടെ നില്ക്കുന്നതു്' എന്നു്. ഡൽഹിക്കു പോകാനാണെന്നായിരുന്നു മറുപടി.

ആൾ— ആ വിമാനം ഉച്ചതിരിഞ്ഞാണല്ലോ പോകുന്നതു്?

വേലപ്പൻ— രാവിലെ മൂന്നേമുക്കാൽ കഴിഞ്ഞാൽ രാഹുവേളയാ. അതിനു മുമ്പേ ഇറങ്ങിയെന്നേയുള്ളു. വിമാനത്തിൽ ആദ്യമാ കേറുന്നതു്.

ആൾ— രാഹുകാലം ഏഴരനാഴിക പുലർച്ചയ്ക്കു തീരുമല്ലോ.

വേലപ്പൻ— അങ്ങിനെ തുല്യാസൂക്ഷത്തിലെന്തിനാ? കുറേ നേരത്തെ ഇറങ്ങിയാൽ പേടിക്കാനില്ലല്ലോ.

എവിടെയെല്ലാമൊ സ്റ്റോറുകളിൽ കറങ്ങിയശേഷം കുഞ്ഞമ്പുമന്ത്രിയും വിമാനത്താവളത്തിൽ എത്തി. ഒരു സഞ്ചിനിറയെ പച്ചനാരങ്ങയുമായിട്ടാണു വരവു്.

കുഞ്ഞമ്പു— പച്ചനാരങ്ങാ ഇവിടെങ്ങുമില്ല. ഇന്നു വെളുപ്പിനുമുതൽ തിരക്കിയിട്ടാ ഇത്രയും കിട്ടിയതു്.

വേലപ്പൻ— നാരങ്ങാ കടിച്ചാലും ബസ്സിൽ കേറുന്ന പെണ്ണുങ്ങൾ കുമിട്ടുന്നതു ഞാൻ കണ്ടിട്ടുണ്ടു്. വിമാനത്തിലെങ്ങാനാണെന്നറിഞ്ഞുകൂടാ. പൗലോസെന്ത്യേ? വരുന്നില്ലേ—?

കുഞ്ഞമ്പു— ചെപലിച്ചായൻ പള്ളീപ്പോയിരിക്കുവാ പ്രാർത്ഥിക്കാൻ. സാത്താന്റെ വാഹനത്തിലല്ല്യോ കേറുന്നതു്? (അകലെയോട്ടു നോക്കി) അതാ ആ വരുന്ന കാറു് ചെപലിച്ചേട്ടന്റേതാ. പള്ളീന്നു നേരെ വരികയാ. പാവം, എന്തൊരു ദൈവവിശ്വാസമാ.

വേലപ്പൻ— കുഞ്ഞമ്പു ഡൽഹീപ്പോയിട്ടുണ്ടോ? ഞാനാണെങ്കിൽ വൈക്കം മുതൽ ചങ്ങനാശേരിവരെയാ ആകെ യാത്ര. ഈയിടെയായി തിരുവനന്തപുരത്തേക്കും വരാറുണ്ടു്. എന്തൊരു പട്ടണമാ തിരുവനന്തപുരം?

കുഞ്ഞമ്പു— ഞാൻ ഡൽഹി കണ്ടിട്ടുണ്ടു്. എന്നുവച്ചാൽ ഞങ്ങടെ ചേട്ടത്തീടെ മോൻ ഒരു അററലസു് വാങ്ങിച്ചു. അതിലുണ്ടു് ഡൽഹി. പറഞ്ഞുകേട്ടതുപോലെ ഒന്നുമില്ലെന്നേ.

പൗലോസുമന്ത്രി— (തിടുക്കത്തിൽ പ്രവേശിച്ചു്) അററ്ലസ്സിൽ ഞാനും കണ്ടിട്ടുള്ളതാ ഡൽഹി. വെറുമൊരു പൊട്ടുപോലെയാ. അതിലെങ്ങനാ പാന്തും നെഹ്റുവുമൊക്കെ പാർക്കുന്നതെന്നാ എന്റെ വിചാരം.

വേല— പടത്തിൽ പൊട്ടായാലും

സത്യത്തിൽ വലുതായിരിക്കും. ഞാൻ ചോദിച്ചവരു പറഞ്ഞതു് പെരുന്നയേക്കാൾ വല്യ സ്ഥലമാണെന്നാ.

പൗലോ— കോട്ടയത്തേക്കാളും വലുതാണെന്നല്ലാ ചാക്കോച്ചൻ പറഞ്ഞതു്.

കുഞ്ഞമ്പു— വലുതായാലും ചെറുതായാലും അവിടെ ചെല്ലുന്ന കാര്യമല്ലോ പ്രയാസം. ഒരു വില്ലുവണ്ടിയോമറ്റോ പിടിച്ചങ്ങു പോയാലെന്താ?

വേല— ആറു മാസം കഴിഞ്ഞേ എത്തു.

പൗലോ— വിമാനത്തിലേ കൂളു. ഛർദ്ദിക്കുന്നേൽ ഛർദ്ദിക്കട്ടെ, നമ്മുടെ കുറ്റമല്ലല്ലോ.

III

യാത്രയ്ക്കു തയ്യാറായി വിമാനം നിൽക്കുന്നു. പച്ച നാരങ്ങയും കടിച്ചു കണ്ണുമടച്ചു നിൽക്കുന്ന കുഞ്ഞമ്പുവിനെ അയാളുടെ സിക്രട്ടറി കൈക്കുപിടിച്ചു് അതിൽ കയറ്റി ഇരുത്തുന്നു. പൗലോസുമന്ത്രി മുപ്പത്തിമൂന്നു പുണ്യവാളന്മാരെയും സ്തോത്രിച്ചു് കുരിശു വരച്ചശേഷം കുഞ്ഞമ്പുവിന്റെ അടുത്ത സീറ്റിൽ സ്ഥലംപിടിച്ചു. വേലപ്പൻ ഒന്നു കേറിയെങ്കിലും പെട്ടെന്നു തിരികെയിറങ്ങി മാറിനിന്നു.

എന്താ കേറാത്തതു്?

അല്പം കഴിയട്ടെ, വിടുമ്പോൾ കേറാം.

വല്ലതും മറന്നോ?

ഇല്ല.

പിന്നെ?

ആദ്യമല്ല്യോ, വലതുകാൽവച്ചു കേറണമെന്നാ പുരാണം. ഞാനിടത്തുകാലാ വച്ചുപോയതു് അതിന്റെ ദോഷമൊന്നു മാറിക്കോട്ടെ.

വിമാനം ഇരച്ചുതുടങ്ങിയപ്പോൾ വേലപ്പനും മുമ്പോട്ടു വന്നു. വലതുകാൽ പൊക്കിയെങ്കിലും എങ്ങനെയോ വീണ്ടും വിമാനത്തിൽ ചവുട്ടിയതു് ഇടതുകാലാണു്. പിന്നെ ഒരിക്കൽക്കൂടി മാറിച്ചവുട്ടാനിടയില്ലാത്തതുകൊണ്ടു് മടിച്ച മനസ്സോടെ അദ്ദേഹവും കയറി. വിമാനം ഉയർന്നു. കേരളത്തിലെ മൂന്നു മന്ത്രിമാർകൂടി ഉണ്ടെന്നറിഞ്ഞു് ചെറുപ്പക്കാരിയായ എയർഹോസ്റ്റസ് അവർക്കുവേണ്ട ഉപചാരത്തിനായി അടുത്തു. ഒരു മന്ത്രി കണ്ണു തുറക്കുന്നില്ല, മറ്റൊന്നു് എന്തോ ജപിച്ചു കുരിശുവരയ്ക്കുന്നു, മൂന്നാമത്തേതു് കുനിഞ്ഞിരുന്നു് സ്വന്തം ഇടതുകാലിനെ ചീത്തപറയുന്നു. "വല്ലതും ആവശ്യമുണ്ടോ?" എയർഹോസ്റ്റസ് കുണുങ്ങിചിരിച്ചോണ്ടു് ചോദിച്ചു. വേലപ്പൻ മുഖമൊന്നുയർത്തി നോക്കിപ്പോയി. തൽക്ഷണംതന്നെ അദ്ദേഹം മുഖംതാഴ്ത്തി ഇരുപ്പായി.

വല്ലതും ആവശ്യമുണ്ടോ?

അവൾ ചോദ്യം ആവർത്തിച്ചു. പൗലോസ്മന്ത്രി ജപംനിർത്തി ഒന്നു നോക്കിപ്പോയി.

ഇതു ദേവലോകമാണോ?

അല്ല വിമാനമാ.

പിന്നെ നിങ്ങളു്?

എയർഹോസ്റ്റസ് ഒന്നു പൊട്ടിച്ചിരിച്ചു. നാരങ്ങാ കടിച്ചോണ്ടിരുന്ന കുഞ്ഞമ്പു അതു വായിൽനിന്നും എടുത്തുപോയി. ഹോസ്റ്റസിന്റെ സാരിയും മറ്റു യാത്രക്കാരുടെ ഡ്രസ്സും വിമാനത്തിനകവും കഴുകിയെടുക്കാൻ വളരെനേരം വേണ്ടിവന്നു.

IV

ഇതെന്തുവാ

കെട്ടിടമാ

അയ്യോ ഇതിന്റെ ഉയരം!

ഇങ്ങനെ നോക്കിനിന്നാൽ മതിയോ, നെഹ്റുവിനെ കാണണ്ടേ?

ഈ കെട്ടിടത്തിലെങ്ങാനുമാണേൽ എനിക്കു വയ്യ.

മോരുംവെള്ളം കിട്ടുമോ ഇവിടെങ്ങാനും?

കുറച്ചിലാ അതു ചോദിക്കുന്നതു്.

എന്നാൽ കരിക്കിൻനീരുമതി.

അതും കുറവാ.

തലേദിവസമേ വന്നിരുന്ന പട്ടംതാണുപിള്ള സഹമന്ത്രിമാരെ അന്വേഷിച്ചു് ഒരു കാറിൽ അതുവഴി വന്നു് നമ്മുടെ പുതുമന്ത്രിമാരുടെ മുമ്പിൽ വണ്ടി നിർത്തി ഇറങ്ങി.

പട്ടം— നിങ്ങളെന്താ നെഹ്റുവിനെ കാണാൻ വരാഞ്ഞതു്. എത്രനേരമായി അദ്ദേഹം കാത്തിരിക്കുന്നു.

വേലപ്പൻ— ഞാൻ മറ്റന്നാളിൽ കാണാം. ഇന്നും നാളേം നല്ലനേരമില്ല.

പട്ടം— പിന്നെന്തിനാ നിങ്ങളു വന്നതു്. ഇവിടെ ആവശ്യമില്ലാതെ ഇങ്ങനെ പാർത്താൽ ആരു തരും ചെലവിനു്?

പൗലോ— എനിക്കു പറയാനുള്ളതു് മുഖ്യമന്ത്രി പറഞ്ഞേച്ചാൽമതി. ഞാൻ അതൊത്തോളാം.

കുഞ്ഞമ്പു— എനിക്കീ കെട്ടിടം കണ്ടപ്പോഴേ മനംപിരട്ടുകാ. നെഹ്റുവിനെ കണ്ടാൽ അതിലും കൂടുതലാ.

പട്ടം— നാശങ്ങളു് ഇതെല്ലാം അവിടെവെച്ചേ പറഞ്ഞെങ്കിൽ നാണക്കേടില്ലാതെ നോക്കാമായിരുന്നല്ലോ. ആവട്ടെ, ഇനിയെങ്കിലും കരുതിക്കോളാം. നിങ്ങൾ ആരേം കാണേണ്ടാ, അടുത്ത വിമാനത്തിൽ തിരികെ പൊയ്ക്കോളണം.

കുഞ്ഞമ്പു— ഞാൻ നടന്നുവരാം.

പൗലോ— എനിക്കു തീവണ്ടിമതി.

വേല— വിമാനത്തിലായാലും എനിക്കു മറ്റന്നാളേ ഒക്കൂ. അന്നേ നല്ലനേരമുള്ളു.

[മൂന്നു സഹമന്ത്രിമാരേം ഡൽഹിയിൽ തള്ളിയിട്ടു് പട്ടംതാണുപിള്ള അടുത്ത വിമാനത്തിൽ തിരിച്ചുപോന്നു.]

.....o.....


# കാൽസിനോളിൻ

## വിരഗുളിക

വിരശല്യത്തെ നിശ്ശേഷം നശിപ്പിച്ചു് കുട്ടികളുടെ ആരോഗ്യത്തെ രക്ഷിക്കുന്നു

സ്റ്റോക്കിസ്റ്റ്സ്— യൂണൈറ്റഡ് മെഡിക്കൽ സ്റ്റോഴ്സ്, ചങ്ങനാശേരി

കൊച്ചിൻ മെഡിക്കൽ സ്റ്റോഴ്സ്, കൊച്ചിൻ 2

കെ. കെ. കരുവിള *and* സൺസ്, കോട്ടയം.

കൂടാതെ എല്ലാ പ്രധാനപ്പെട്ട മെഡിക്കൽ സ്റ്റോറുകളിൽനിന്നും കിട്ടുന്നതാണു്.

# ശങ്കർനാമ ദശകം

## [അസൂയ എന്ന ഭാഷാ ടിപ്പണിസഹിതം]

(1) ശങ്കരാ! സദാശിവ! സഹപ്രമുഖ്യമന്ത്രിണേ
മൺകലസ്യഫേസിനാൽ പ്രകാശനേ! ഗദാസനേ!
ഡംഭഹംകൃതാത്മനേ! തുണച്ചിടേണമേ സ്വയം–
തണ്ടിലേറി വാഴുമേക കേരളീയനേ തൊഴാം!

[കുറിപ്പ്: മൺകലസ്യ=മൺകലത്തിന്റെ. ഫേസ്=മുഖം. തണ്ടേറിപ്പോവുക, മഞ്ചലേറിപ്പോവുക എന്നൊക്കെ ധാരാളം പ്രയോഗങ്ങളുണ്ട്. തണ്ട് എന്നാൽ സമുദായമാകുന്ന ഇലയുടെ തണ്ടെന്നും അഹങ്കാരമെന്നും പാഠഭേദം. ഗദാസനൻ=ഗദപോലെയുള്ള ആസനത്തോടുകൂടിയവൻ]

(2) പുഞ്ചിരിപിഴിഞ്ഞ മുഞ്ഞിയുള്ളിലുള്ള വക്രതാ–
സഞ്ചിയോടുചേർത്തതാണിഹങ്കൃതിക്കു കാരണം!
നിങ്കലുള്ളതൊക്കെയും പരാർത്ഥമാണെന്നാകിലും
സ്വന്തമെന്ന ഭാവമു,ണ്ടതാണീ മേന്മയ്ക്കാസ്പദം

[കുറിപ്പ്:— മുഖത്തെ പുഞ്ചിരിസ്സഞ്ചിയുടെയും, അകത്തെ വക്രതസ്സഞ്ചിയുടെയും ചരട് ഒരേ ലവലിൽ കോർത്തിണക്കിയിരിക്കുന്നതും; അന്യന്റെ വകയേ കയ്യിലുള്ളുവെങ്കിലും അതൊക്കെ സ്വന്തമാണെന്നു ഭാവിക്കാനുള്ള ചങ്കൂറ്റവുംമൂലമത്രേ ഈ പദവിക്കു കാരണം]

(3) കണ്ണടച്ചിരുട്ടു ഹന്ത! ചേർത്തുപോ,ലെസ്സൻഡിപീ
മണ്ഡലത്തിലായ് കടന്നു കയ്യടക്കി നേതൃത്വം
മുണ്ഡനംകഴിച്ചു, വാൽമുറിച്ചു മന്നത്തപ്പന്റെ
കണ്ണിൽ മണ്ണുവാരിയിട്ടു മാറിയോനേ പാഹിമാം!

[കുറിപ്പ്:— അർത്ഥം സ്പഷ്ടം]

(4) ആ വിധത്തിൽ നാടുവിട്ടു കാടുകേറിപ്പോകവേ
കേവുവഞ്ചിക്കാരൻ സുകുമാരൻ കണ്ടവനുടെ
ഭാവമറിഞ്ഞക്കരെക്കടന്നു നിന്നനന്തരം–
ഭാവിയോർത്തു നാമംകഴിച്ചു ശങ്കരായ പാഹിമാം

[കുറിപ്പ്:— ഇവിടെ ശ്രീരാമനെ ഗുഹൻ തോണികടത്തുന്ന പുരാണവുമായി സാമ്യം—ആകയാൽ 'ഗുണപുരാണി' എന്ന അലങ്കാരം ജനിക്കുന്നു]

(5) അന്നുതന്നെക്കാമിച്ചോടിയെത്തിയൊരു കോൺഗ്ര
സന്നതാംഗിയേ മയക്കി ഭർത്തൃപദമേററതും [സ്സാം
പിന്നെയങ്ങവളുടെ ഉടുതുണിയും വിററു നീ
നന്ദിയോടു രാഷ്ട്രരായേപോയവനേ പാഹിമാം

[കുറിപ്പ്:— ഇവിടെ രണ്ടു പുരാണശകലങ്ങളാം നിഴലിക്കുന്നു. അതായത് ശൂർപ്പണഖാവൃത്തവും, പാഞ്ചാലീവസ്ത്രാക്ഷേപവും. തന്മൂലം "ആക്ഷേപശൂർപ്പി" എന്നൊരു പുതിയ അലങ്കാര(രണ്ടുംകൂടി ചേർത്ത്)സംജ്ഞ ഉടലെടുക്കുന്നു.

(6) സത്യസന്ധനായിപ്പിന്നെസ്സഹനസമരവേശ്മനി–
യെത്തി; ദൂരെ മാറിനിന്നു കണ്ടു വിജയസാദ്ധ്യത
ബുദ്ധികൊണ്ടറിഞ്ഞതിൽജയിച്ചിടുന്നപാർട്ടിയോ
ടൊത്തുചേർന്നു വീണ്ടും നാട്ടിലെത്തിയോനേ
പാഹിമാം!

[കുറിപ്പ്:— അലങ്കാരം 'കപടബുദ്ധി.' അർത്ഥം സ്പഷ്ടം]

(7) കൂടിനിന്നിലക്ഷനിൽകൊടിപിടിച്ചു മന്ത്രിയാ–
യീടെഴുന്ന കേരളം ഭരിക്കുവാനൊരുങ്ങി ഹാ!
രൂഢമൂലം മുഖ്യനായതില്ല; എങ്കിലെന്തുവാൻ
ഗൂഢ 'സഹമുഖ്യ'നെന്നപേരുനേടിയില്ലയോ?

[കുറിപ്പ്:— ഒന്നിനെ ആഗ്രഹിച്ചു. അതു ലഭിക്കാനിടയില്ലെന്നു കണ്ടു് തന്റെ സ്ഥാനം ആഗ്രഹിച്ച സ്ഥാനമെന്നു സങ്കല്പിച്ചു് തദനുസരണമായ ഒരു പേരു സ്വീകരിച്ചു. ഇതു് വിചിത്രമായ ഒരു പ്രയോഗമാണു്. ഈ രീതി 'കണ്ടതുകൊണ്ടാടി' എന്ന അലങ്കാരമാണു്]

(8) ഈവിധം നിറംപകർന്നു പൊങ്ങിപ്പൊങ്ങിലോക
ലാകമാനമുള്ളതെല്ലാംതന്നിലായ ചിന്തയാൽ [ത്തി
മോടികൂട്ടിയങ്ങൊടുവിൽ നാട്ടുകാരും സകലരും
കൂടിത്തല്ലിക്കൊല്ലുമാറായ്ത്തീരു!മീശ്വരാവിഭോ!

[കുറിപ്പ്:— അവസാന ഫലശ്രുതി കവി വിവക്ഷിക്കുന്നതിനാൽ ഇതിനു് 'അന്ത്യകുന്തം' എന്ന അലങ്കാരമാണു് അനുയോജ്യം]

(9) സ്വന്തംതണ്ടിലേറിയേവമെന്നും നടകൊള്ളുവോൻ
സ്വന്തം തണ്ടാൽ താഴെവീഴുമെന്നറിയിച്ചെങ്ങളെ
ബന്ധമററ ശാന്തിനേടുവാൻ തുണയ്ക്കും താങ്കളി–
ലങ്കരിക്കും ഡംഭിനായിട്ടായിരം സലാം! സലാം!

[കുറിപ്പ്:— ഗുണപാഠം പ്രതിഫലിപ്പിക്കുന്നതിനാൽ ഇതിന് 'ദൂരപ്രകാശിനി' എന്ന അലങ്കാരമാണ് യോജിക്കുന്നതു്]

(10) ശങ്കർനാമസംഗ്രഹം തൊലി വിനാശനാംപരം
സന്ധ്യനേരമിങ്ങനെ ജപിക്കനിങ്ങൾ സാദരം
ഭക്തിയോടുകൂടിയീസ്തവം ജപിക്കിലായവൻ
മുക്തിനേടും വല്ലവന്റെകൈകളാൽനിസ്സംശയം

[കുറിപ്പ്:— തൊലിവിനാശം = തൊലിയുരിക്കൽ]

# സർദാർ പണിക്കരെ കൊള്ളയടിച്ചു!

## സഖാവ് എം. എൻ. ഒളിവിൽ.

—പ്രത്യേക ലേഖകൻ—

രാജ്യസഭാസമ്മേളനം പ്രമാണിച്ച് ഡൽഹിയിൽ പാർക്കുന്ന സർദാർ കെ. എം. പണിക്കരുടെ വസതിയിൽ അജ്ഞാതനായ ഒരു കൊള്ളക്കാരൻ പ്രവേശിച്ച് ഒരുലക്ഷത്തി അമ്പതിനായിരം രൂപയുടെ സ്വർണ്ണവും പണവും അപഹരിച്ചിരിക്കുന്നു. സർദാറിന്റെ മകളുടെ ഭർത്താവും, കേരളാ കമ്മ്യൂണിസ്റ്റ്പാർട്ടി സിക്രട്ടറിയുമായ സഖാവ് എം. എൻ, ഗോവിന്ദൻനായർ തലേന്നു വൈകുന്നതുവരെ അതേ വസതിയിൽ താമസിക്കുന്നുണ്ടായിരുന്നതായും അറിയുന്നു. കൊള്ളക്കാർ പ്രവേശിക്കുന്നതിനുമുമ്പേ അദ്ദേഹം കേരളത്തിലേക്കു പുറപ്പെട്ടതായിട്ടാണു വിശ്വസിക്കപ്പെടുന്നതു.

### (പിന്നീടു കിട്ടിയതു്)

(പ്ര. ലേ.)

സർദാറിന്റെ വീട്ടിലെ കൊള്ളയടിയെപ്പററി കൂടുതൽ തുമ്പൊന്നും ലഭിച്ചതായി അറിവില്ല. കൂടെ പാർത്തിരുന്ന മരുമകനെ ഈ സംഭവവുമായി ബന്ധപ്പെടുത്തുന്നതിനെ സർദാർ കർശനമായി നിരുത്സാഹപ്പെടുത്തുകയാണ്. കഴിഞ്ഞകൊല്ലം ഇതുപോലെ ഒരവസരത്തിൽ ജാമാതാവ് അതിഥിയായിരുന്നദിവസം ഏതാണ്ടു രണ്ടരലക്ഷത്തോളം ഉറുപ്പികയുടെ പണം മോഷണം പോയതു പോലീസുമേധാവികൾ ചൂണ്ടിക്കാണിച്ചിട്ടും സർദാർ ആ വഴിക്കുള്ള അന്വേഷണത്തിനു വിമുഖനായിരിക്കയാണ്.

ഏതായാലും ആഭരണവും പണവും ഇരുന്നിരുന്ന പെട്ടിയുടെ പുറത്തും പൂട്ടിലും ചില വിരലടയാളങ്ങൾ കാണുന്നുണ്ടെന്നും അതു പരിശോധിക്കുമ്പോൾ എന്തെങ്കിലും തുമ്പുകിട്ടുമെന്നും വിശ്വസിക്കപ്പെടുന്നു.

### (താമസിച്ചു കിട്ടിയതു്)

**ആറുവിരലിന്റെ അടയാളം കാണുന്നു!**

(പ്ര: ലേ.)

പണിക്കരുടെ ഭണ്ഡാരത്തിലുള്ള വിരലടയാളം പരിശോധിച്ചതിൽ രണ്ടു കൈയ്യിലും അയ്യഞ്ചു വിരലിനുപകരം ആറാറു വിരലിന്റെ അടയാളമാണു വെളിപ്പെട്ടതു്. ഈ വിസ്മയകരമായ പ്രത്യേകത പോലീസുകാരെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. ആറുവിരലുള്ള മനുഷ്യർ ഇല്ലാത്തതിനാൽ കൊള്ള നടത്തിയതു് വല്ല ഭൂതങ്ങളോമററോ ആയിരിക്കുമെന്നുള്ള നിഗമനവും പൊന്തിയിട്ടുണ്ടു്.

സഖാവ് എം. എൻ-നു് ആറുവിരലുണ്ടെന്നും അദ്ദേഹത്തിന്റെ തിരുവനന്തപുരം വസതിയോ കേരളാ കമ്മ്യൂണിസ്റ്റു പാർട്ടിയാഫീസോ ഉടനടി പരിശോധിക്കണമെന്നും കേരളത്തിൽ നിന്നും ഏതാനും കമ്മ്യൂണിസ്റ്റു വിരുദ്ധർ അയച്ചിട്ടുള്ള കമ്പി ഇവിടെ ഒരു ഇളക്കമുണ്ടാക്കിയിരിക്കുന്നു. സഖാവ് എം. എൻ-ന്റെ അധികമുള്ള വിരലും കൂടുതലുള്ള പല്ലും പാർട്ടിയുടെ ചിലവിൽ മൂന്നു കൊല്ലം മുമ്പേ പറിച്ചുകളഞ്ഞതാണെന്നും ഈ വിരലടയാളവും അദ്ദേഹത്തിന്റെ പേരും തമ്മിൽ ബന്ധിപ്പിക്കുന്നതു് ഇന്ത്യയിൽ ഈയിടെ ഉടനീളം കാണുന്ന അമേരിക്കൻ ചാരപ്രവണതയുടെ ഗൂഢപ്രചരണമാണെന്നും സഖാവ് ഏ. കെ. ജി. ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

### (ഒടുവിൽ കിട്ടിയതു്)

സ്വന്തം ഭാര്യാപിതാവിന്റെ അതിഥിയായി പാർക്കുകയും അവിടെ കൊള്ളനടന്ന രാത്രിയിൽ ആരോടും യാത്രപറയാതെ തിരുവനന്തപുരത്തേക്കു പുറപ്പെട്ടതായി അവകാശപ്പെടുകയും ചെയ്യുന്ന സഖാവ് എം. എൻ. ഇതുവരെയും തിരുവനന്തപുരത്തു് എത്തിയിട്ടില്ല. വിമാനത്തിലും തീവണ്ടികളിലും നടത്തിയ വിശദമായ അന്വേഷണത്തിൽ അദ്ദേഹം ഡൽഹിവിട്ടതായി അനുമാനിക്കുവാൻ യാതൊരു കാരണവും കാണുന്നില്ലെന്നാണു് അഭിജ്ഞകേന്ദ്രങ്ങൾ അഭിപ്രായപ്പെടുന്നതു്. അദ്ദേഹം ഈ ഘട്ടത്തിൽ ഇങ്ങനെ ഒളിവിൽ പോയതു് പലതരത്തിലുള്ള അഭ്യൂഹങ്ങൾക്കും ഇടയാക്കിയിട്ടുണ്ടു്.

### (ഏററവും ഒടുവിൽ കിട്ടിയതു്)

### സർദാർ ഹർജി പിൻവലിക്കുമോ?

സർദാറിന്റെ വസതിയിലെ കൊള്ളയെപ്പററി ഇന്ത്യൻ അപസർപ്പകസംഘം ദ്രുതതരം പ്രവർത്തിച്ചുകൊണ്ടിരിക്കയും ഏതാനും ചില തുമ്പുകൾ അവർക്കു ലഭിക്കയും ചെയ്തതായി വിശ്വസിക്കപ്പെടുകയും ചെയ്തിരിക്കുന്ന ഈ കാലഘട്ടത്തിൽ കേസ്സിന്റെ വാദിയായ സർദാർ മോഷണംസംബന്ധിച്ചുള്ള തന്റെ ഹർജി പിൻവലിക്കാൻ കാര്യമായി ആലോചിച്ചുവരുന്നതായി അറിയുന്നു. ഹർജി പിൻവലിപ്പിക്കുന്നതിനു് സ്വപിതാവിന്റെമേൽ ശക്തമായ സമ്മർദ്ദം പ്രയോഗിക്കുന്നതിനു് സഖാവ് ദേവകി പണിക്കർ (സഃ എം. എൻ-ന്റെ സഹധർമ്മിണി) കഴിഞ്ഞ ദിവസം പ്രത്യേക വിമാനത്തിൽ ഡൽഹിയിൽ എത്തിയിട്ടുള്ളതായും സർദാറിന്റെ ഇപ്പോഴത്തെ പിൻവലിക്കലിനുള്ള ആലോചനയും ഈ ആഗമനവുമായി ബന്ധമുള്ളതായും ചില കേന്ദ്രങ്ങൾ അഭിപ്രായപ്പെടുന്നു. ★

ഉറപ്പും ഭംഗിയുമുള്ള നവീനരീതിയിലുള്ള സ്വർണ്ണ–രത്നാഭരണങ്ങൾക്കു്

ദാമു ജൂവലേഴ്സ്

മുല്ലയ്ക്കൽ ക്ഷേത്രത്തിന് മുൻവശം, ആലപ്പുഴ.

പ്രൊപ്രൈററർ— കെ. ദാമോദരൻപിള്ള.

# ★ മാസവിശേഷങ്ങൾ ★

പാതാംപുഴ— സ്ഥലം റോമൻകത്തോലിക്കാപ്പള്ളിയിൽനിന്നും സ്ഥലം മാറിപ്പോകുന്ന ബ: ഫാ: ജോസഫ് പാറേൽ അവർകൾക്ക് പൗരപ്രമാണികളുടെ നേതൃത്വത്തിൽ യാത്രയയപ്പു നൽകിയിരിക്കുന്നു. സരസൻ ഒററപ്രതി ആവശ്യമുള്ളവർ വേലംപറമ്പിൽ കുഞ്ഞൂഞ്ഞിന്റെ കടയിൽ ആവശ്യപ്പെടുക.

പൊൻമുടി— തരിശായിക്കിടന്ന പൊൻമുടിയിൽ സരസന്റെ ഒരു എത്തിനോട്ടം വരുന്നു. കൈമണിക്കാരുടേയും ടു-ത്രീ-ക്കാരുടേയും പട്ടിക തയ്യാറായി വരുന്നു. പൊൻമുടിയിൽ ഒരു പോസ്റ്റാഫീസ് സ്ഥാപിക്കുന്നതിൽ അധികാരികളുടെ ശ്രദ്ധ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

ഉപ്പുതറ— ചീന്തലാർ കണ്ണാടിമിസ്സിന്റെ ഞായറാഴ്ചതോറുമുള്ള കുഞ്ഞമ്മചമയലും അയ്യപ്പൻകോവിൽ യാത്രയും നെല്ലുംവെള്ളംകഴപ്പും നാട്ടുകാരുടെ ഇടയിൽ സംസാരവിഷയമായിരിക്കുന്നു.

പേലാട്— സ്ഥലത്തെ ഒരു ഹൈസ്കൂൾവിദ്യാർത്ഥിയുടെ മലയ്ക്കുള്ള പോക്കും എരുമപ്രേമവും നിറുത്തിക്കാണാൻ സരസൻ ആഗ്രഹിക്കുന്നു. പേരുവിവരം അടുത്തതിൽ. സ: അയ്യപ്പന്റെ മിശ്രവിവാഹവും നാടുവിടലും സരസനറിഞ്ഞു. ആറുമാസം മുൻപ് വേണ്ടിയിരുന്നു. കരിങ്ങഴ കരയിൽനിന്നും ഒരു യക്ഷിയുടെ കിഴക്കോട്ടുള്ള പറക്കലും സന്ദർശനങ്ങളും നിറുത്തിയില്ലെങ്കിൽ കുടുംബത്തിന്റെ ഭാവിക്കു ദോഷകരം. ഇത്രയും പ്രായമായില്ലേ. പേരുവിവരം അടുത്തതിൽ.

അമ്പലപ്പുഴ— അമ്പലപ്പുഴ മസ്റ്ററ് ജോലിക്കാരിൽ രണ്ടുമൂന്നുപേർകൂടി രാത്രികാലങ്ങളിൽ ഒന്നുരണ്ടു സ്ത്രീകളേയും കൂട്ടിക്കൊണ്ട് ഉൽസവസ്ഥലങ്ങളിൽ കൊണ്ടുപോകുന്ന സംഗതിയും മററും സരസൻ അറിയുന്നുണ്ട്. പുറക്കാട്ട് മുരിക്കോല ക്ഷേത്രത്തിന് കിഴക്കുവശത്ത് കമ്പിവളപ്പിൽ താമസിക്കുന്ന ഒരു യക്ഷി പ്രേമത്തിന്റെ ചങ്ങല പൊട്ടിച്ചുകൊണ്ട് പതിവായി പല ചെറുപ്പക്കാരേയും അപകടത്തിലാക്കുന്നതിനുവേണ്ടി സഞ്ചരിച്ചുനടക്കുന്ന സംഗതിയും മററും സരസൻ അറിയുന്നുണ്ട്.

കുത്തുകുഴി— ആയിരക്കണക്കിനാളുകൾ നിത്യവും മരുന്നുവാങ്ങുന്ന ഒരു സ്ഥാപനമാണ് കോതമംഗലം ഗവ: ആശുപത്രി. ഇപ്പോൾ പരിശോധനയ്ക്കു വിധേയരാകുന്ന ഒരു രോഗിക്കും രോഗത്തിനുതക്ക മരുന്നു ലഭിക്കുന്നില്ല. അധികൃതർ ശ്രദ്ധിക്കുമല്ലോ.

പെരുമ്പളം— ഒരു ഉള്ളാടത്തിയും കുറെ പൂവാലന്മാരുംകൂടി നടത്തുന്ന പ്രേമനാടകം അസ്സലാകുന്നുണ്ട്. ഈ അഴിഞ്ഞാട്ടക്കാരെ നിലയ്ക്കുനിർത്താൻ നാട്ടുകാർക്കറിയാം. പൂവാലന്മാരുടെ പേരുവിവരം അടുത്തതിൽ.

തിരുവല്ല— സ്ഥലം ഗവ: ബേസിക്ക് ട്രെയിനിംഗ്സ്കൂൾ അദ്ധ്യാപകനും മുനിസിപ്പാലിററി പിരിവുകാരനും മററുംകൂടി ഒരു 'വാള'യെ എം. സി. റോഡിൽകൂടി അടുത്തുള്ള റബ്ബർതോട്ടത്തിൽ കൊണ്ടുപോന്നു നടത്തിയ വിക്രിയകൾ വിസ്തരിച്ചടുത്തതിൽ.

മൈനാഗപ്പള്ളി— ഗവ: നേഴ്സിന് കുറച്ചുനാളായി ചില നിർബന്ധബുദ്ധികളും മററും മററും തുടങ്ങിയതായറിയുന്നു. അതത്ര പററിയതല്ലെന്നാണ് നാട്ടുകാരുടേയും സരസന്റേയും അഭിപ്രായം. നിർത്തിയാൽ നന്ന്. വിശദവിവരം അടുത്തതിൽ.

ചീന്തലാർ— 1-ാം ഡിവിഷനിൽനിന്നും ഒരു യക്ഷി കരിപ്പുര കാട്ടിലേയ്ക്ക് ഒരു പദയാത്ര ആരംഭിച്ചിരിക്കുന്നു. പുറകെ നടക്കുന്ന ഗന്ധർവന്മാർ സൂക്ഷിക്കുക. എല്ലാം സരസൻ അറിയുന്നുണ്ട്.

പുന്നത്തുറ— സരസൻ ഒററപ്രതി ആവശ്യമുള്ളവർ എ. ആർ. കേശവൻനായരുടെ ററീഷോപ്പിൽ ആവശ്യപ്പെടുക.

അഞ്ചൽപ്പെട്ടി— കല്ലുവളവുങ്കൽമുക്കിലെ യക്ഷിയുടെ ഉപദ്രവം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പൂട്ടുപ




കേരളത്തിലെ നാടകചരിത്രത്തിനും ചരിത്രനാടകത്തിനും ഒരമൂല്യസംഭാവന!

1136-ൽ ആലപ്പുഴ ഭഗവാൻ തിയേറേറഴ്സ് അവതരിപ്പിക്കുന്ന

**കുഞ്ഞാലിമരയ്ക്കാർ**

(കേരളചരിത്രസംഗീതനാടകം)

അഭിനേതാക്കൾ— ഭഗവാൻരാജൻ & പാർട്ടി.

വിവരത്തിന്—

സെക്രട്ടറി, ഭഗവാൻ തിയേറേറഴ്സ്,

ചന്ദനക്കാവ് — ആലപ്പുഴ.

ട്ടത്തക്കാർ ആരൊക്കെയാണെന്നു് സരസനറിയുന്നുണ്ടു്. ഈ പണി ആരോഗ്യത്തിനു പററിയതല്ല, കേട്ടോ. രാത്രിയിലെ കളിച്ചുനടപ്പവസാനിപ്പിക്കണം. മാലമോഷണക്കഥ പുരോഗമിക്കുന്നു. വിശദവിവരം അടുത്തതിൽ.

റാന്നി— റാന്നി പഞ്ചായത്താഫീസ് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കുടിവാഴുന്ന ഒരു അലായ്സേഡ് ഈയിടെയായി കാലണയുടെ ഓട്ടയിൽക്കൂടി ഒട്ടകത്തെ കടത്തിവിട്ടു് അതിന്റെ വാലിൽ കടിച്ചുതൂങ്ങി സ്വർഗ്ഗത്തിൽ മേടപണിയിക്കാൻ തുടങ്ങിയിരിക്കയാണു്. മുതലാളീ! ഈ റോക്കററുയുഗത്തിൽ ഇത്തരത്തിലുള്ള ബിസിനസ്സുകൾ ഒന്നു കുറച്ചുവെക്കണേ.

കോതനല്ലൂർ— കേന്ദ്രഗവണ്മെന്റിന്റെയും കൃഷിഡിപ്പാർട്ടുമെന്റിന്റേയും മേൽനോട്ടത്തിൽ ബ്ലോക്കതിർത്തിയിൽ കൃഷി ചെയ്തിട്ടുള്ള നല്ല കമുകിൻതൈകൾ അംഗീകൃത നേഴ്സറിയിൽനിന്നും കുറഞ്ഞ വിലയ്ക്കു വിതരണംചെയ്തുവരുന്നു.

കറുകച്ചാൽ— ഓമനാ ഹോട്ടലിലെ ഭാവസേനയുള്ള ശിവതാണ്ഡവനൃത്തം ബഹുകേമം. സരസൻ ഏജന്റിനെ കാണുമ്പോൾ പല്ലിളിക്കരുതേ. വിശദവിവരം അടുത്തതിൽ.

കടമ്പനാട്— ഫോട്ടോകൾ ഭംഗിയായി ഫ്രെയിം ചെയ്തുകിട്ടണമെങ്കിൽ ജോയീസിന്റെ സ്റ്റേഷനറിക്കടയെ സമീപിക്കുക. പാഷാണം പട്ടാപ്പകൽ നൊയമ്പുവീടിയതു മോശം..... കാർത്തികപ്പള്ളിയുടെ പഴയ കച്ചവടം ടൈലർപോരുവഴിയുടെ സഹായത്താൽ പുരോഗമിക്കുന്നു.

അഞ്ചൽ— പേരുകേട്ടാൽ ആർക്കും വിശിഷ്യാ യുവതലത്തിനു് ഒരു ഹൃദ്യത—ആസ്വാദ്യത—വശ്യത അനുഭവപ്പെടും. അത്രമാത്രം അലിഞ്ഞുചേർന്നുകഴിഞ്ഞ ആ പേരു്—പൊന്നമ്മ—യുവാക്കന്മാരുടെ ഹൃദയങ്ങളിൽ. കാഴ്ചയിലോ സ്ഥല ജല ഭ്രാന്തി അനുഭവപ്പെട്ടുവരും വിരളമല്ല. എന്തിനു്, ഇന്നവളുടെ നടപ്പിലും, ഇരുപ്പിലും, നില്പിലും, നോട്ടത്തിലും എന്നുവേണ്ട അവളുടെ പാദസേവയ്ക്കുപോലും ഒരു ന്തിത്തള്ളലോടുകൂടി മുമ്പോട്ടു ഗമിക്കുന്ന യുവഹൃദയങ്ങളുടെ പട്ടികയിൽ സ്ഥലത്തെ ചില ഉദ്യോഗസ്ഥവൃന്ദങ്ങളും ഉൾപ്പെടുന്നതായി സരസനറിഞ്ഞുകഴിഞ്ഞു. ആരൊക്കെന്നല്ലേ, പറയാം: വിശദമായടുത്തതിൽ.

വരാപ്പുഴ— ആലങ്ങാട്ടു പഞ്ചായത്തിൽ കുംഭകോണം നടന്നുഎന്നു് പത്രങ്ങളിൽ റിപ്പോർട്ടുവന്നതിനു് എന്തിനാ പഞ്ചായത്തു് ഓഫീസറെ വെപ്രാളം കൂട്ടുന്നതു്? ചുണയുണ്ടെങ്കിൽ പത്രത്തിന്റെ പേരിൽ നടപടി എടുക്കണം. കഴിവുണ്ടെങ്കിൽ പഞ്ചായത്തുകിണർ ഒന്നു് മലിനജലം തേവിക്കളഞ്ഞു് കുടിക്കുവാൻ പാകത്തിലാക്കൂ. പുട്ടിയിട്ടു മൂത്രപ്പുര ഇനിയും ഉണ്ടാക്കുന്ന ലക്ഷണമില്ല, ആഫീസറും ക്ലാർക്കു് പ്യൂൺ എന്നിവരുടെ മൂത്രമൊഴിക്കാൻപോക്കിൽ ജനങ്ങൾക്കു് പരാതിയുണ്ടെന്നു പറയുന്നു.

കൊടിക്കുളം— സ്ഥലത്തും പരിസരങ്ങളിലും പല മാന്യന്മാർ സരസൻ ചക്കാത്തുവായന പതിവാക്കിക്കൊണ്ടിരിക്കുന്നു. പേരുവിവരം അടുത്തതിൽ. സരസൻ ഒററപ്രതി ആവശ്യമുള്ളവർ കേരളകൗമുദി ഏജന്റിനെ സന്ദർശിച്ചാൽ കിട്ടുന്നതായിരിക്കും.

കീഴ്‌വായ്പൂര്— ഹൈസ്കൂൾഭാഗത്തുനിന്നും ഒരു 'യക്ഷി' രാത്രികാലങ്ങളിൽ കീഴ്‌വായ്പൂര് ചിലരെയെല്ലാം ആവാഹിച്ചുകൊണ്ടിരിക്കുന്നതിൽ ചിലർക്കെല്ലാം വൈഷമ്യം നേരിടുന്നതായും അറിയുന്നു. സരസൻ ചക്കാത്തുവായന അഭിവൃദ്ധിയിൽ. ഒററപ്രതി ഗംഗാധരൻ പിള്ളയുടെ സ്റ്റേഷനറിക്കടയിൽ കിട്ടുന്നതാണു്.

പുല്ലാട്— ഒരുപ്രാവശ്യത്തെ മാസിക രണ്ടുദിവസം താമസിച്ചതിനു് ഇനിയുംമുതൽ മാസിക വേണ്ടെന്നുവച്ചു. അതിനു തെററില്ലസാറെ. പക്ഷെ ഇന്നും വരിസംഖ്യ ചോദിക്കുമ്പോൾ മൂപ്പിൽ പല്ലുതൊലിച്ചു് രക്ഷപെടുകയാണു്.

പുല്ലാഞ്ഞിയോട്— കഴിഞ്ഞലക്കം മാസികയിൽ സ്ഥലവാർത്തയില്ലാത്തതിനാലാണോ സരസൻ വാങ്ങാൻ അൽപ്പം മനംമടിപ്പുണ്ടായതു്. പേടിക്കേണ്ട ചേട്ടാ! ററീഷാപ്പു ചെല്ലപ്പൻനായരുടെ കടയിലെ മാസിക ആരും അറിയാതെ മാസംതോറും വീട്ടിൽകൊണ്ടുപോയി.......രസിപ്പിക്കുന്നതു് അത്ര നല്ലതല്ല. പുല്ലാഞ്ഞിയോട്ടുമുക്കിലെ പുരപ്പാട്ടുംമററും നിമിത്തം യാത്രക്കാർക്കു് അസൗകര്യം നേരിടുന്നുണ്ടു്. നട്ടുച്ചയ്ക്കു ഡ്യൂട്ടിക്കുപോയതും വീട്ടുനായകൻ പ്രത്യക്ഷപ്പെട്ടതും അടികൊണ്ടതും ചാടിവീണു് ഓടിയതും മററും അത്ര നല്ലതാണോ. വിശദവിവരം അടുത്തതിൽ.

കോട്ടയം— ചാലുകുന്നു് ഓലപ്പുര കൊച്ചുന്നയുമായി പത്തു കല്പന കാണാൻ പോയതും സ്വന്തം ആളിനെ വഞ്ചിച്ചു് മാർക്കററിലെ പലചരക്കു കച്ചവടക്കാരന്റെ അളിയനെ ഓലപ്പുരയിൽ താമസിപ്പിക്കുന്നതും യാത്രകൾക്കായിപ്പോകുന്നതും അത്ര പന്തിയല്ല, വൈ. എം. സി. എ. റോഡിലെ സോഡാക്കാരന്റെ....ലീ....യെ ശൂരനാട്ടുകാരൻ സ്റ്റീഫൻപോററി ജോലികൊടുക്കാമെന്നുപറഞ്ഞു് മദ്രാസിൽ കൊണ്ടുപോയതും അന്വേഷിച്ചു് അച്ഛൻ പോയതും പിന്നാലെ. കേരളാ ഇൻസ്റ്റിട്യൂട്ടിലെ പ്രതിഭയുടെ കളിച്ചുകളി നടത്തുന്നതും കത്തുകളിൽക്കൂടി സല്ലാപങ്ങൾ നടത്തുന്നതും അടുത്തതിൽ. സർവീസുകമ്മീഷണറാഫീസിലെ ചില ടൈപ്പിസ്ററും ക്ലാർക്കുംകൂടി പെൺപിള്ളേരുടെ വിലാസം തട്ടിയെടുത്തു് ചിലർക്കു് എഴുതയക്കുന്നതും വീട്ടിൽ വരുത്തുന്നതും ഒരു സംസാരവിഷയം. സ്ഥലത്തെ ചില അങ്ങത്തേമാർക്കു് പൂമീൻ വാങ്ങിക്കൊടുക്കുന്നതു് പതിവായിത്തീർന്നിരിക്കുന്നു. സ്ഥലത്തെ ഒരു ഡാൻസുപാർട്ടിയിലെ മദ്ദളക്കാരന്റെ പ്രണയംമൂത്തു് കുട്ടികൾ ഓടിപ്പോക

സന്ദർശിക്കുവിൻ! സന്ദർശിക്കുവിൻ!!

നിങ്ങളുടെ

ഹരിഹരഭവൻ

ബ്രാഹ്മിൻസ് ഹോട്ടൽ & ററീഷാപ്പ്

പ്രൈവററ് ബസ്സ്സ്റ്റാൻഡിനു സമീപം, കായംകുളം.

ന്നും ഒടുവിൽ ഭരണകർത്താവായിത്തീർന്നതും അമ്പലഭാഗത്ത് ഒരു സംസാരം.

കല്ലറ— സ്ഥലത്തും പരിസരപ്രദേശങ്ങളിലും പണംവച്ചുള്ള ചീട്ടുകളിയും മോഷണവും വർദ്ധിച്ചുവരുന്നു. ഇവിടെനിന്നും 6 മൈൽ അകലത്തിൽ ഔട്ടുപോസ്റ്റുപോലുമില്ല. ആയതിനാൽ ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും കല്ലമ്പുകാട്ടു തോടിനുസമീപം ഒരു ഔട്ടുപോസ്റ്റ് സ്ഥാപിച്ചാൽ നാട്ടുകാർക്കു് ഉപകാരമായിരിക്കും....

ഇടമുളയ്ക്കൽ— കശുവണ്ടി ഫാക്ടറിയിൽ ജോലിയും കഴിഞ്ഞുപോകുന്ന അർദ്ധപട്ടിണിക്കാരായ സ്ത്രീകളുടെ ചാരിത്ര്യം വിലയ്ക്കുവാങ്ങുന്നതാണു് സിസ്റ്റ പാസ്സായിക്കഴിഞ്ഞാലുള്ള ജോലിയെന്നു് നാട്ടുകാരേക്കൊണ്ടു പറയിക്കുന്നതു മോശം. പൂവത്താൻനട സർവ്വെയെങ്കിലും നടത്തുന്നതാണു രണ്ടുപേക്കും നല്ലതു്. ശേഷവിവരം അടുത്തതിൽ.

ആയൂർ— സുബ്രഹ്മണ്യക്ഷേത്രത്തിനു സമീപം ഉള്ള മുനിസിപ്പൽ മിഡ്‌വൈഫ് തങ്കമ്മ സ്ത്രീകളെ ചികിത്സിക്കുന്നതിനു പകരം പുരുഷന്മാരെ വേണ്ടവണ്ണം ചികിത്സിച്ച് ശുശ്രൂഷിച്ചു വരികയും സർക്കാർ പാൽപ്പൊടി സ്വയം വിതരണംചെയ്തു പണം വേണ്ടവണ്ണം ശേഖരിക്കുകയും ചെയ്യുന്നതായി ജനശബ്ദം.

വാരണം പുത്തനങ്ങാടി— സ്ഥലത്തെ ഒരു പലചരക്കുവ്യാപാരി കച്ചവടത്തിലും, അളവിലും, തൂക്കത്തിലും വാക്കിലും, പ്രവൃത്തിയിലും മായംതന്നെ. ഇപ്പോൾ സർക്കാരിനേയും വഞ്ചിച്ചുവരുന്നുണ്ടു്

തോട്ടപ്പള്ളി— സ്ഥലത്തെ പൊതുജനങ്ങളുടെ ആരോഗ്യവകുപ്പ് സൂതികർമ്മിണി, പാവപ്പെട്ട കുട്ടികളേയും ഗർഭിണികളേയും ശുശ്രൂഷിക്കേണ്ടതിനു പകരം പുരുഷന്മാരെ തൃപ്തിപ്പെടുത്തുന്നതായും, ശുശ്രൂഷിക്കുകയും ചെയ്യുന്നു എന്നും, സർക്കാർ പാൽപ്പൊടി സ്വന്തമായി വിററ് ധനം സമ്പാദിക്കുന്നു എന്നും ഇതിനാണോ ഇവരെ നിയമിച്ചിരിക്കുന്നതെന്നു് പൊതുജനചോദ്യം,

കരുവാററാ— കരുവാററാ 152-ാം നമ്പർ കയർ സഹകരണസംഘത്തിലെ പച്ചത്തൊണ്ടുമൂടലിൽ പ്രസിഡണ്ടിൻെറ കമ്മീഷൻ വ്യവസ്ഥയും, കുംഭകോണങ്ങളും അടുത്തതിൽ വിസ്തരിച്ചു്.

ഹരിപ്പാട്— ശ്രീ സുബ്രഹ്മണ്യസ്വാമി മഹാക്ഷേത്രത്തിലെ വിഷുക്കണിമുതൽ പത്താമുദയംവരെയുള്ള ഉത്സവച്ചടങ്ങുകളും കഴിഞ്ഞ വർഷത്തേക്കാൾ മികച്ച തോതിലുള്ള പരിപാടികളും ഭംഗിയായിക്കഴിഞ്ഞു.

കായംകുളം— സ്ഥലത്തെ ടാൽ സ്റ്റോർട്ടു ബസ്സ്സ്റ്റാൻറിനു വടക്കുവശമുള്ള കോവണിപ്പാലത്തിൽക്കൂടി ധാരാളം സ്കൂൾകുട്ടികളും യാത്രക്കാരും രാപകൽ ഭേദമെന്യേ ഗതാഗതംചെയ്യുന്നുണ്ടു്. കാലുകളും പലകകളും ജീർണ്ണിച്ചിരിക്കുന്ന പ്രസ്തുത പാലത്തിൽക്കൂടിയുള്ള സഞ്ചാരം ചിലപ്പോൾ ജീവൻ അപകടത്തിലാകും. ഈ അവസ്ഥയിൽ എത്തിക്കഴിഞ്ഞ പാലത്തെ അധികാരികൾ ദയാദൃഷ്ടിയോടെ വീക്ഷിച്ച് പോംവഴി ഉടനെ നടത്തണമെന്നു് സരസൻ താല്പര്യപ്പെടുന്നു. സ്ഥലത്തെ ടൗൺ 14-ാം നമ്പർ ന്യായവിലഡിപ്പോയിൽ അരിയും പഞ്ചസാരയും രാത്രിയിൽ മൊത്തമായി വിൽപന നടത്തുന്നതായി അറിയുന്നു. പ്രസ്തുത സ്ഥലത്തെ രജിസ്ട്രാർപേരിൽ വന്നിട്ടുള്ള പരാതി അന്വേഷിച്ച് അടുത്തതിൽ.

തൃക്കുന്നപ്പുഴ— സ്ഥലത്തെ സർക്കാർ ആശുപത്രിയിലെ ഗർഭശിശു സംരക്ഷണകേന്ദ്രത്തിൽ പല അനിഷ്ടസംഭവങ്ങളും നാൾക്കുനാൾ നടന്നുവരുന്നു. ആശുപത്രിയിലെ ഡോക്ടർ അവധിക്കുപോയതോ, സ്ഥലംമാറിപ്പോയതോ എന്നൊരു ചിന്താക്കുഴപ്പം. കേരളജനതാ വൈദ്യശാല എന്ന പേരിൽ ഒരു സ്ഥാപനമുണ്ടിവിടെ. സർട്ടിഫിക്കറേറാ, ലൈസൻസോ ഇല്ലാത്ത കൊച്ചുനാണു വാണു ചികിത്സ. അധികാരികൾ ശ്രദ്ധിക്കാൻ സരസൻ താല്പര്യപ്പെടുന്നു.

ചൂളത്തെരുവ്— സ്ഥലത്തെ പബ്ലിക്കുമാർക്കററിൽ സ്ത്രീകളും കുട്ടികളും വന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ചൂതുകളി, മദ്യപാനം, മുതലായവയോടനുബന്ധിച്ച് റൌഡികൾ അസഭ്യങ്ങൾ പുലമ്പുകയും പ്രവൃത്തിക്കുകയും ചെയ്യുന്നു. പോലീസ്ബീററ് അത്യാവശ്യം.

മാവേലിക്കര— പ്രസ്തുത സ്ഥലത്തു മോഷണം, അടിപിടി, പിടിച്ചുപറിക്കൽ മുതലായവ വർദ്ധിച്ചു. ആററുകടവിൽ കുളിക്കാൻ വരുന്നവരുടെ ഉടുതുണികൂടി മോഷ്ടിച്ച് ആളുകളെ കഷ്ടത്തിലാക്കുന്നു. പോലീസ് ഉടൻ ശ്രദ്ധിക്കണം.

മാരാരിക്കുളം— ലപ്രസിക്ലിനിക്കൽ പരിശീലനത്തിനുവന്ന കൊട്ടാരക്കര കുമാരിരാധമ്മേ ഇതു മോശമല്ലേ ഹരിദാസും രാധമ്മയും തമ്മിലുള്ള കേസുകളും തുടർന്നുള്ള കണ്ണീർവാതകപ്രയോഗവും നിരാഹാരവ്രതവും അലക്സാണ്ടരുടെ വീട്ടിൽനിന്നു കുടിയിറക്കിയതും മററും സരസൻ അറിഞ്ഞു. അലക്സാണ്ടറും സിൽബന്ധിയും പരിശീലനത്തിനു വന്ന വിദ്യാർത്ഥികളുടെ അടുക്കൽ പക്ഷപാതപരമായി പെരുമാറുന്നതായി ഒരു സംസാരവും ഉണ്ടായിരുന്നു.

എസ്സ്. എൽ. പുരം— ഇവിടെയുള്ള ഒരു ഡിസ്പെൻസറിയിൽ ഒരു ദിവസം പകൽ നടന്ന "പിടിയും വലിയും" കണ്ടുനിന്ന ചെറുപ്പക്കാർക്കു് രസമുള്ള കാഴ്ചയായിരുന്നു. പക്ഷേ! ശല്ല.... അച്ഛൻ നല്ല ഒരു മനുഷ്യനായി കരുതി നാട്ടുകാർ ബഹുമാനിക്കുന്നുണ്ടു്. അതിനു കളങ്കം വരാത്തവിധത്തിലുള്ള ഇമ്മാതിരി പ്രവർത്തി തുടർന്നു കൊണ്ടുപോകാതിരിക്കാൻ ശ്രമിച്ചാൽ ഡോക്ടർക്കു നല്ലതു്.

പാതിരപ്പള്ളി— പുരുഷാ കലവൂരിൽനിന്നും ഇവിടെവന്നു് മില്ലു വാടകയ്ക്കെടുത്തു നടത്തുന്നതു് കൊള്ളാം. മില്ലിനകത്തുള്ള നടപടികൾ ശുദ്ധീകരിച്ചില്ലെങ്കിൽ അതു് പുരുഷൻെറ ഭാവിക്കു ദോഷകരമായിരിക്കും.

മരുതമൺപള്ളി— സരസൻ ഒററ പ്രതി ആവശ്യമുള്ളവർ മരുതമൺപള്ളി നാഷണൽ ഫർണിച്ചർ മാർട്ടിൽ അന്വേഷിക്കുക. പ്രസ്തുത മാർട്ടിനു സരസൻെറ അനുഗ്രഹാശിസ്സുകൾ.

അയർക്കുന്നം— ചന്തയിൽ മീൻകച്ചവടത്തിനു വരുന്നവർ കരിമ്പിനുള്ളിലെ ബിസിനസ്സ് നിറുത്തണേ! നാട്ടുകാരുടെ കണ്ണിലുണ്ണിയായ മണിയെ കാണ്മാനില്ല. കണ്ടുകിട്ടുന്നവർ സരസനെ അറിയിക്കണം.

ചീന്തലാർ— ചീന്തലാർ ചന്തയിൽ ഉണ്ടായിരുന്ന കച്ചവടപ്പീടികകളിലും മററും കാററാടി കവലയ്ക്കുസമീപം പുതുതായിപണികഴിപ്പിച്ചിരിക്കുന്ന ചന്തയിലേക്കു മാററിസ്ഥാപിച്ചിരിക്കുന്നു. രുചികരമായ ആഹാരത്തിനും സ്നേഹമസൃണമായപെരുമാററത്തിനും കാവുങ്കൽ ററീഷാപ്പ് ('No. 7) സന്ദർശിക്കുക.

കൊട്ടാരക്കര— കൊട്ടാരക്കര പടിഞ്ഞാററിൻകര ചെന്തറ ജംഗ്ഷൻ മുതൽ വല്ലത്തേക്കു പോകുന്ന ലൈനിൽ ഇലക്ട്രിക്കു തുടങ്ങിയിട്ടു കുറച്ചു നാളുകളായി. എന്നാൽ ഈ റോഡിൽക്കൂടി രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നതിനു് എല്ലാവിധത്തിലും വളരെ ബുദ്ധിമുട്ടുണ്ടാകകൊണ്ടു് എത്രയുംവേഗം ടി റോഡിൽ സ്ട്രീററലൈററുണ്ടാകുന്നതിനു അതിനുവേണ്ടപ്പെട്ട അധികൃതർ ശ്രദ്ധപതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

അതിരമ്പുഴ— ഓണന്തുരുത്തു ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ഈ വർഷത്തെ ഉത്സവം ഏപ്രിൽ 18, 19 എന്നീ തീയതികളിൽ കെ. ആർ. ഹരിപ്പാടിൻെറ ഹരികഥയും, എച്ച്. എസ്. മണിയുടെ പാട്ടുകച്ചേരിയും പള്ളിപ്പുറം സെററിൻെറ വെടിക്കെട്ടുംസഹിതം ഇക്കൊല്ലത്തെ ഉൽസവപരിപാടികൾ സമംഗളം നടന്നിരിക്കുന്നു.

ആലപ്പുഴ— പാലസ്, ചുങ്കം, കളർകോട്—ഈ വാർഡുകളിൽ മദ്യപാനികളുടെയും റൗഡികളുടെയും ശല്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയും, അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങൾകൊണ്ട് നാട്ടുകാർ ഭയവിഹ്വലരായിരിക്കയുമാണ്. സ്ഥലവാസികളല്ലാത്തവരും, പല കേസുകളിലും പ്രതികളായിട്ടുള്ളവരുമായ ചില റൗഡികൾ താവളമുറപ്പിച്ചിട്ടുള്ളതായും ഇവരുടെ പരിപാടികൾ രാത്രികാലങ്ങളിലാണെന്നും, സിനിമയ്ക്കും നാടകത്തിനും മററും പോകുന്ന സ്ത്രീകളേയും വീട്ടിൽകിടന്നുറങ്ങുന്ന സ്ത്രീകളേയും ഭയപ്പെടുത്തിയും മർദ്ദിച്ചും പൊക്കിക്കൊണ്ടു പോകുക എന്നുള്ളത് നിത്യസംഭവങ്ങളാണെന്നും അറിയുന്നു. പോലീസ് ശ്രദ്ധിക്കണം. വനിതാസമാജവും മഹിളാസമാജവും കൊള്ളാം! സമാജഭാരവാഹികൾ സമാജത്തിലുള്ള അംഗങ്ങളെ നേർവഴിക്കു കൊണ്ടുവരുവാൻകൂടി ശ്രമിക്കണം. ഗോതമ്പും പാൽപൊടിയും മററും ഒരോ വാർഡിലും കൊടുക്കുവാൻ ചിലരെ ഏല്പിക്കുന്നു. ഏററുവാങ്ങുന്നവർ അതു കൊടുക്കാതെ സ്വന്തമായി കൈകാര്യംചെയ്യുകയാണ്. ഇവരുടെ നടപടികളും അത്ഭുതരഹസ്യങ്ങളും നാട്ടുകാർ അറിഞ്ഞുകഴിഞ്ഞു. അനീതികളെ നാട്ടുകാർ എതിർക്കുമെന്ന് തൽക്കാലം. സ്ഥലത്തെ ഇലക്ട്രിക്ക് ലൈററുകൾ ചില വാർഡുകളിൽ തുടരെ പ്രകാശിക്കാതെവരുന്നുണ്ട്. തന്നെയുമല്ലാ ഇല: ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ചുമതലാബോധത്തിൻെറ കുറവുകൊണ്ടും അശ്രദ്ധകൊണ്ടും സ്ഥലത്ത് ഇലക്ട്രിക്കിൻെറ തകരാറുകൾ എവിടെയും കാണുവാൻ കഴിയും. മനുഷ്യൻ മരിക്കാത്തത് ആയുസ്സിൻെറ വലുപ്പംകൊണ്ടുമാത്രമാണ്. ഇങ്കംടാക്സ്, അഗ്രികൾച്ചറൽ, സെയിത്സ് ടാക്സ്, ഈ മൂന്നു ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫ് അസോസിയേഷൻെറ വകയായി 'പുതിയ ആകാശം പുതിയ ഭൂമി' എന്ന നാടകം നടത്തി. (1960–ലെ പുതിയ കണ്ടുപിടുത്തം) എന്നാൽ സ്ഥലത്തെ ചില പ്രധാന വ്യക്തികളുടെ കയ്യിൽനിന്നും വ്യാപാരികളുടെ കയ്യിൽനിന്നും നാടകത്തിൻെറപേരിൽ നല്ലൊരു തുക കരസ്ഥമാക്കി. ടിക്കററുവില്പന കൂടുതൽ നടത്തിയതു് ആഫീസ് ഫോണിൽക്കൂടി ആയിരുന്നു എന്നാണറിയുന്നതു്.

തിരുവമ്പാടി— ത്രുപത അടസ്ഥാനത്തിൽ മിഷ്യൻലീഗിൻെറ പ്രഥമവാഷികസമ്മേളനം കഴിഞ്ഞു. പ്രവർത്തകരുടെ ഉദാസീനതയോ, പരിചയമുള്ളവരുടെ സഹകരണം ആവശ്യപ്പെടുന്നതിനുള്ള വിമുഖതയോ. ഏതായാലും ഒരു പരാജയബോധം സരസനുൾപ്പെടെ പലർക്കുമുണ്ട്. ശൈശവദശയാകയാൽ കുറേക്കൂടി വിശാലമായ ചിന്താഗതിയോടുകൂടി പ്രവർത്തിക്കുക. അതിഥികളുടെ കാര്യത്തിലെങ്കിലും കുറേക്കൂടി ശ്രദ്ധിക്കേണ്ടതായിരുന്നു.

ചേർത്തല— ശ്രീദേവിക്ഷേത്രത്തിലെ പൂരമഹോത്സവം വിവിധ പരിപാടികളോടുകൂടി പൊടിപൊടിച്ചു. പൂരമഹോത്സവം ഈ കൊല്ലത്തെപ്പോലെ ശാന്തമായി നടന്നിട്ടുള്ളതായി അറിവില്ല. കുഴപ്പങ്ങളൊന്നുമുണ്ടാകാതിരുന്നതിൻെറ കാരണം മറെറാന്നുമല്ല—ചേർത്തല പോലീസ് ഇൻസ്പെക്ടർ ശ്രീ. ഋഷികേശൻനായരുടെ കഴിവുകൊണ്ടാണ്. ചുടുകാടിനുസമീപം കേളപ്പറമ്പിൻെറ കെട്ടിടത്തിലെ പുതിയ വ്യവസായം നാട്ടുകാർക്കും യാത്രക്കാർക്കും ഭയത്തെ ഉണ്ടാക്കുന്നതാണ്. അധികാരികൾ ശ്രദ്ധിച്ചാലും. ദേവീക്ഷേത്രത്തിനു കിഴക്കുവശമുള്ള കെട്ടിടത്തിൽ താമസിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടെ നടപടികൾ പോലീസിൻെറ ശ്രദ്ധയെ ആകർഷിക്കുന്നു. മഹിളാസമാജം ഭവാനിയും, ചില യോഗ്യന്മാരുടെ ഓട്ടവും പ...വശവും അടുത്തതിൽ.

ചൊല്ലുശേരി— സ്ഥലത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപകനായ പാപ്പച്ചൻ മനുഷ്യനായി മുന്നോട്ടുപോകുവാൻ ശ്രമിച്ചില്ലെങ്കിൽ ഭാവിക്കു ദോഷകരമാണേ....

കാണിച്ചുകുളങ്ങര— ക്ഷേത്രത്തിലെ ശാന്തിക്കാരൻെറയും അനുചരന്മാരുടേയും പെരുമാററം ഭക്തജനങ്ങൾക്ക് അമർഷമുളവാക്കത്തക്കരീതിയിലാണെന്നറിയുന്നതിൽ സരസൻെറ ഖേദം പ്രകടിപ്പിച്ചുകൊള്ളുന്നു.

തുച്ചാററുകുളം— സരസൻ ചക്കാത്തുവായനക്കാരുടെ പേരുവിവരം അടുത്തതിൽ. ബജാറതപ്പിയുടെ എറണാകുളം ടൂറും ചേർത്തലപ്പോക്കും സരസനറിയുന്നു. അടുത്തതിൽ.

പാണാവള്ളി— ആന്ദില തോടിനു സമീപമുള്ള ചായക്കടയിലെ ചക്കാത്തുവായന നിർത്തിയില്ലെങ്കിൽ, കറുമ്പി സൊള്ളലും പാത്തിരുപ്പും കള്ളക്കച്ചവടങ്ങളും പുറത്താകുമേ.

പൂച്ചാക്കൽ— ന്യായവിലഡിപ്പോയിൽ ചിലർ ബ്ലാക്ക്മാർക്കററ് നടത്തുന്നു എന്ന് ജനസംസാരം. ജൗളിക്കടമാനേജരുടെ സൊള്ളലും ബപ്പുകടിയും സൂക്ഷിച്ചില്ലെങ്കിൽ അപകടത്തിൽ കലാശിക്കുമേ.

ഒററപ്പുന്ന— ചില പൂവാലന്മാരുടെ രാത്രിഞ്ചരത്വവും മദ്യപാനവും പാത്തുകളിയും സരസൻ അറിയുന്നു.

അരൂക്കുററി— സ്ഥലത്തെ ചില ഇടത്തരക്കാരായ മുതലാളിമാർക്ക് കാണ്ടാമൃഗത്തിൻെറ തൊലിക്കട്ടിയാണെന്നൊരു ജനസംസാരം.

എരമല്ലൂർ— കോസ്റ്റൽ കവലയിൽ ബസ്സ്സ്റ്റോപ്പ് ഉണ്ടെങ്കിലും ഒരു വെയിററിംഗ്ഷെഡ് ഇല്ലാത്തതിൽ യാത്രക്കാർ ക്ലേശിക്കുന്നു,

ആര്യനാട്— കുട്ടസ്കൂൾമാടത്തിൽ വച്ചുള്ള 10 രൂപാപ്രശ്നം കടന്നുപോയി എന്നാണ് സരസനു തോന്നുന്നതു്. കണ്ട്രാക്ടരുടെ ഇതുപോലുള്ള ഭരണം വെച്ചുകെട്ടിയതായി അറിയാൻ കഴിഞ്ഞു. എങ്കിലും പല പരാതികളും ഇപ്പോഴും കേട്ടുകൊണ്ടിരിക്കുകയാണ്.

മൂവാററുപുഴ— ഗവ: ആശുപത്രിയിലെ മത്തായി രോഗികളുടെ പക്കൽനിന്നും പണം "ചോദിച്ചുവാങ്ങുന്നില്ല?" മൂവാററുപുഴ ബസ്സ്സ്റ്റാൻഡിൽ യക്ഷിവിളയാട്ടവും ശൃംഗാരകുട്ടന്മാരുടെ റോക്കെൻറോളും വർദ്ധിച്ചുവരുന്നു.

വളഞ്ഞവട്ടം— ചെങ്ങന്നൂർ സബ്ബ് കളക്ടരുടെ ആകസ്മികമായ സന്ദർശനഫലമായി പുളിക്കീഴ് സി. ഡി. ബ്ലോക്ക് സോഷ്യൽ എഡ്യൂ: ഓഫീസറായ ശ്രീ. എസ്സ്. പരമേശ്വരൻപിള്ളയെ കോയിപ്രം ബ്ലോക്കിലേക്ക് കുറണ്ടു പാസ്സുചെയ്യുന്ന മാതിരി സ്ഥലംമാററിയിരിക്കുന്നതായി അറിയുന്നു. ഈ മിന്നൽ സ്ഥലംമാററത്തിൻെറ അടിയിൽ ചില കറുത്ത കൈകൾ പ്രവർത്തിച്ചിരുന്നതിൻെറഫലമായിട്ടാണ് ഇപ്രകാരംസംഭവിച്ചതെന്ന് ഒരു പൊതുജനാഭിപ്രായം കടന്നുകൂടിയിട്ടുണ്ട്.

പനമററം— വഞ്ചിമല കവലയിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമങ്ങളും അനീതികളും മോശമാണേ, പേരുവിവരം അടുത്തതിൽ.

ചെറുവള്ളിത്തോട്ടം— ചെറുവള്ളിത്തോട്ടത്തിൽ ഒരു ജനസംഘം സമംഗളം നടന്നുവരുന്നതിൽ സരസൻ ഹൃദയംഗമമായി സ്വാഗതംചെയ്യുന്നു. പ്രസിഡണ്ടായി മി. വേലായുധനെ എടുത്തതിൽ എല്ലാവർക്കും തൃപ്തി തന്നെ. എന്നാൽ ഖജാൻജിയായി എടുത്ത ആളിനെ നാട്ടുകാരോടൊപ്പം സരസനും അത്ര തൃപ്തിയില്ല.

സേനാപതി— സ്ഥലത്ത് വ്യാജമദ്യം വൻതോതിൽ നിർമ്മിച്ച് മൊത്തമായും ചില്ലറയായും വിററഴിക്കുന്നു. മദ്യപാനികൾ പലരെയും ചീത്തപറയുകയും വീടുകയറി ഭയപ്പെടുത്തുകയും ചെയ്തുവരുന്നു. അധികൃതർ ശ്രദ്ധിച്ചാലും.

# പൊതുജനസമക്ഷം

പതിനേഴു വർഷക്കാലത്തെ പ്രശസ്ത സേവനംകൊണ്ടു ലോകപ്രശസ്തിയും, അനുഭവസ്ഥരുടെ സംതൃപ്തിയിൽനിന്നും ഉടലെടുത്ത ആശംസാപൂർവ്വമായ അനേകം സാക്ഷിപത്രങ്ങളും, ആർജ്ജിച്ചിട്ടുള്ള വിജയാ ഫാർമസി വക സിദ്ധൌഷധങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മൂന്നു സിദ്ധൌഷധങ്ങളെ സംബന്ധിച്ചുള്ള സാമാന്യ വിവരങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുകയാണു്.

## 1. ശശാങ്ക

ഇതു് സാധാരണ സ്ത്രീപുരുഷന്മാരുടെയിടയിൽ കാണാറുള്ള മൂത്രാശയസംബന്ധമായും, ഉഷ്ണസംബന്ധമായുമുള്ള രോഗങ്ങൾക്കു് മികച്ച അനുഭവമുള്ള ഒരു സിദ്ധൌഷധമാണു്. കൂടാതെ ശരീരത്തിൽനിന്നും എല്ലാ രീതിയിലും നഷ്ടപ്പെട്ടു പൊയ്ക്കൊണ്ടിരിക്കുന്ന സൌമ്യാംശത്തെ തടഞ്ഞുനിവൃത്തി ശരീരത്തിനു കുളിർമ്മയെ ഉളവാക്കുകയും, ആരോഗ്യത്തെ പ്രദാനംചെയ്യുകയും ചെയ്യുന്നു.

24 ഗുളികകൾ അടങ്ങിയ പാക്കററിനു വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 2. ധാതുകൽപ്പ

ഇതു് ധാതുശക്തി ക്ഷയിച്ചവർക്കും ശരീരം മെലിഞ്ഞവർക്കും ദിവ്യാനുഗ്രഹമാണു്. എല്ലുന്തി മെലിഞ്ഞ ശരീരത്തേപ്പോലും ഇതു് ഏററവും മാംസളമാക്കുന്നു. ശരീരത്തിനു കാന്തിയും ഓജസ്സും ആരോഗ്യവും ഉളവാക്കുന്നു. ക്ഷീണിച്ച നാഡിഞരമ്പുകൾക്കു് നവചൈതന്യം നൽകി ജീവിതം വിജയകരമാക്കുകയും ചെയ്യും. ശ്വാസകോശസംബന്ധമായ എല്ലാവിധ ക്ഷീണത്തേയും ഇല്ലാതാക്കുകയും ചെയ്യും.

റാത്തൽ ഒന്നിനു് 6 ക. മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം

## 3. ജാതീകുസുമാദി

ഇതു് അർശ്ശോരോഗികൾക്കു് കൈകണ്ട ഔഷധമാണു്. ഇതു് മലബന്ധത്തെ ഇല്ലാതാക്കുകയും, സുഖവിരേചന ഉണ്ടാക്കുകയും ചെയ്യും. മൂട്ടചുടിച്ചിൽ, മൂട്ടകഴപ്പു്, ഗുദവീക്കം, ഗുദഭ്രംശം, ദഹനക്കുറവു്, വായുവികാരം, കൃമിദോഷം, രക്തംപോക്കു്, മുതലായി അർശോരോഗികൾക്കുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നന്നാണു്. എത്ര ഭയങ്കരമായ ഗ്യാസ്ട്രബിളിനേയും വയറുവേദനയേയും ശമിപ്പിക്കും.

റാത്തൽ ഒന്നിനു് 5 ക. മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

നിർമ്മാതാക്കൾ:—

## വിജയാഫാർമസി, മാവേലിക്കര, കേരളാ.

N. B. രോഗവിവരങ്ങൾക്കു ചീഫ് വൈദ്യൻ, എസ്സ്. എസ്സ്. പിള്ള, വിജയാ ഫാർമസി, മാവേലിക്കര എന്ന വിലാസത്തിൽ എഴുതുക.

**വിജയാ ഫാർമസിയിൽ വരുന്നവർ തട്ടാരമ്പലം ബസ്സ്സ്റ്റാൻഡിൽ ഇറങ്ങുക**

കാററ്ലോഗിന് 25 നയാ പൈസാ സ്റ്റാമ്പയയ്ക്കുക.

സാക്ഷിപത്രങ്ങൾക്കു് അടുത്ത പേജുകൾ നോക്കുക

## അർശ്ശസ്സ് സുഖപ്പെട്ടു.

പി. കെ. രാഘവൻനായർ, റാന്നി,
(കേരളാ ഫോറസ്റ്റ് സർവീസ്) 28-5-'59.
എടക്കുളം P. O.

ശ്രീ. എസ്സ്. എസ്സ്. പിള്ള,
വിജയാഫാർമസി, മാവേലിക്കര.

സുഹൃത്തെ,

താങ്കളുടെ ഔഷധമായ ജാതീകുസുമാദി ലേഹ്യ ഉപയോഗിച്ചു പൂർണ്ണ സുഖ കിട്ടിയെന്നു് അറിയിക്കുവാൻ അതിയായ സന്തോഷമുണ്ടു്.

അർശോസംബന്ധമായ സുഖക്കേടുകൾക്കു് ചുരുങ്ങിയ കാലയളവിനുള്ളിൽ ശമന വരുത്തുവാൻ ജാതീകുസുമാദി ഏററവു നല്ല ഔഷധമെന്നു് സാക്ഷിപ്പെടുത്തുന്നതിനു് അതിയായ സന്തോഷമുണ്ടു്.

എന്നു്, പി. കെ. രാഘവൻനായർ,
(ഒപ്പ്)

★

## ഗ്യാസ്സ് ട്രബിളും വയററുവേദനയും സുഖപ്പെട്ടു.

എൻ. ഹസ്സൻ, ടീച്ചർ, കോന്നി,
വാർവിളാകം, വെള്ളപ്പാറ. 1-7-1959.

ശ്രീമാൻ, എസ്സ്. എസ്സ്. പിള്ള,
ചീഫ് വൈദ്യൻ,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,

അനേക നാളുകളായി എന്നെ അത്യധിക പീഡിപ്പിച്ചുകൊണ്ടിരുന്ന വിശപ്പില്ലായ്മ, നിദ്രാഭംഗം വായുസ്തംഭനം, മലബന്ധ, ശരീരംമെലിച്ചിൽ, വയററുവേദന, എരിച്ചിൽ തുടങ്ങിയ ഭയങ്കര വ്യാധികളിൽനിന്നും രക്ഷപ്പെടുത്തിയതിനു് അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമ്മുടെ രാജ്യത്തുള്ള പ്രധാനപ്പെട്ട ചികിത്സാ കേന്ദ്രങ്ങളിലെല്ലാം ചികിത്സിച്ചു ഭേദമാകാതെ നൈരാശ്യത്തിൽ കഴിഞ്ഞു കൂടുമ്പോഴാണു് താങ്കളുടെ പരസ്യം കാണുവാനിടയായതു്. ഒരു വിഫലശ്രമംകൂടി എന്ന നിലയിൽ താങ്കളെ പരിചയപ്പെടുകയു താങ്കളുടെ ജാതീകുസുമാദി എന്ന ഔഷധം ഉപയോഗിക്കുവാൻ എന്നെ ഉപദേശിക്കുകയു ചെയ്തതനുസരിച്ചു് ക്രമേണ ഞാൻ ഉപയോഗിക്കുവാൻ തുടങ്ങി. ചുരുങ്ങിയ കാലത്തെ സേവകൊണ്ടു് എന്റെ രോഗം പരിപൂർണ്ണമായി വിട്ടുമാറുകയു, ഇപ്പോൾ ഞാൻ ആരോഗ്യവാനായിത്തീരുകയും ചെയ്തിരിക്കുന്നുവെന്നുള്ള വിവര സസന്തോഷം അറിയിച്ചുകൊള്ളുന്നു.

ജാതീകുസുമാദിയുടെ ദിവ്യശക്തിയെപ്പററി അറിഞ്ഞ എന്റെ സ്നേഹിതന്മാരിൽ പലരു പ്രസ്തുത ലേഹ്യ ഉപയോഗിച്ചു് സുഖ പ്രാപിച്ചിരിക്കുന്നുവെന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

അങ്ങേക്കും അങ്ങയുടെ മഹൽസ്ഥാപനത്തിനു വിജയ നേർന്നുകൊള്ളുന്നു.

★

K. V. CHATHUKUTTY,
Headmaster,
Gvt. Fisheries U. P. School,
Quilnday. 26-5-'59.

To
Sri. S. S. Pillai, Chief Physician,
Vijaya Pharmacy, Mavelikara.

Dear Sir,

I am very glad to inform you that your prescription of miraculous panacea JATHIKUSUMADI for the treatment of Gas trouble and chronic stomach Pain is successfully effective. Relief to the aggravation of the disease will be felt even after taking the medicine for a few days. Hence I am glad to recommend this specific medicine for the treatment of the above disease

Thanking you,
Yours faithfully
K. V. Chathukutty (Sd)

(മറുവശം)

## സ്ഖലനരോഗങ്ങൾ സുഖപ്പെട്ടു.

എം. കെ. നാരായണൻ,
ക്ലോത്തുമർച്ചൻറ്, P. O. മോക്കം, (Via) കുന്നമംഗലം.
മോക്കം, 19—9—1958.

എസ്സ്. എസ്സ്. പിള്ള അവർകൾക്ക്
വിജയാഫാർമസി, മാവേലിക്കര.

സർ,

ശശാങ്ക ഗുളിക ഞാൻ ഉപയോഗിച്ചിട്ട് ഇപ്പോൾ ഏകദേശം ഒന്നരക്കൊല്ലത്തോളമായി. എനിക്ക് മറസ്സിരിക്കുമ്പോൾ മൂക്കുമ്പോഴുണ്ടായിരുന്ന ശുക്ലംപോക്കും, സ്വപ്നസ്ഖലനവും ഇതുവരെ ഉണ്ടായിട്ടില്ല.

ശശാങ്കകൊണ്ട് എൻെറ ഉഗ്രമായ രോഗം നശിപ്പിച്ചുതന്ന ചീഫ്‌വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക് എൻെറ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മേൽപറഞ്ഞ രോഗമുള്ള യുവതീയുവാക്കന്മാർ ശശാങ്ക ഉപയോഗിക്കുവാൻ ഞാനഭ്യർത്ഥിക്കുന്നു.

എന്ന്, എം. കെ. നാരായണൻ (ഒപ്പ്)

★

A. V. JOHNY,  Elathuruthu,
St. Aloysius H. S.  27-12-1958
Elathuruthu P. O., Kerala.

To  Sri S. S. PILLAI,
Vijaya Pharmacy, Mavelikara.

സർ,

താങ്കളുടെ "ശശാങ്ക" ഒരു ദിവ്യൌഷധം തന്നെയാണെന്നു തെളിഞ്ഞിരിക്കുന്നു. കാരണം ഞാൻ മരുന്നുപയോഗിച്ചുതുടങ്ങിയതിൽപിന്നെ സ്വപ്നസ്ഖലനം ഇതുവരെയു ഉണ്ടായിട്ടില്ല. താങ്കളുടെ ശശാങ്ക യുവലോകത്തിൽ ഒരു മാതൃകയായിത്തീരട്ടെ. താങ്കൾക്ക് എൻെറ വിജയാശംസ!!

എന്ന്, സ്വന്തം എ. വി. ജോണി (ഒപ്പ്)

## ഉഷ്ണരോഗം സുഖപ്പെട്ടു.

K. A. MATHEW,  Chennamkary
Karumpinkalil,  15—4—1958.
Chennamkary P. O.

To,  S. S. PILLAI, Chief Vaidyan,
Vijaya Pharmacy, Mavelikara.

Dear Sir,

എൻെറ ഭാര്യ ഏകദേശം നാലുവർഷം ഉഷ്ണസംബന്ധമായ രോഗത്താൽ കഷ്ടപ്പെടുകയും, വളരെയധികം പണം ചെലവുചെയ്യുകയും ചെയ്തു. അങ്ങിനെയിരിക്കവേ വിജയാ ഫാർമസി വക ഒരു പരസ്യംകാണുകയും, ഞാൻ താങ്കളുടെപേർക്ക് രോഗവിവരക്കത്തയക്കുകയും വൈദ്യൻ 'ശശാങ്ക' എന്ന മരുന്ന് എനിക്കയച്ചുതരികയുംചെയ്തു. അതോടുകൂടി അയച്ച നിർദ്ദേശകത്തിൽ 'ശശാങ്ക'യുടെ കംപ്ലീറ്റ് കോഴ്സ് (അതായത് 3 മാസ) ആവശ്യമാണെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ഒരുമാസത്തെ സേവകൊണ്ട് രോഗം പൂർണ്ണമായി സുഖപ്പെട്ടു. രോഗം ഭേദമായിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഇതുവരെയും രോഗം ശമിച്ചതിന് ഒരു കൃതജ്ഞതക്കത്ത് എഴുതാതിരുന്നത് രോഗം ശരിയായി ഭേദമായി എന്നു ബോദ്ധ്യ വരട്ടെ എന്നു കരുതിയായിരുന്നു. ഇപ്പോൾ പരിപൂർണ്ണമായും ബോദ്ധ്യമായി. ഇതിൻെറ കൃതജ്ഞത പ്രകാശിപ്പിക്കാൻ കുറെ വാചകങ്ങൾ എഴുതിയതുകൊണ്ടു മതിയാകുമെന്ന് ഞാൻ കരുതുന്നില്ല. ഞാനും ഭാര്യയും കുട്ടികളും എന്നും വൈദ്യനു കടപ്പെട്ടവരാണ്. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, കെ. എ. മാത്യു (ഒപ്പ്)

★

SHAM SUNDAR SYAL
Representative,
Balaji Musk Depot (Regd)
Rajouri Garden, New Delhi-15.
15—2—59.

To

Sri. S. S. PILLAI, Proprietor,
Vijaya Pharmacy, Mavelikara.

Dear Sir,

Innumerable thanks to your miraculous effect of your SASANKA. My wife was always in trouble of 'Leucorhea'. Since I got your wonderful SASANKA, though the full course was not used yet within a Month's time, it completely uprooted the disease and my wife Sincerely thanks you.

Hope this wonderful drug of yours will do good to thousands of women suffering from this trouble and enjoy sound health.

With best wishes
Yours Sincerely (Sd)
Sham Sunder Syal.

—മറുവശം

## പ്രമേഹരോഗം സുഖപ്പെട്ടു

വി. കെ. നമ്പൂതിരി, ഹരിപ്പാട്ട്,
ബ്യൂല്ല്യൻമർച്ചൻറ്, 19 - 6 - 1957.

വൈദ്യൻ S. S. പിള്ള അവർകൾക്ക്
വിജയാഫാർമസി, മാവേലിക്കര.

സർ,

ആയുർവ്വേദ ഔഷധങ്ങളെ സംബന്ധിച്ച് വൈദ്യൻ അവർകൾ നടത്തിയിട്ടുള്ള ഗവേഷണഫലമായി കണ്ടുപിടിച്ചിട്ടുള്ള ശശാങ്ക മൂത്രമൊഴിവിനും, മൂത്രാശയസംബന്ധമായ ഇതര രോഗങ്ങൾക്കും ഏററവും ഫലപ്രദമായ ഒരു ഔഷധമാണെന്ന് സാക്ഷിപ്പെടുത്തുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു.

എനിക്ക് മൂത്രമൊഴിവ് (പ്രമേഹം) പിടിപെട്ടിട്ട് ഉദ്ദേശം ഒരു വർഷത്തോളമായിരുന്നു. 3 ശതമാനം പഞ്ചസാരയും അതിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. നിർദ്ദേശപ്രകാരം 3 മാസക്കാലം ശശാങ്ക ഉപയോഗിച്ചതിൻെറ ഫലമായി സുഖക്കേടിൽനിന്നും എനിക്ക് പരിപൂർണ്ണമായ ആശ്വാസം ലഭിച്ചിരിക്കുന്നു എന്ന വാർത്ത സസന്തോഷം ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

പ്രസ്തുത രോഗത്തിനു് ഇംഗ്ലീഷ് ഭിഷക്കുകൾ സാധാരണ ശുപാർശചെയ്യാറുള്ള ഏക ഔഷധം ഇൻസുലീൻ ആണല്ലോ. എന്നാൽ അതിനേക്കാൾ വളരെമടങ്ങു മെച്ചമാണു് "ശശാങ്ക" എന്നു് എനിക്ക് അനുഭവബോദ്ധ്യമായി. "ശശാങ്ക" ഇൻജക്ഷൻെറ ആവശ്യകതയെ ഇല്ലാതാക്കിയിരിക്കുന്നു. അസാധാരണമായ പത്ഥ്യാഹാരരീതിക്കോ, ധനവ്യയത്തിനോ പോലും "ശശാങ്ക"യുടെ സേവനം കാരണമാകുന്നില്ല. സർവ്വോപരി "ശശാങ്ക"കൊണ്ടു ലഭിക്കുന്ന സൗഖ്യം സ്ഥിരമായി നില്ക്കുകയും ചെയ്യുന്നു. എല്ലാ പ്രകാരേണയും വൈദ്യനവർകളുടെ "ശശാങ്ക" പ്രമേഹസംബന്ധമായ എല്ലാ രോഗങ്ങൾക്കും അവ എത്രതന്നെ പഴകിയതായിരുന്നാലും സിദ്ധൌഷധമാണെന്നു ശുപാർശചെയ്യുവാൻ ഞാൻ ഒട്ടും തന്നെ മടിക്കുന്നില്ല.

വൈദ്യൻ അവർകൾ എൻെറ സുഖക്കേടിനെ വിജയകരമായി ചികിത്സിച്ചു സൗഖ്യപ്പെടുത്തിയതിൽ എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞതയെ പ്രകാശിപ്പിക്കുന്നതിനും ഈ സന്ദർഭം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. കൂടാതെ ആയുർവ്വേദ ഔഷധങ്ങളെ സംബന്ധിച്ചു വൈദ്യൻ അവിശ്രാന്തം നടത്തിക്കൊണ്ടിരിക്കുന്ന നിരീക്ഷണപരീക്ഷണങ്ങളിലുള്ള വിജയങ്ങൾക്കുവേണ്ടിയും അങ്ങയെ ഞാൻ അനുമോദിച്ചുകൊള്ളുന്നു.

നിങ്ങളുടെ വിശ്വസ്തമിത്രം,
വി. കെ. നമ്പൂതിരി (ഒപ്പ്)
റിട്ട: ആർമി മേജർ, ഹരിപ്പാട്ട്.

*

K. V. THOMAS, Pathanamthitta,
Kumbakuzhi Estate, 12—2—59.
Kadammanitta.

To
Sri. S. S PILLAI;
Vijaya Pharmacy,
Mavelikara. Kerala.

താങ്കളുടെ "ശശാങ്ക" ഗുളിക ഞാനും എന്നെപ്പോലെയുള്ള വേറെ രണ്ടു പ്രമേഹരോഗികളും സേവിച്ചതിൻെറ ഫലമായി ഞങ്ങൾ സൗഖ്യം ഉള്ളവരായിത്തീർന്നിരിക്കുന്നു. ആയതിനാൽ താങ്കളുടെ ഗുളിക ഞങ്ങളെപ്പോലെയുള്ള അനേകായിരം പ്രമേഹരോഗികൾ സേവിച്ച് സൗഖ്യം പ്രാപിക്കുവാൻ ഞങ്ങൾ ശുപാർശചെയ്യുന്നു.

എന്നു്, വിശ്വസ്തൻ,
കെ. വി. തോമ്മസ് (ഒപ്പ്)

# എല്ലായിനം ജൗളിത്തരങ്ങൾക്കും

# ★ ലക്ഷ്മണാ ★

## ടെക്സ്റ്റയിൽസ്

## ചങ്ങനാശേരി.

## H. O. കായങ്കുളം Br: കൊല്ലം & ബോംബെ.



ശരീരപുഷ്ടിയും, ആരോഗ്യവും, ആഗ്രഹിക്കുന്നവർ
സ്ത്രീപുരുഷഭേദമെന്യേ ഞങ്ങളുടെ ലോകപ്രസിദ്ധമായ

## "ജീവകല്പരസായനം" ഉപയോഗിക്കുക!




ശരീരശോഷം, നിദ്രാഭംഗം, നാഡിദൗർബല്യം, ചുമ, നെഞ്ചുവേദന, ഒച്ചയടപ്പ്, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, ഗ്യാസ് ട്രബിൾ, മലബന്ധം, ദേഹനക്ഷറവ് ഇവകളെ മാററി ശരീരത്തെ പുഷ്ടിപ്പെടുത്തും.

ഏതുവിധ രോഗങ്ങളാലും ക്ഷീണിച്ചവർക്ക് ഈ
★ ജീവകല്പ രസായനം ★ അത്യാവശ്യമാണ്.

പ്രസവാനന്തരം സ്ത്രീകളുടെ ആരോഗ്യം വീണ്ടെടുക്കുവാൻ അത്യുത്തമം.
ഉപയോഗക്രമങ്ങളുടെ വിവരം മരുന്നിനോടൊന്നിച്ച് ഉണ്ടായിരിക്കുന്നതാണ്.

**മെൻസോൾ ഫോർട്ട്** - സ്ത്രീലോകത്തിന് ഉത്തമ സുഹൃത്ത്.
ഗർഭിണികൾ ഉപയോഗിക്കരുത്,
ഗർഭാശയം ശുദ്ധമാക്കും.

സ്റ്റോക്കിസ്റ്റ്സ്— ചങ്ങനാശേരി 1. യുണൈറഡ് മെഡിക്കൽ സ്റ്റോഴ്സ്, 2 കൊട്ടാരം & കമ്പനി 3 മോഹനാ മെഡിക്കൽസ്റ്റോഴ്സ്, കായംകുളം, 4 ജൂപ്പിററർ മെഡിക്കൽ സ്റ്റോഴ്സ്, 5 ജോൺസൺ മെഡിക്കൽ സ്റ്റോഴ്സ്, 6 ന്യൂ കൊളമ്പോ ഫാർമസി, പത്തനംതിട്ട. 7 ഉമ്മൻ തോമ്മസ് & കമ്പനി, റാന്നി. 8 ജനതാ മെഡിക്കൽ സ്റ്റോർ, തൃശ്ശൂർ. 9 സെൻറ് തോമ്മസ് മെഡിക്കൽ സ്റ്റോർ, റാന്നി–പെരുനാട്, 10 സാംസ് മെഡിക്കൽ ഹാൾ, ഓച്ചിറ. 11 പല്ലൻ എ. അന്തോണി, ഇംഗ്ലീഷ് ഔഷധശാല. പോസ്റ്റാഫീസ് റോഡ്, തൃശ്ശൂർ 12 രാമകൃഷ്ണാ & കമ്പനി, ആലപ്പുഴ, 13 എ അബ്ദുൾഖാദർ, ഇംഗ്ലീഷ് ഔഷധശാല, പുനലൂർ 14 വെസ്റ്റേൺ മെഡിക്കൽ സ്റ്റോഴ്സ്, കൊല്ലം. 15 യുണൈറഡ് മെഡിക്കൽഹാൾ, മാവേലിക്കര. 16 യൂണിവേഴ്സൽ മെഡിക്കൽ സ്റ്റോഴ്സ്, കായംകുളം. 17 മല്ലയ്യം മെഡിക്കൽഹാൾ, അടൂർ 18 പാറപ്പാട്ട മെഡിക്കൽസ്റ്റോഴ്സ്, ചെങ്ങന്നൂർ 19 മുരുകൻ മെഡിക്കൽ സ്റ്റോഴ്സ്, ഹരിപ്പാട് 20 കെ. ററി. ജോർജ് & സൺസ്, തിരുവല്ലം 21 സെൻറ് തോമ്മസ് മെഡിക്കൽ ഹാൾ, പൊൻകുന്നം. 22 സി. കണ്ണയ്യാനായിഡു & സൺസ്, കൊല്ലം. 23 പോൾസൺ മെഡിക്കൽ സ്റ്റോഴ്സ്, കുന്നംകുളം.

കൂടാതെ എല്ലാ പ്രധാനപ്പെട്ട മെഡിക്കൽ സ്റ്റോറുകളിൽനിന്നും കിട്ടുന്നതാണ്.

Sole Distributors:- V. P. ക്ക് 2 രൂപാ അഡ്വാൻസുസഹിതം ആവശ്യപ്പെടുക.

**T. A. V. & Co., Alaramapuram P. O., Kerala**

സ്വർണ്ണാഭരണങ്ങൾ അലങ്കാരത്തിനു മാത്രമല്ലാ ഒരു കരുതൽ സമ്പത്തു കൂടിയാണു്. അതു് ഏവർക്കും നിഷ്പ്രയാസം കരസ്ഥമാക്കാൻ ഒരു അസുലഭസന്ദർഭം ഇതാ കൈവന്നിരിക്കുന്നു.

രാധാകൃഷ്ണാ—

**2-ാമത്തു് സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറു പദ്ധതി**

**വീണ്ടും ഉടനെ ആരംഭിക്കുന്നു.**

പൊതുജനങ്ങളുടെ സൗകര്യാർത്ഥം കുബേര കുചേല വ്യത്യാസമെന്യേ ഏവർക്കും ഒരുപോലെ ചേരാവുന്നതും പ്രയോജനപ്പെടുത്താവുന്നതുമായ വെറും 5 രൂപാ അടച്ചു് മികച്ചതും ആകർഷണീയവും പൂർണ്ണ ഉത്തരവാദിത്വം ഉള്ളതുമായ 150 രൂപാ വിലവരുന്ന സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുവിൻ!

**നറുക്കു വീണാൽ വീണ്ടും പണം അടയ്ക്കാതെ ഉരുപ്പടി സമ്പാദിക്കാം**

കൂടുതൽ വ്യവസ്ഥകൾക്കും മററും 15 നയാപൈസാ സ്റ്റാമ്പു സഹിതം അപേക്ഷിക്കുക

# കെ. വി. ടി. ചിട്ടിഫണ്ടു്

മുട്ടം ബസാർ, ചേർത്തല P. O.,
കേരളം.

പ്രൊപ്രൈറ്റർ:— കെ. വി. തങ്കപ്പൻ